
കെ.സി. വേണു

# അറിയാനുള്ള അ
# വികസിത ജനാധിപ

വികസനത്തിനായി നാം ചെലവഴിക്കുന്ന ഒരു രൂപയിൽ പതിനഞ്ച് പൈസ മാത്രമേ യഥാർഥത്തിൽ അതിനായി വിനിയോഗിക്കപ്പെടുന്നുള്ളുവെന്ന് പഞ്ചായത്ത് രാജ് ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കവെ മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധി ലോകസഭയിൽ പറയുകയുണ്ടായി. അറിയാനുള്ള അവകാശബില്ല് 2004ന്റെ ചർച്ചയിൽ സംസാരിച്ച ലോകസഭാംഗം മിലിങ് ദിയോറ ചൂണ്ടിക്കാട്ടിയത് പ്രതിവർഷം 40,000 കോടി രൂപ ദാരിദ്ര്യ നിർമാർജനത്തിനായി രാജ്യത്ത് ചെലവഴിച്ചിട്ടും മുപ്പതു കോടി ജനങ്ങൾ ഇന്നും ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്നുവെന്നാണ്. ഗ്രാമവികസനത്തിനായി സർക്കാരുകൾ ചെലവഴിക്കുന്ന തുകയിൽ സിംഹഭാഗവും വിരുതൻശങ്കുമാരുടെ പണപ്പെട്ടികളിൽ എത്തിച്ചേരുന്നു എന്ന് സാരം.

ഗ്രാമവികസത്തിനുള്ള പണം വഴിമാറിപ്പോകുന്നതുകൊണ്ടാണ് അടുത്തകാലത്ത് ഒറീസ്സയിലെ ഇരുനൂറിലേറെ പാവപ്പെട്ട ജനങ്ങൾ മാങ്ങയണ്ടിപ്പരിപ്പ് കുറുക്കി തിന്നതിനാൽ മരിക്കുവാൻ ഇടയായത്. ജോലിയില്ലാത്ത കാലത്ത് ആഹാരത്തിനു വഴിയില്ലാതെ വരുമ്പോൾ മാങ്ങയുണ്ടാകുന്ന സീസണിൽ വലിയ ഭരണികളിൽ ശേഖരിച്ചുവെയ്ക്കുന്ന മാങ്ങയണ്ടി കാമ്പ് കുറുക്കി തിന്ന് വിശപ്പടക്കുകയാണ് ഇവർ ചെയ്യുന്നത്. വികസനത്തിനുള്ള പണം അതിനായി ചെലവഴിക്കാത്തതിനാലാണ് ആന്ധ്രയിലെ ഇരുനൂറോളം പരുത്തി കർഷകർക്കും ആത്മഹത്യ ചെയ്യേണ്ടിവന്നത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇടയ്ക്കൊക്കെ ഇത്തരം വാർത്തകൾ പ്രത്യക്ഷപ്പെടാറുണ്ട്. മേൽപ്പറഞ്ഞ കാരണം കൊണ്ടു തന്നെയാണ് രാജ്യത്തെ നല്ലൊരു വിഭാഗം പാവപ്പെട്ട ജനങ്ങൾക്ക് ഭക്ഷണവും വീടും വൈദ്യസഹായവും മറ്റു പ്രാഥമിക സൗകര്യങ്ങളും നിഷേധിക്കപ്പെടുന്നത്.

ഇതിനുപുറമെയാണ് ഇന്ത്യ സ്വതന്ത്രയായതിനുശേഷം ഉണ്ടായ വൻ കുംഭകോണങ്ങൾ. പ്രധാനമന്ത്രി നെഹ്റുവിന്റെ കാലത്ത് വ്യവസായികളിൽ നിന്നും കോഴ വാങ്ങിയ ലോകസഭാംഗം മുഡ്ഗലിന്റെ കേസ്, എൽ. ഐ. സിക്ക് വ്യാജഷെയറുകൾ വിറ്റ ഹരിദാസ് മുന്ദ്ര കേസ്, വോക്സ് വാഗൻ കാർ ഇടപാട്, യൂറിയ ഇറക്കുമതി, ബൊഫോഴ്സ്, കാലിത്തീറ്റ കേസ്, ഷെയർ തട്ടിപ്പ്, മുങ്ങിക്കപ്പൽ കേസ്, ആയുധക്കരാർ ഇടപാട്, വ്യാജസ്റ്റാമ്പ് കേസ് തുടങ്ങിയവയാണ് ഓർമയിൽ വരുന്ന വൻ അഴിമതിക്കേസുകൾ. അന്വേഷണങ്ങളുടെയും തുടർ അന്വേഷണങ്ങളുടെയും പരമ്പരകൾക്കുശേഷവും ഈ അഴി



# ാവകാശ നിയമം
# ത്യത്തിലേക്കുള്ള രാജപാത

മതികളെക്കുറിച്ചുള്ള നിജസ്ഥിതി പ്രഹേളികയായിരിക്കുകയാണ്.

അഴിമതികളെക്കുറിച്ച് നേരിട്ട് വിവരം ശേഖരിക്കുന്നതിനും അന്വേഷിക്കുന്നതിനും തട്ടിപ്പുകാരെയും വെട്ടിപ്പുകാരെയും കണ്ടുപിടിച്ച് പകൽവെളിച്ചത്തു കൊണ്ടു വരുന്നതിനും നമ്മുടെ ജനാധിപത്യ ഭരണ ക്രമത്തിൽ ജനങ്ങൾക്ക് അവകാശമോ പ്രായോഗിക സൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. അതിനു കാരണം ബ്രിട്ടീഷ് കോളണി ഭരണത്തിൻ കീഴിൽ രൂപപ്പെടുത്തിയ ഔദ്യോഗിക രഹസ്യ നിയമം (1923) ഇവിടെ നിലനില്ക്കുന്നു എന്നതാണ്. സർക്കാരിന്റെ എല്ലാ ഇടപാടുകളുടെയും രേഖകൾ ഔദ്യോഗിക രഹസ്യങ്ങളാണെന്ന് വ്യാഖ്യാനിച്ചുകൊണ്ട് നിയമം ജനങ്ങൾക്കും പത്ര-മാധ്യമ പ്രവർത്തകർക്കും വിവരങ്ങൾ നൽകുന്നത് തടഞ്ഞിരുന്നു.

ഈ ദുസ്ഥിതിക്ക് മാറ്റമുണ്ടായിരിക്കുന്നു. വിവരങ്ങൾ രഹസ്യമായി വയ്ക്കുന്ന അന്തരീക്ഷത്തിൽ നിന്നും വിവരങ്ങൾ അറിയുന്നതിന് സ്വാതന്ത്ര്യമുള്ള ഒരു പുലരിയിലേക്കാണ് ഭാരതജനത ഒക്ടോബർ12 ന് ഉറക്കമുണർന്നത്. മേയ്11 ന് പാർലമെന്റ് പാസ്സാക്കിയ നിയമം, അറിയാനുള്ള അവകാശ നിയമം-2005 ഒക്ടോബർ 12 മുതൽ രാജ്യത്താകമാനം നിലവിൽ വന്നു. ഇന്ത്യൻ ഭരണഘടനയും മൗലികാവകാശങ്ങളും നിലവിൽ വന്നശേഷം നിയമരംഗത്ത് ഉണ്ടായ വിപ്ളവകരവും പുരോഗമനപരവുമായ നിയമമാണിത്. ഈ നിയമം പാസ്സാക്കി നടപ്പിലാക്കിയതിന് ഇപ്പോഴത്തെ ഐക്യ പുരോഗമന സഖ്യ സർക്കാർ അഭിനന്ദനം അർഹിക്കുന്നു. രാജ്യത്തെ സാധാരണ പൗരന്മാരെ സംബന്ധിച്ചിടത്തോളം ഇതൊരു രണ്ടാം സ്വാതന്ത്ര്യമാണെന്നു പറയുന്നതിൽ തെറ്റുണ്ടാകുമെന്ന് തോന്നുന്നില്ല. ഈ നിയമം നമ്മുടെ മൗലികാവകാശമായ ആശയ-അഭിപ്രായ [19(1)എ] സ്വാതന്ത്ര്യത്തിൽ നിന്നും ഉയിർകൊണ്ടതാണ്.

അഭിപ്രായസ്വാതന്ത്ര്യമുണ്ടെങ്കിലും വിവരങ്ങൾ അറിയാനുള്ള അവകാശമില്ലെങ്കിൽ ഒരു പൊതുകാര്യത്തെക്കുറിച്ച് എങ്ങനെ ശരിയായ അഭിപ്രായം പറയാനാകും? സർക്കാരും പൊതുസ്ഥാപനങ്ങളും എങ്ങനെ പ്രവർത്തിക്കുന്നു എന്നറിയില്ലെങ്കിൽ അവയെക്കുറിച്ച് നമുക്ക് എങ്ങനെ ആധികാരികമായ അഭിപ്രായം രൂപപ്പെടുത്താനാകും? ജനാധിപത്യ അധികാരങ്ങൾ അർത്ഥവത്തായി വിനിയോഗിക്കാനാകും? ജനാധിപത്യ ഭരണത്തിൽ സർക്കാർ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന സംവിധാനമാകയാൽ അത് എങ്ങനെ പ്രവർത്തിക്കുന്നു എന്നറിയാനുള്ള അവകാശം തീർച്ചയായും ജനങ്ങൾക്കുണ്ട്. രാജ്യത്തെ ജനങ്ങളുടെ, പ്രത്യേകിച്ച് മാധ്യമ പ്രവർത്തകരുടെ വർഷങ്ങൾ പഴക്കമുള്ള ആവശ്യമാണ് ഈ നിയമം നടപ്പിലാക്കിയതിലൂടെ സഫലീകരിക്കപ്പെട്ടിട്ടുള്ളത്. അറിയാനുള്ള അവകാശത്തിനായി അധികാര കേന്ദ്രങ്ങളിലേക്ക് കയറിച്ചെല്ലുവാൻ ധൈര്യം കാട്ടിയ രാജസ്ഥാനിലെ നിരക്ഷരരും പാർശ്വവത്കരിക്കപ്പെട്ടവരുമായ ഒരു പറ്റം ഗ്രാമീണരുടെ സംഘബോധത്തെ ഇവിടെ സ്മരിക്കേണ്ടതുണ്ട്.

അറിയാനുള്ള അവകാശ നിയമപ്രകാരം രാജ്യ താത്പര്യ സംരക്ഷണത്തിനും മറ്റുമുള്ള ചില പ്രത്യേക വിവരങ്ങൾ ഒഴികെ എല്ലാ വിവരങ്ങളും സ്വമേധയാലോ ആവശ്യപ്പെടുന്നതിനനുസരിച്ചോ എല്ലാ പൊതു അധികാരികളും പൗരന്മാർക്ക് നൽകണം. പൊതു അധികാരി എന്നാൽ ഭരണഘടനാപ്രകാരമോ ലോകസഭയോ നിയമസഭകളോ പാസാക്കിയ നിയമം വഴിയോ സർക്കാർ ഉത്തരവുകൾ വഴിയോ നിലവിൽ വന്നതോ രൂപീകരിക്കപ്പെട്ടതോ ആയ അധികാരിയോ സ്ഥാപനമോ ആണ് എന്നാണ് നിയമത്തിലെ നിർവചനം. ഇതുപ്രകാരം എല്ലാ സർക്കാർ ഓഫീസുകളും സർക്കാരിന്റെ നിയന്ത്രണത്തിലോ ഉടമസ്ഥതയിലോ ഉള്ള സ്ഥാപനങ്ങളും പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ നേരിട്ടോ അല്ലാതെയോ ഫണ്ട് നൽകുന്ന സർക്കാരിതര സംഘടനകളും മറ്റും ജനങ്ങൾ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകാൻ ബാധ്യസ്ഥമാണ്. നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥനത്തിൽ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിന് ലഭിക്കുന്ന വിവരങ്ങളും നൽകേണ്ടതാണ്. വിവരം എന്ന് നിയമത്തിൽ പറഞ്ഞിട്ടുള്ളത് ഒരു പൊതു അധികാരിക്ക് ഏതു രൂപത്തിലും ലഭിക്കാവുന്ന രേഖകൾ, പ്രമാണങ്ങൾ, കുറിപ്പുകൾ, പേപ്പറുകൾ, ഇ-മെയിലുകൾ, ഉപദേശങ്ങൾ, പത്രക്കുറിപ്പുകൾ, സർക്കുലറുകൾ, ഉത്തരവുകൾ, ലോഗ്ബുക്സ്, കരാറുകൾ, റിപ്പോർട്ടുകൾ, സാമ്പിളുകൾ, മാതൃകകൾ തുടങ്ങിയവയും ഇലക്ട്രോണിക് രൂപത്തിൽ ശേഖരിച്ചിട്ടുള്ള വിവരങ്ങളുമാണ്.

അറിയാനുള്ള അവകാശം എന്നാൽ പൊതു അധികാരിയുടെ നിയന്ത്രണത്തിൻ കീഴിലോ കൈവശമോ ഉള്ള എളുപ്പത്തിൽ ലഭ്യമാക്കാവുന്ന വിവരങ്ങൾക്കുള്ള പൗരന്മാരുടെ അവകാശമാണ്. സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ ധനസഹായം നൽകുന്ന സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള പ്രമാണങ്ങളുടെയും രേഖകളുടെയും (ഫയലും പ്രമാണവും കൈയെഴുത്ത് പ്രതിയും) പരിശോധന, അവയുടെ കുറിപ്പടികളും ഭാഗങ്ങളും എടുക്കൽ, സാക്ഷ്യപ്പെടുത്തിയ കോപ്പികൾ എടുക്കൽ, ഏത് പദാർഥത്തിന്റെയും സാക്ഷ്യപ്പെടുത്തിയ സാമ്പിളുകൾ എടുക്കൽ, കംപ്യൂട്ടറിലോ അതുപോലുള്ള മറ്റു സംവിധാനങ്ങളിലോ ശേഖരിച്ചുവെച്ചിട്ടുള്ള വിവരങ്ങൾ, ഡിസ്ക്കുകൾ, ഫ്ളോപ്പികൾ, ടേപ്പുകൾ, വീഡിയോ കാസെറ്റുകൾ മുതലായ രൂപത്തിൽ പകർത്തിയെടുക്കൽ എന്നിവ ഈ അവകാശത്തിൽപ്പെടുന്നു.

രാജ്യതാത്പര്യത്തിന് വിരുദ്ധമായ കാര്യങ്ങൾ, കോടതി വിലക്കുള്ള കാര്യങ്ങൾ, നിയമ നിർമാണ സഭകളുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനമായി കണക്കാക്കുന്ന വിവരങ്ങൾ, അന്വേഷണ നടപടികൾ തടസ്സപ്പെടുത്തുന്ന വിവരങ്ങൾ, വ്യക്തിയുടെ ജീവനോ സുരക്ഷയോ അപകടത്തിലാക്കുന്ന വിവരങ്ങൾ, മന്ത്രിസഭാ തീരുമാനത്തിനു വരുന്ന കുറിപ്പുകൾ, ചർച്ചകൾ സംബന്ധിച്ച രേഖകൾ, സ്വകാര്യതയിൽ കടന്നുകയറുന്ന വ്യക്തിപരമായ വിവരങ്ങൾ എന്നിവയാണ് ജനങ്ങൾക്ക് നൽകുന്നതിൽ നിന്നും നിയമത്തിൽ ഒഴിവാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഈ ഒഴിവാക്കലുകൾ തീർത്തും പൂർണമാണെന്ന് പറയാൻ കഴിയില്ല. പൊതുതാത്പര്യത്തിനാണ് മുൻതൂക്കമെങ്കിൽ പൊതു അധികാരിക്ക് അവ വെളിപ്പെടുത്തുവാനുള്ള വിവേചനാധികാരവുമുണ്ട്. ഒഴിവാക്കപ്പെട്ടിട്ടുള്ള ചില വിവരങ്ങൾ അപേക്ഷ നൽകി 20 വർഷത്തിനുശേഷം ലഭിക്കുവാനും പൗരന് അവകാശമുണ്ട്. പ്രത്യേക വിവരങ്ങൾ ജനങ്ങൾക്ക് നൽകുന്നതിൽനിന്നും ഒഴിവാക്കിയിട്ടുള്ളതുപോലെ രഹസ്യ അന്വേഷണ-സുരക്ഷ, ഇന്റലിജൻസ് കാര്യങ്ങൾ നോക്കുന്ന സ്ഥാപനങ്ങളെയും അവരുടെ അന്വേഷണ വിവരങ്ങൾ

നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ അഴിമതി ആരോപണങ്ങളെക്കുറിച്ചും മനുഷ്യാവകാശലംഘനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങളാണ് ആവശ്യപ്പെടുന്നതെങ്കിൽ അവ നൽകാൻ ഈ സ്ഥാപനങ്ങളും ബാധ്യസ്ഥരാണ്. മനുഷ്യാവകാശ ലംഘനത്തെക്കുറിച്ചുള്ള വിവരങ്ങളാണെങ്കിൽ അത് ഇൻഫർമേഷൻ കമ്മീഷന്റെ അനുമതിയോടെ നാല്പത്തിയഞ്ചു ദിവസത്തിനകം നൽകണം.

നിയമം അനുസരിച്ച് പൊതു അധികാരസ്ഥാപനങ്ങൾ അവയുടെ എല്ലാ റെക്കോർഡുകളും രേഖകളും ക്രമമായി അടുക്കി നമ്പരിട്ട് സൂക്ഷിക്കണം. ന്യായമായ കാലാവധിക്കുള്ളിൽ അവ കംപ്യൂട്ടറിലാക്കി നെറ്റ്‌വർക്കിലൂടെ രാജ്യത്ത് എല്ലായിടത്തും കിട്ടത്തക്കവിധം സജ്ജമാക്കണം. ഓരോ സർക്കാർ സ്ഥാപനവും അതിന്റെ പേരുവിവരം, പ്രവർത്തനം, ചുമതലകൾ, അധികാരങ്ങൾ, തീരുമാനമെടുക്കുന്ന രീതികൾ, പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിലെ കീഴ്‌വഴക്കങ്ങൾ, ചട്ടങ്ങൾ, നിയന്ത്രണങ്ങൾ, നിർദേശങ്ങൾ, മാനുവൽസ്, റെക്കോർഡ്സ്, പക്കലുള്ള രേഖകളുടെ സ്വഭാവം തുടങ്ങിയ കാര്യങ്ങൾ മാതൃഭാഷയിൽ പൊതുജനങ്ങൾക്ക് എളുപ്പത്തിൽ മനസിലാകും വിധം, ലഘുപുസ്തകങ്ങളായി അച്ചടിച്ച് വിതരണം ചെയ്യണം.

വിവരങ്ങൾ അന്വേഷിക്കുന്നവർക്ക് അവ ലഭ്യമാക്കാൻ വേണ്ടത്ര പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെ ഭരണ വിഭാഗങ്ങളിലും അതിനു കീഴിലുള്ള ഓഫീസുകളിലും നിയമിക്കണം. സബ് ഡിവിഷണൽ തലത്തിൽ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും നിയമിക്കേണ്ടതാണ്. അപേക്ഷകൾ സ്വീകരിക്കേണ്ടതും വിവരം നൽകേണ്ടതും പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരാണ്. 10 രൂപ ഫീസോടുകൂടിയ അപേക്ഷകൾ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കോ അസി. പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കോ സമർപ്പിക്കണം. അപേക്ഷകന് എഴുതാൻ കഴിയില്ലെങ്കിൽ അപേക്ഷ തയ്യാറാക്കാൻ ഇവർ സഹായിക്കേണ്ടതാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ ഫീസ് നൽകേണ്ടതില്ല. അപേക്ഷകൻ വിവരം തേടുന്നത് എന്തിനാണെന്ന് വെളിപ്പെടുത്തേണ്ടതില്ല. മേൽവിലാസമല്ലാതെ വ്യക്തിപരമായ വിശദാംശങ്ങളും നൽകേണ്ടതില്ല. അപേക്ഷകൾ വാങ്ങി പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകുന്ന ജോലിയേ അസി. പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കുള്ളൂ. അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വിവരം നൽകണം. വ്യക്തിയുടെ ജീവനെയോ സുരക്ഷയെയോ ബാധിക്കുന്ന വിവരമാണ് ആവശ്യപ്പെടുന്നതെങ്കിൽ അത് 48 മണിക്കൂറിനകം നൽകിയിരിക്കണം. അപേക്ഷകന് വിവരം നൽകാൻ കഴിയുന്നില്ലെങ്കിൽ അതിനുള്ള കാരണവും അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള കാലയളവും അപ്പീൽ അധികാരിയുടെ വിവരങ്ങളും അപേക്ഷകനെ അറിയിക്കേണ്ടതാണ്. പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് തന്റെ കൃത്യനിർവഹണത്തിന് ഏത് ഉദ്യോഗസ്ഥന്റെയും സഹായം തേടാം. നിശ്ചിത സമയപരിധിക്കുള്ളിൽ വിവരം നൽകുന്നില്ലെങ്കിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് 250 രൂപയോ അതിൽ കൂടുതലോ പിഴ ശിക്ഷ ലഭിക്കാം.

**സ്വേച്ഛയായും രഹസ്യമായും പ്രവർത്തിക്കുന്നത് ജനാധിപത്യമല്ല; അത് രാജഭരണമാണ്. ജനാധിപത്യ ഭരണക്രമത്തിൽ സദാ അറിഞ്ഞുകൊണ്ടിരിക്കുകയും ഉണർന്നിരിക്കേണ്ടതുമായ ജനതയാണ് ഉണ്ടാകേണ്ടത്.**

ആവശ്യപ്പെടുന്ന വിവരം ലഭിക്കുന്നില്ലെങ്കിലോ അപൂർണവും അവാസ്തവവുമായ വിവരമാണ് കിട്ടുന്നതെങ്കിലോ പൗരന് രണ്ടുതലത്തിൽ അപ്പീൽ പോകാം. ആദ്യത്തെ അപ്പീൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഉയർന്ന റാങ്കിൽ അപ്പീൽ സ്വീകരിക്കുന്നതിന് നിയുക്തനായ ഉദ്യോഗസ്ഥന്, പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ തീരുമാനം ലഭിച്ച് 30 ദിവസത്തിനകം നൽകണം. അപ്പീൽ ഹർജിക്കാരന് യഥാസമയം അത് നൽകാൻ കഴിയാഞ്ഞത് മതിയായ കാരണങ്ങൾ മൂലമാണെന്ന് ബോദ്ധ്യമാകുന്നപക്ഷം പ്രസ്തുത ഉദ്യോഗസ്ഥന് കാലപരിധിക്ക് ശേഷം ലഭിക്കുന്ന അപ്പീലും സ്വീകരിക്കാവുന്നതാണ്. ആദ്യ അപ്പീൽ തീരുമാനത്തിനെതിരെ 90 ദിവസത്തിനുള്ളിൽ രണ്ടാമത്തെ അപ്പീൽ ഇൻഫർമേഷൻ കമ്മീഷന് സമർപ്പിക്കണം. അപ്പീലിനും ചെറിയൊരു ഫീസ് നൽകേണ്ടതുണ്ട്. നിയമം നടപ്പിൽ വരുത്തുന്ന അധികാരസ്ഥാനം ഇൻഫർമേഷൻ കമ്മീഷനാണ്. ഇലക്ഷൻ കമ്മീഷനെപ്പോലെ സ്വതന്ത്രമായ സ്ഥാപനമാണിത്. വിവര അവകാശവുമായി ബന്ധപ്പെട്ട അന്വേഷണം നടത്തുമ്പോൾ സിവിൽ കോടതിയുടെ അധികാരങ്ങൾ കമ്മീഷനിൽ നിക്ഷിപ്തമാണ്. ഈ നിയമം അനുസരിച്ച് പാസ്സാക്കുന്ന ഉത്തരവുകളൊന്നും കോടതികളിൽ ചോദ്യം ചെയ്യാൻ പാടുള്ളതല്ല. നിയപ്രകാരമുള്ള അപ്പീലുകളിൽ മാത്രമേ ചോദ്യം ചെയ്യാനാവൂ. നിലവിലുള്ള മറ്റു നിയമങ്ങളിൽ ഈ നിയമത്തിനു വിരുദ്ധമായി എന്തൊക്കെയുണ്ടായിരുന്നാലും ഇതിലെ വകുപ്പുകൾക്ക് മുൻഗണനയുണ്ടായിരിക്കും. ഈ നിയമം എല്ലാ സംസ്ഥാനങ്ങൾക്കും ഒരുപോലെ ബാധകവുമാണ്.

ഭരണം സുതാര്യമാക്കുന്നതിനും സർക്കാരിന് ജനങ്ങളോടുള്ള പ്രതിബദ്ധത വർദ്ധിപ്പിക്കുന്നതിനും വേണ്ടി രൂപം നൽകിയിട്ടുള്ള ഈ നിയമം പൊതുജനങ്ങൾക്ക് നൽകുന്ന സാധ്യതകൾ അനന്തമാണ്. വിവരങ്ങളും അറിവുകളും ലഭിക്കുന്നതിലൂടെ സർക്കാരിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും തീരുമാനങ്ങളിലും നയരൂപീകരണങ്ങളിലും സ്വാധീനം ചെലുത്തുന്നതിനും ജനങ്ങൾക്കു കഴിയും. അഴിമതിയും സ്വജനപക്ഷപാതവുമെല്ലാം കുറയും. രാജ്യത്ത് കൂടുതൽ ജനപങ്കാളിത്തത്തോടെയുള്ള വികസനമുണ്ടാകും. പൊതുകാര്യങ്ങളിൽ ആധികാരികമായ വിവരം ലഭിക്കുന്നതോടെ ശരിയായ ദിശയിലുള്ള പൊതുജനാഭിപ്രായങ്ങൾ ഉയർന്നുവരും. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സർക്കാർ സദാ ജാഗരൂകമാകും. വിവരങ്ങൾ കൃത്യമായി ശേഖരിച്ചുവയ്ക്കുന്നതിനാൽ ഓഫീസുകളുടെ പ്രവർത്തനവും കാര്യക്ഷമമാകും. അർത്ഥപൂർണമായ ജനാധിപത്യ വികസനത്തിന് ഇത് വഴി തുറക്കും.

സ്വേച്ഛയായും രഹസ്യമായും പ്രവർത്തിക്കുന്നത് ജനാധിപത്യമല്ല; അത് രാജഭരണമാണ്. ജനാധിപത്യ ഭരണക്രമത്തിൽ സദാ അറിഞ്ഞുകൊണ്ടിരിക്കുകയും ഉണർന്നിരിക്കേണ്ടതുമായ ജനതയാണ് ഉണ്ടാകേണ്ടത്. നിയമം പാസായതുകൊണ്ടുമാത്രമായില്ല. നിയമത്തിനുമാത്രമായി അത്ഭുതങ്ങളൊന്നും കാണിക്കാനാവില്ല. നിയമനിർമാണത്തിൽ നാം കൈവരിച്ച വിജയം അതിന്റെ നടത്തിപ്പിലും നേടേണ്ടതുണ്ട്. സത്യസന്ധമായി നിയമം നടപ്പിലാക്കുവാൻ ഉദ്യോഗസ്ഥരും അതിലെ വ്യവസ്ഥകൾ പ്രയോജനപ്പെടുത്തുവാൻ ജനങ്ങളും തയ്യാറായാലേ ഉദ്ദേശിക്കുന്ന ഫലമുണ്ടാകൂ. നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ ഉദ്യോഗസ്ഥർ അവരുടെ മനഃസ്ഥിതിയിൽ മാറ്റം വരുത്തണം. ഔദ്യോഗിക രഹസ്യങ്ങളുടെ കാവൽക്കാർ എന്ന റോളിൽ നിന്നും വിവരങ്ങളുടെ അടഞ്ഞ വാതിലുകൾ ജനങ്ങൾക്ക് മലർക്കെ തുറന്നു കൊടുക്കുന്നവരായി അവർ മാറേണ്ടതുണ്ട്. ജനങ്ങളെയും സർക്കാരിനെയും സൗഹൃദമായി മുഖാമുഖം അടുപ്പിച്ചുകൊണ്ടുവരുന്നവരായി ഉദ്യോഗസ്ഥർ മാറണം.

നിയമം ഫലപ്രദമാക്കുന്നതിൽ സർക്കാർ സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും സന്നദ്ധസംഘടനകളുടെയും മാധ്യമങ്ങളുടെയും പങ്ക് പരമപ്രധാനമാണ്. നിയമത്തെക്കുറിച്ചുള്ള ചർച്ചകൾ സന്നദ്ധസംഘടനകൾ ആവോളം ഏറ്റെടുക്കണം. പുതിയ നിയമം നമുക്ക് തുറന്നു തരുന്ന സ്വാതന്ത്ര്യത്തെക്കുറിച്ച് മാധ്യമങ്ങൾ ജനങ്ങളെ പഠിപ്പിക്കണം. കാരണം ഏതൊരു നിയമത്തിന്റെയും ജയപരാജയങ്ങൾ തീരുമാനിക്കുന്നത് നിയമത്തെക്കുറിച്ചുള്ള ജനങ്ങളുടെ ബോധമാണ്. നിക്ഷിപ്തതാത്പര്യക്കാർ നിയമത്തെ അട്ടിമറിക്കാൻ ശ്രമിക്കും എന്ന് പറയേണ്ടതില്ല. ഇതിനെതിരെ ജാഗ്രത പുലർത്തി നിയമം കാര്യക്ഷമമായി നടപ്പിലാക്കുവാൻ പരിശ്രമിക്കേണ്ടത് പൊതുജനങ്ങളും അവരുടെ പ്രസ്ഥാനങ്ങളുമാണ്. ■

കെ.ജി പരമേശ്വരൻനായർ



# കേരളപ്പിറവിയിലേക്ക് ഒരു തിരിഞ്ഞുനോട്ടം

കേരളപ്പിറവിയിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ അതിലൊരു അസാധാരണത്വം ദർശിക്കാനാകും. ശ്രീപരശുരാമൻ മഴുവെറിഞ്ഞ് കടലകറ്റി സൃഷ്ടിച്ചതാണ് കേരളം എന്നാണല്ലോ സങ്കല്പം. ആ വിധത്തിലൊരു പ്രദേശം ഭൂമിയിൽ മറ്റെവിടെയെങ്കിലും ഉണ്ടായതായി കേട്ടുകേൾവിയില്ല. അതിനാൽ ആ സങ്കല്പത്തിലുമുണ്ട് ഒരസാധാരണത്വം. പക്ഷേ അതൊരു ഐതിഹ്യം മാത്രം.

എന്നാൽ യഥാർത്ഥ കേരളത്തിന്റെ–കേരള സംസ്ഥാനത്തിന്റെ–പിറവിയെ സംബന്ധിച്ചുമുണ്ടൊരു അസാധാരണത്വം. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയിൽ നടന്ന സംസ്ഥാന പുന:സംഘടന അനുസരിച്ച് 1956 നവംബർ ഒന്നിന് കേരളസംസ്ഥാനം രൂപീകൃതമായത് രാഷ്ട്രപതിഭരണത്തിലായിരുന്നു. ഐതിഹ്യാധിഷ്ഠിതമായ കേരളത്തിന്റെ സൃഷ്ടിയിലെന്നപോലെ നവകേരളത്തിന്റെ സൃഷ്ടിയിലുമുണ്ടായി ഒരു 'മഴുപ്രയോഗം'. പഴയ തിരുവിതാംകൂറിന്റെ പാറശാലയ്ക്ക് തെക്കുള്ള ഭാഗം അടർത്തിമാറ്റിയും കർണാടകത്തിൽ നിന്ന് കാസർഗോഡിനെ അടർത്തിയെടുത്ത് കൂട്ടിച്ചേർത്തുമായിരുന്നല്ലോ നവകേരളത്തിന്റെ സൃഷ്ടി.

രാഷ്ട്രപതിഭരണത്തിലായിരുന്നു കേരള സംസ്ഥാനം നിലവിൽ വന്നതെന്നുള്ളത് ഇതര സംസ്ഥാനങ്ങളുടെ രൂപീകരണം സംബന്ധിച്ച് ഇല്ലാതിരുന്ന ഒരു സ്ഥിതിവിശേഷമാണ്. അതിനൊരു പശ്ചാത്തലമുണ്ട്. തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിച്ചുകൊണ്ട് തിരു-കൊച്ചി സംസ്ഥാനം 1949 ജൂലൈ ഒന്നിന് നിലവിൽ വന്നിരുന്നു. അന്ന് തിരുവിതാംകൂർ മഹാരാജാവായിരുന്ന ചിത്തിര തിരുനാൾ ബാലരാമവർമയെ 'രാജപ്രമുഖൻ' പദവി നല്കി തിരു-കൊച്ചി സംസ്ഥാനത്തിന്റെ തലവനുമാക്കി. അന്ന് ഭരണകക്ഷിയായിരുന്ന കോൺഗ്രസിലെ അന്തഃഛിദ്രം നിമിത്തം മന്ത്രിസഭകൾക്കൊന്നിനും കാലാവധി പൂർത്തിയാക്കാനായില്ല. ഏഴുവർഷത്തിനുള്ളിൽ അധികാരത്തിൽ വന്ന അഞ്ച് മന്ത്രിസഭകൾക്കും (പറവൂർ ടി.കെ.നാരായണപിള്ള, എ.ജെ. ജോൺ, സി. കേശവൻ, പട്ടം താണുപിള്ള, പനമ്പിള്ളി ഗോവിന്ദമേനോൻ എന്നിവരുടെ മന്ത്രിസഭകൾ) ആ ദുർഗതിയുണ്ടായി. 1956 മാർച്ച് 23ന് പനമ്പിള്ളി മന്ത്രിസഭ വീണതോടെ മറ്റൊരു മന്ത്രിസഭാരൂപീകരണം സാധ്യമല്ലെന്ന് കണ്ട് അന്ന് നിയമസഭ പിരിച്ചുവിടുകയും ചരിത്രത്തിലാദ്യമായി തിരു-കൊച്ചി സംസ്ഥാനത്ത് രാഷ്ട്രപതി ഭരണം ഏർപ്പെടുത്തുകയുമുണ്ടായി. ആ രാഷ്ട്രപതി ഭരണമാണ് നവകേരളപ്പിറവിയുടെ സമയത്ത് നിലനിന്നിരുന്നത്.

അസാധാരണത്വങ്ങൾ നവകേരളത്തിന്റെ പിറവിയിൽ മാത്രമല്ല, അതിന്റെ ആദ്യ ദശകത്തിലും കുറവായിരുന്നില്ല. ആ ദശകത്തിന്റെ തുടക്കത്തിൽത്തന്നെ രാജവാഴ്ചയുടെ അവശേഷിപ്പ് നിശ്ശേഷമില്ലാതായി. ചിത്തിരതിരുനാൾ മഹാരാജാവിന്റെ രാജപ്രമുഖൻ പദവി നിറുത്തലാക്കപ്പെട്ടു. ആ സംസ്ഥാനത്ത് സംസ്ഥാനതലവനായി ഗവർണർ നിയമിതനായി. അപ്പോഴായിരുന്നു കേരളനിയമസഭയുടെയും പിറവി. അതിനുവേണ്ടി 1957 ഫെബ്രുവരി–മാർച്ച് മാസങ്ങളിലായി നടന്ന കേരളത്തിലെ ആദ്യത്തെ തിരഞ്ഞെടുപ്പിൽ അതുവരെ പ്രബലകക്ഷിയായിരുന്ന കോൺഗ്രസിനെ പിന്നിലാക്കിക്കൊണ്ട് അവിഭക്ത കമ്മ്യൂണിസ്റ്റു പാർട്ടി ഭൂരിപക്ഷം നേടിയത് അന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ അപ്രതീക്ഷിതവും അസാധാരണവുമായ ഒരു രാഷ്ട്രീയ സംഭവമായിരുന്നു. തുടർന്ന് നിലവിൽ വന്ന കേരളനിയമസഭ കേരളപ്പിറവിയുടെ സമയത്ത് നിലനിന്നിരുന്ന രാഷ്ട്രപതി ഭരണത്തിന് തിരശ്ശീലയിടുകയും ചെയ്തു.

ഒരു വിപ്ലവപ്പാർട്ടിയായ കമ്മ്യൂണിസ്റ്റു പാർട്ടി ബാലറ്റ് പെട്ടിയുടെ അധികാരത്തിലേറുക എന്നത് അസാധാരണമോ അസംഭവ്യമോ എന്ന് പൊതുവെ കരുതപ്പെട്ടിരുന്ന കാലഘട്ടത്തിലായിരുന്നു ആ പാർട്ടി ആദ്യമായി (1957 ഏപ്രിൽ 5ന്) കേരളത്തിൽ അധികാരത്തിൽ വന്നത്. അതുകൊണ്ടുതന്നെ ആ



**ഐതിഹ്യാധിഷ്ഠിതമായ കേരളത്തിന്റെ സൃഷ്ടിയിലെന്ന പോലെ നവകേരളത്തിന്റെ സൃഷ്ടിയിലുമുണ്ടായി ഒരു 'മഴുപ്രയോഗം'. പഴയ തിരുവിതാംകൂറിന്റെ പാറശാലയ്ക്ക് തെക്കുള്ള ഭാഗം അടർത്തിമാറ്റിയും കർണാടകത്തിൽ നിന്ന് കാസർഗോഡിനെ അടർത്തിയെടുത്ത് കൂട്ടിച്ചേർത്തുമായിരുന്നല്ലോ നവകേരളത്തിന്റെ സൃഷ്ടി.**

അധികാരാരോഹണം ആഗോളശ്രദ്ധ പിടിച്ചുപറ്റിയ അസാധാരണ ചരിത്രസംഭവവുമായി. അതുപോലെതന്നെ ശ്രദ്ധേയമായി കേരളത്തിൽ അവിഭക്തകമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഏകകക്ഷിഭരണത്തിന്റെ ചരിത്രം ഒരൊറ്റ മന്ത്രിസഭയുടേതുമാത്രമായി എന്നുള്ളതും. കേരളത്തിലെ പ്രഥമ മന്ത്രിസഭയായ ആ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റിനെ അവിശ്വാസ പ്രമേയത്തിലൂടെയല്ലാതെ, വിമോചന സമരമെന്ന് വിശേഷിപ്പിക്കപ്പെട്ട ഒരു സമര മാർഗത്തിലൂടെ അന്നത്തെ കേന്ദ്രഭരണകൂടത്തെക്കൊണ്ട് 1959 ജൂലൈ 31ന് അധികാരത്തിൽ നിന്നും നിഷ്കാസനം ചെയ്യിച്ചതും ചരിത്രത്തിലെ അസാധാരണമായൊരു ഏടാണ്. ആ ഗവൺമെന്റ് ഭൂപരിഷ്കരണവും വിദ്യാഭ്യാസവും ലക്ഷ്യമാക്കി ചില നിയമ നിർമാണങ്ങൾക്ക് തുടക്കം കുറിച്ചതായിരുന്നല്ലോ വിമോചന സമരത്തിന് തിരികൊളുത്തിയത്. എന്നാൽ ആ നിയമ നിർമാണങ്ങൾ പിൽക്കാലത്ത് ആ രണ്ട് മേഖലകളിലും പുരോഗമനപരമായ ചില നിയമനിർമാണങ്ങൾക്ക് വഴികാട്ടിയായി എന്നുള്ളത് ആ മന്ത്രിസഭയുടെ നിഷ്കാസനത്തെ ചൂഴ്ന്നു നിന്ന അസാധാരണത്വത്തെ കൂടുതൽ ശ്രദ്ധേയമാക്കുകയുണ്ടായി. പിൽക്കാലത്ത് മന്ത്രിസഭകളുടെ അകാലചരമം ഒരു സാധാരണ സംഭവമായിത്തീർന്നുവെങ്കിലും കേരളത്തിലെ ആദ്യത്തെ മന്ത്രിസഭയ്ക്ക് എന്തുകാരണത്താലായാലും കാലാവധി പൂർത്തിയാക്കാനാകാതായത് അന്നത്തെ സാഹചര്യത്തിൽ ഒരു അസാധാരണ സംഭവമായിട്ടാണ് പൊതുവെ കരുതപ്പെട്ടത്.

കേരളത്തിൽ ആദ്യത്തെ ഇടക്കാല തിരഞ്ഞെടുപ്പു നടന്നതും ഈ ഘട്ടത്തിലായിരുന്നു. കേരളത്തിലെ ആദ്യത്തെ മന്ത്രിസഭയും നിയമസഭയും കാലാവധി തീരുന്നതിനു മുമ്പ് പിരിച്ചുവിടപ്പെട്ട സാഹചര്യത്തിലായിരുന്നു ഇടക്കാല തെരഞ്ഞെടുപ്പ് അനിവാര്യമായത്. 1960 ഫെബ്രുവരിയിൽ നടന്ന ആ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്–പി.എസ്.പി. – മുസ്ലീം ലീഗ് സഖ്യം ഭൂരിപക്ഷം നേടി. കേരളത്തിൽ ഇദംപ്രഥമമായി രൂപംകൊണ്ട രാഷ്ട്രീയ മുന്നണിയായിരുന്നു ആ സഖ്യം. ഏതാണ്ട് രണ്ടു വർഷത്തെ ആയുസാണ് ആ മുന്നണിക്ക് ഉണ്ടായിരുന്നത്. മുന്നണിയിലെ വലിയ കക്ഷിയായ കോൺ ഗ്രസിന്, ഭരണ നേതൃത്വം മുന്നണിയിലെ രണ്ടാംകക്ഷിയായ പി.എസ്.പി.ക്കും മുഖ്യമന്ത്രിപദം ആ പാർട്ടിയുടെ നേതാവ് പട്ടം താണുപിള്ളയ്ക്കും നല്കേണ്ടിവന്നതും മുന്നണിയിലെ മൂന്നാംകക്ഷിയായ മുസ്ലീംലീഗിന് ഭരണപങ്കാളിത്തം കിട്ടാതെ സ്പീക്കർ പദവികൊണ്ട് തൃപ്തിപ്പെടേണ്ടിവന്നതും കേരളപ്പിറവിയുടെ ആദ്യ ദശകചരിത്രത്തിലെ മറ്റു ചില അസാധാരണ ഏടുകളാണ്.

അന്നുവരെ അസ്വാഭാവികമെന്ന് കരുതപ്പെട്ടിരുന്ന രാഷ്ട്രീയ സംഭവങ്ങളുടെ പരമ്പര പിന്നെയും തുടർന്നു. കേരളത്തിൽ കൂട്ടുകക്ഷിഭരണത്തിന് തുടക്കവും ഏകകക്ഷിഭരണത്തിന് അന്ത്യവും കുറിച്ചത് കേരളപ്പിറവിയുടെ ആദ്യദശകത്തിൽ ഒരൊറ്റ നിയമസഭയുടെ കാലത്തായിരുന്നു. 1960 ഫെബ്രുവരി 22ന് പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ അധികാരത്തിലേറിയ കോൺഗ്രസ്–പി.എസ്.പി. കൂട്ടുകക്ഷി മന്ത്രിസഭയായിരുന്നു കൂട്ടുകക്ഷി ഭരണത്തിന്റെ തുടക്കം. 1962 സെപ്തംബർ 24ന് പട്ടം പഞ്ചാബ് ഗവർണറായി നിയമിതനായതോടെ ആ മന്ത്രിസഭ ഇല്ലാതായി. പകരം കോൺഗ്രസ് നേതാവും പട്ടം മന്ത്രിസഭയിൽ ഉപമുഖ്യമന്ത്രിയുമായിരുന്ന ആർ. ശങ്കറിന്റെ നേതൃ



ത്വത്തിൽ മറ്റൊരു മന്ത്രിസഭ 1962 സെപ്തംബർ 26ന് നിലവിൽ വന്നു. അതേവർഷം ഒക്ടോബർ എട്ടിന് പി.എസ്.പി. ആ മന്ത്രിസഭയിൽ നിന്ന് പിൻവാങ്ങി, പ്രതിപക്ഷത്തേക്കു മാറി. അതോടെ ആ മന്ത്രിസഭ കോൺഗ്രസിന്റെ ഏകകക്ഷി ഭരണസംവിധാനമായി. ശങ്കർ മന്ത്രിസഭയ്ക്കും കാലാവധി പൂർത്തിയാക്കാനായില്ല. പ്രതിപക്ഷത്തു നിന്നും കൊണ്ടുവന്ന അവിശ്വാസ പ്രമേയം കോൺഗ്രസിൽ വിമതരായി കഴിഞ്ഞിരുന്ന 15 എം.എൽ.എ. മാർ പ്രതിപക്ഷത്തോടൊപ്പം അനുകൂലിച്ച് വോട്ടു ചെയ്തതിന്റെ ഫലമായി പാസായതോടെ ആ മന്ത്രിസഭ 1964 സെപ്തംബർ 10ന് അധികാരത്തിൽ നിന്നും നിഷ്കാസിതമായി. കേരളം വീണ്ടും രാഷ്ട്രപതി ഭരണത്തിലുമായി.

കേരളത്തിൽ കോൺഗ്രസിന്റെ ഏകകക്ഷി ഭരണത്തിന്റെ തുടക്കവും ഒടുക്കവും ഒരൊറ്റ മന്ത്രിസഭയുടെ (ശങ്കർ മന്ത്രിസഭയുടെ) വാഴ്ചയിൽ തന്നെ സംഭവിച്ചുവെന്നത് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഏകകക്ഷി ഭരണത്തിന്റെ കാര്യത്തിൽ ഉണ്ടായതുപോലെ ഒരപൂർവ രാഷ്ട്രീയ പ്രതിഭാസമാണ്. കേരളത്തിൽ കോൺഗ്രസിന്റെ ആദ്യത്തെ പിളർപ്പും അവിശ്വാസ പ്രമേയത്തെ അനുകൂലിച്ച 15 വിമത കോൺഗ്രസ് എം.എൽ.എ.മാർ ചേർന്ന് കേരള കോൺഗ്രസ് എന്ന പ്രാദേശിക പാർട്ടിക്ക് രൂപം നല്കിയതും ശങ്കർ മന്ത്രിസഭയുടെ പതനത്തോടെയായിരുന്നു. ഏതാണ്ട് ഇതേകാലഘട്ടത്തിൽ തന്നെ (1964-ൽ) ഉണ്ടായ മറ്റൊരു ചരിത്രപ്രധാനമായ രാഷ്ട്രീയ സംഭവവികാസമായിരുന്നു രാഷ്ട്രീയ നയസമീപനങ്ങളെ സംബന്ധിച്ച അഭിപ്രായഭിന്നതയാൽ അവിഭക്ത കമ്മ്യൂണിസ്റ്റു പാർട്ടി പിളർന്ന് സി.പി.എം., സി.പി.ഐ. എന്ന കക്ഷികളായി മാറിയത്.

ശങ്കർമന്ത്രിസഭയുടെ പതനത്തിനു ശേഷം 1965 മാർച്ച് 4ന് നടന്ന തെരഞ്ഞെടുപ്പിൽ മത്സരിച്ച ഒരു പാർട്ടിക്കും ഒറ്റയ്ക്കു ഭരിക്കാനുള്ള ഭൂരിപക്ഷം നേടാനായില്ലെന്നു മാത്രമല്ല, ഒരു കൂട്ടുകക്ഷി മന്ത്രിസഭ രൂപീകരിക്കാൻ വേണ്ടിയുള്ള സമവായം ഏതെങ്കിലും കക്ഷികൾ തമ്മിലുണ്ടായതുമില്ല. ഫലമോ, നിയമസഭ പുനഃസംഘടിപ്പിക്കപ്പെടാനാകാതെ തിരഞ്ഞെടുപ്പുഫലം 1965 മാർച്ച് 24ന് റദ്ദാക്കപ്പെട്ടു. ഒരു നിയമസഭയുടെ പുനഃസംഘടന ഈ വിധത്തിലായത് കേരളചരിത്രത്തിൽ അതിനുമുമ്പും പിന്നീട് നാളിതുവരെയും ഉണ്ടാകാത്ത ഒരു അസാധാരണ സംഭവമാണ്. അതോടെ 1964 സെപ്തംബർ 10ന് നിലവിൽ വന്ന രാഷ്ട്രപതി ഭരണം പിന്നെയും തുടർന്നു.


കേരളത്തിൽ തുടർച്ചയായി ഏറ്റവും കൂടുതൽ കാലം (രണ്ടരവർഷം) നിലനിന്ന രാഷ്ട്രപതി ഭരണമായിരുന്നു അത്. അതിന് വിരാമമിട്ടത് 1967 ഫെബ്രുവരി-മാർച്ച് മാസങ്ങളിലായി നടന്ന തെരഞ്ഞെടുപ്പിൽ വമ്പിച്ച ഭൂരിപക്ഷം (113 പേരുടെ പിന്തുണ) നേടിയ സപ്തകക്ഷി മുന്നണി മന്ത്രിസഭയുടെ അധികാരാരോഹണമായിരുന്നു. അങ്ങനെ കേരളപ്പിറവിയുടെ ആദ്യദശകം പോലെ അസാധാരണത്വങ്ങളുടെ പരമ്പരയാൽ സംഭവബഹുലമായ ഒരു കാലഘട്ടം പിന്നീട് ഇതുവരെ ഉണ്ടായിട്ടില്ലെന്നു തന്നെ പറയാം. ■

> 1960 ഫെബ്രുവരി 22ന് പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ അധികാരത്തിലേറിയ കോൺഗ്രസ് പി.എസ്.പി. കൂട്ടുകക്ഷി മന്ത്രിസഭയായിരുന്നു കൂട്ടുകക്ഷി ഭരണത്തിന്റെ തുടക്കം.

വി. കെ. നാരായണൻ

# ഭാഷ കുഞ്ഞുമോൾടെ കല?

**കംപ്യൂട്ടറിന്റെ യാന്ത്രികതയ്ക്കൊത്ത് ഇടമിടാനോ കീബോർഡിലെ വിരൽസ്പർശത്തിലെ അനായാസതയ്ക്കനുസരിച്ച് ലിപി ചേർക്കാനോ ഡി.ടി.പി. ഓപ്പറേറ്ററുടെ ഉദാസീനതയ്ക്ക് ബലിയാടാവാനോ ഉള്ളതല്ല മലയാളഭാഷ.**



'സിനിമ - കുഞ്ഞുവർക്കീടെ കല', കഥാകൃത്തുകൂടിയായ ഒരു സംവിധായകനാണ് ഒരിക്കൽ ഇത്തരത്തിൽ പറഞ്ഞത്. "സിനിമ- സംവിധായകന്റെ കല, തിരക്കഥാകൃത്തിന്റെ കല, നടന്റെ കല, ക്യാമറാമേന്റെ കല-" ഇത്യാദി ഉന്നയിച്ച് ഒരു പ്രസിദ്ധീകരണത്തിലെ ചർച്ചയാണ് സന്ദർഭം. ബന്ധപ്പെട്ട ലേഖനത്തിൽ അദ്ദേഹം വിശദീകരിച്ചു: തിയേറ്ററിലെ ഓപ്പറേറ്ററാണ് കുഞ്ഞുവർക്കി. സിനിമ, മറ്റാരുടെ കലയായാലും ഓപ്പറേറ്റർ വിചാരിച്ചാലേ അതു സിനിമയാകൂ, കലയാകൂ, ശബ്ദം, വെളിച്ചം, വ്യക്തത, ഗതിവേഗം — ഇത്യാദിയിലാണല്ലോ ആസ്വാദകരുടെ അനുഭവത്തിൽ സിനിമ നിലനില്ക്കുന്നത്. കുഞ്ഞുവർക്കി പലപ്പോഴും സ്വേച്ഛയാ ചെയ്യുന്ന ചിലത് ദോഷമായി ഭവിക്കാറുണ്ട്. കൊട്ടകയിൽ ഇലക്ട്രോണിക്-ഡിജിറ്റൽ സംവിധാനവും വീട്ടിൽ ഒത്തിരി സിനിമ കാണാവുന്ന ചാനൽപ്രളയവും ഒന്നുമില്ലാതിരുന്ന കാലത്ത് കുഞ്ഞുവർക്കി പ്രമാണി തന്നെ ആയിരുന്നു.

കാലം മാറി, കുഞ്ഞുവർക്കി ഔട്ടായി. എന്നാൽ അയാളുടെ ചാർച്ചയിൽപ്പെട്ട കുഞ്ഞുമോൾ ഇന്ന് പ്രമാണിയായിരിക്കുന്നു, സിനിമയിലല്ല, ഭാഷയിൽ. ഭാഷ എന്നാൽ മലയാളം. നമുക്ക് ഇപ്പോൾ പറയാം, 'ആധുനിക മലയാളം കുഞ്ഞുമോൾടെ കല' എന്ന്. കുഞ്ഞുമോൾ ആരെന്നറിയില്ലേ? സ്ഥലത്തെ ഡി.ടി.പി. ഓപ്പറേറ്ററാണ്. കംപ്യൂട്ടറിന്റെ കീബോർഡിൽ ഏതു വിരൽ കൊണ്ട് എവിടെ തൊടണം, ഇംഗ്ലീഷിലെ ലിപിയുടെ അടിയിൽ മലയാളലിപി ഏതാണുള്ളത് മുതലായ കാര്യങ്ങൾ കുഞ്ഞുമോൾക്കു നന്നായി അറിയാം. അങ്ങനെയുള്ള കുഞ്ഞുമോളെ നന്നായി അറിയാത്തവർ ഈ ചോദ്യോത്തരം ശ്രദ്ധിക്കുക: ചോദ്യം: കുഞ്ഞുമോൾ മലയാളഭാഷ പ്രത്യേകിച്ചു പഠിച്ചിട്ടുണ്ടോ? ഉത്തരം: ഉണ്ടല്ലോ, പത്താം ക്ലാസുവരെ. ചോദ്യം: ഭേഷ്.! ('അത് പ്രത്യേക പഠനമല്ലല്ലോ' എന്ന ആത്മഗതത്തോടെ) പിന്നെ? ഉത്തരം: പിന്നെ വേറെ. ചോദ്യം: കുഞ്ഞുമോൾ മലയാള പുസ്തകമോ ആനുകാലിക പ്രസിദ്ധീകരണമോ വല്ലതും വായിക്കാറുണ്ടോ? ഉത്തരം: അതിനൊക്കെ നേരം കിട്ടീട്ടു വേണ്ടേ.

ശരിയാണ്, കുഞ്ഞുമോൾക്ക് പിടിപ്പതു പണിയുണ്ട്. പത്രമാസികകൾ എത്രയാ മലയാളത്തിൽ. സർക്കാരിന്റെയും അല്ലാത്തതുമായ അനവധി പ്രസിദ്ധീകരണങ്ങൾ, പ്രസാധകസ്ഥാപനങ്ങൾ; അതിനും പുറമേ ജോബ് വർക്ക്സ് -- അപേക്ഷ, പരാതി, നോട്ടീസ്, പ്രസ്താവന, ലേഖനം, കവിത, കഥ, നോവൽ.... അതിന് അന്തമില്ല. കംപ്യൂട്ടറിൽ ഇതിന്റെയെല്ലാം അച്ചുചേർത്ത് പ്രിന്റ്-ഔട്ട് എടുക്കുന്നത് ഭാരിച്ച ജോലിയാണ്. ക്ലേശം പിടിച്ച പണി. അതറിയാത്ത ചിലർ കുഞ്ഞുമോളെ വല്ലാതെ കഷ്ടപ്പെടുത്താറുണ്ട്. അങ്ങനെയുള്ള എഴുത്തുകാര്, എഡിറ്റർമാര്, പ്രൂഫ് നോട്ടക്കാര് മുതലായവരിൽ ചിലർക്ക് വിവരമില്ലെന്ന് കുഞ്ഞുമോൾക്കറിയാം. അതുകൊണ്ട് അവരുടെ ഒരുമാതിരി വേലത്തരങ്ങളൊന്നും കുഞ്ഞുമോൾടെയടുത്ത് ചെലവാകത്തില്ല. എന്നാൽ ചില എഴുത്തുകാര്, അതായത് എന്തെങ്കിലും എഴുതിക്കൊണ്ടു വരുന്നവര്, മര്യാദക്കാരാ. അങ്ങനെയുള്ളവരു പറയും 'എഡിറ്റു ചെയ്യുകയോ പ്രൂഫ് നോക്കുകയോ വല്ലതും വേണമെന്ന് വച്ചാൽ അതൊക്കെ യുക്തം പോലെ കുഞ്ഞുമോൾ തന്നെ അങ്ങ് ചെയ്തേക്ക്' എന്ന്. (കുഞ്ഞുമോളുടെ ഭാഷാപരിചയക്കാര്യം നേരത്തെ മനസ്സിലായല്ലോ. അല്ലെങ്കിൽത്തന്നെ കംപ്യൂട്ടർ പരിചയമുള്ളപ്പോൾ വേറെന്തു വേണം.) കുഞ്ഞുമോൾ അതനുസരിച്ച് 'ഭംഗിയായി' ജോലി ചെയ്തു കൊടുക്കും. "നിങ്ങളെന്താണ് ഹേ, ഇപ്പറയുന്നത്?" ഇപ്പോൾ ഒരു എഴുത്തുകാരൻ ഈയുള്ളവനോടു തട്ടിക്കയറുന്നു. അദ്ദേഹം എഴുതിയതും കുഞ്ഞുമോൾ അച്ചുചേർത്തു കൊടുത്തതും ആയ വാക്കുകളിൽ ചിലത് എങ്ങനെയാണെന്നു കാണുക രസകരമാണ്.

| എഴുത്തുകാരന്റെ വാക്ക് | കുഞ്ഞുമോൾ ചേർത്തു കൊടുത്ത വാക്ക് |
|---|---|
| അങ്ങനെ | അങ്ങിനെ |
| അടിയന്തരം | അടിയന്തിരം |
| അസ്തിത്വം | അസ്ഥിത്വം |
| ആവേഗം | ആവേശം |
| ഇരുനൂറ് | ഇരുന്നൂറ് |
| കബനി | കമ്പനി |
| നൻമ | നന്മ |
| നിർബദ്ധം | നിർബന്ധം |
| പതിക്കുക | പതിയ്ക്കുക |
| പരിണത | പരിണിത |
| മർദം | മർദ്ദം |
| ലാൻഡ് | ലാന്റ് |
| വിന്യാസം | വ്യത്യാസം |
| വിദ്യാർഥി | വിദ്യാർത്ഥി |
| സുകരം | സുഖകരം |
| സ്രവണം | ശ്രവണം |

(പട്ടിക അപൂർണം)

ഇതിന് കുഞ്ഞുമോളെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ആ പാവം ഇന്നേ വരെ കാണുകയും കേൾക്കുകയും ചെയ്തിട്ടില്ലാത്തതരം വാക്കുകളാണ് ചിലരൊക്കെ എഴുതിവയ്ക്കുന്നത്. ചിലർക്കാണെങ്കിൽ വലിയ പിടിവാശിയാണ്; അവര് എഴുതിയിരിക്കുന്ന ലിപിയിൽത്തന്നെ അച്ചുചേർത്ത് കിട്ടണം. കൊള്ളാം. കുഞ്ഞുമോൾക്ക് പിടികിട്ടാത്ത കാര്യമാണ് ഇത്. അതായത് സംസ്കാരം, പരിഷ്കാരം മുതലായി കാരം, കരിക്കുക, കരണം എന്നിങ്ങനെയുള്ള വാക്കുകളിലെ 'ക' ഇരട്ടിച്ച് സംസ്ക്കാരം, പരിഷ്ക്കരിക്കുക, ആവിഷ്ക്കരണം എന്നിങ്ങനെ ആക്കിയാലെന്താ? ഉത്പന്നം, ഉൽപ്പന്നം, ഉല്പന്നം, ഉല്പ്പന്നം, ഉദ്പന്നം - ഇതിൽ ഏതായാലെന്താ? വലിയവർ പലരും ഇങ്ങനെ ഇഷ്ടം പോലെ എഴുതാറുണ്ടല്ലോ. ആ സ്ഥിതിക്ക് കുഞ്ഞുമോളെ കൊച്ചാക്കുന്നതെന്തിനാ?

ചില കൂട്ടക്ഷരങ്ങളിലെ ചില ചേരുവകൾ അനാവശ്യമാണ്; വിശേഷിച്ചും മൂന്നു ലിപി ചേർന്നു വരുന്നിടത്ത്. അതായത് അധ്യായം, അർഥം, നിർധനൻ, മുഗ്ധം, വർഗം എന്നിങ്ങനെ മതി. (അദ്ധ്യായം, അർത്ഥം, നിർദ്ധനൻ, മുഗ്ദ്ധം, വർഗ്ഗം എന്നിങ്ങനെ വേണ്ട). ശരി. പക്ഷേ ഇത്തിരി ഇടം, ലിപി എന്നിവ ലാഭിച്ച് വാക്കിന്റെ ശരിയായ രൂപം സാധിക്കാമെന്ന് നിങ്ങൾ കരുതിയാലും അതിന് കുഞ്ഞുമോൾ ഒരുക്കമല്ല. കാരണം, പണ്ടേ പഠിച്ച് ഉറപ്പിച്ചിട്ടുള്ളതിനെ പറിച്ചുമാറ്റുക എളുപ്പമല്ല. അല്ലെങ്കിൽത്തന്നെ മറ്റേത്തരത്തിലാണല്ലോ ചില വിദ്വാൻമാര് എഴുതാറ്. അപ്പോൾപ്പിന്നെ കുഞ്ഞുമോളെ വഴക്കു പറയുന്നതെന്തിന്?

കൂട്ടക്ഷരക്കാര്യത്തിൽ വേറെയുമുണ്ടു പ്രശ്നം. മലയാളത്തിൽ ഇപ്പോൾ നടപ്പുള്ള കൂട്ടക്ഷരം എത്ര, ഏതൊക്കെ? ഇവയ്ക്ക് ഒരാളുടെ ഉത്തരമായിരിക്കില്ല മറ്റൊരാളുടേത്. 1966-ൽ നടപ്പാക്കിയ ലിപി പരിഷ്കരണത്തിൽ നിലനിർത്തിയ കൂട്ടക്ഷരങ്ങൾ ആകെ 29 ആണ്. (മൊത്തം ലിപി 94. അതനുസരിച്ചാണ് ഈ ലേഖനം മൗലികമായി ഡി.ടി.പി.യിൽ ആവിഷ്കരിച്ചിട്ടുള്ളത്. ഇനി വല്ലേടത്തും പ്രസിദ്ധപ്പെടുത്താൻ അച്ചു ചേർക്കുമ്പോൾ വല്ല മാറ്റവും വന്നാൽ അതിന് ഉത്തരവാദി കുഞ്ഞുമോൾ ആയിരിക്കും). എന്നാൽ കംപ്യൂട്ടർ സോഫ്ട്വെയറുകളിൽ കൂട്ടക്ഷരം തന്നെ 34 ഉണ്ട് (മൊത്തം ലിപി 135). ചില സോഫ്ട്വെയറുകളിൽ ഇതിനെക്കാൾ കൂടുതലാണ് ലിപിസംഖ്യ. ഭാഷയുടെ ലാളിത്യവും തനിമയുമല്ല, കുഞ്ഞുമോളുടെ പ്രവർത്തന സൗഖ്യമാണ് അവർ, യന്ത്രവിദഗ്ധർ, (ഭാഷാ വിദഗ്ധരല്ല) കാര്യമായെടുത്തത്. 'സ്ട്രോക്ക്' എന്നാൽ കീബോർഡ് എന്ന അച്ചുപലകയിലെ വിരൽ സ്പർശം. 'മൃദുസ്പർശം' എന്ന് സാങ്കേതികമായി ഇതിനെ വിളിക്കാം. ഒരു കൂട്ടക്ഷരം ഒറ്റ മൃദുസ്പർശത്താൽ അടിക്കാം. എന്നാൽ വിടുവിച്ച മട്ടിൽ അത് അടിക്കാൻ ചുരുങ്ങിയത് മൂന്ന് സ്പർശം വേണം. (ആദ്യ ഘടകലിപി+ ചന്ദ്രക്കല+രണ്ടാം ഘടക ലിപി). മൂന്നു വർണം ചേർന്നുള്ള കൂട്ടക്ഷരത്തിന് നാലു സ്പർശം വേണം. അതിന്റെ കൂട്ടക്ഷരലിപിയുണ്ടെങ്കിൽ കുഞ്ഞുമോൾക്ക് അനായാസം, ഒറ്റ അടിക്ക്, കാര്യം സാധിക്കാം. എന്നാൽ ഇങ്ങനെ സൗകര്യം ചെയ്തവർ ആലോചിച്ചില്ല ഇത്തരം കൂട്ടക്ഷരങ്ങളിൽ ലിപി മൂന്നും അത്യാവശ്യമാണോ എന്ന്, സ്പർശ ലാഭത്തിൽ ലിപിപ്പെരുക്കം ആശാസ്യമല്ല. ഒറ്റയടിക്ക് ഒരു കൂട്ടക്ഷരം വരുത്തുമ്പോൾ ഒരു ലിപി (അര അക്ഷരമെങ്കിലും) കൂടുന്നു, ഇത് സ്ഥല ദുർവ്യയവും ധന ദുർവ്യയവും ആണ് (കോളം സെന്റി മീറ്ററിന് 150 രൂപ പരസ്യക്കൂലിയുള്ള ഒരു പ്രസിദ്ധീകരണത്തിൽ ഒരു ലിപിയുടെ സ്ഥലത്തിന് ശരാശരി പത്തു രൂപയാകും. ആ സ്ഥിതിക്ക് അവിടെ ഒരു അധികലിപി എന്നാൽ പത്തു രൂപ ദുർച്ചെലവ് എന്നു സാരം.) കൂട്ടക്ഷരം അടിച്ച് ദുർച്ചെലവു വർധിപ്പിക്കാൻ കുഞ്ഞുമോൾക്ക് പ്രേരണയുണ്ടാവുന്നു. ഇത്ഥത്തിന്റെ കൂട്ടക്ഷരമെടുത്ത് അർത്ഥമെന്നടിക്കുന്നതെന്തിന്, അർഥം മതി എന്നിരിക്കെ? യുദ്ധത്തിന്റെ 'ദ്ധ' അധ്യാപകന് ആവശ്യമില്ല. ഇതുപോലെ കൂട്ടക്ഷര ദുർവിനിയോഗം ഏറെയുണ്ട്. ചില കൂട്ടക്ഷരങ്ങൾ അനാവശ്യമാണെന്നറിയാത്തവർ അതൊക്കെ






കുഞ്ഞുമോളെ അടിച്ചേല്പിക്കുകയാണ്, അടിക്കാനേല്പിക്കുകയാണ്. അത്തരത്തിൽപ്പെടുന്നു 'ഗ' യുടെ ഇരട്ടിപ്പു ലിപിവിന്യാസം. മുകളിലും താഴെയുമായുള്ള കൂട്ടക്ഷരം അഭംഗിയും അസൗകര്യവും ആണെന്നതു പോകട്ടെ. (ഇക്കാര്യം കണ്ടത്തിൽ വറുഗീസു മാപ്പിള പണ്ടേ പറഞ്ഞു വച്ചിട്ടുണ്ട്. വേണ്ടിടത്ത് ഇടം ഇട്ടേതീരു എന്നത്; ഇടം ഇടുന്നത് യഥാസ്ഥാനത്തു തന്നെ ആയിരിക്കണം എന്നതും.) അനിവാര്യമായേക്കാവുന്ന വല്ല വിട്ടുവീഴ്ചപോലും ഈ അവബോധത്തിൽ അധിഷ്ഠിതമായിരിക്കണം. 'എന്തൊക്കെയായാലും കംപ്യൂട്ടറിൽ വരിയൊപ്പിക്കുകയും മറ്റും ചെയ്യുമ്പോൾ ഇടം മാറും; കംപ്യൂട്ടർ അതിന്റെ യാന്ത്രികരീതിയനുസരിച്ച് ഇടം ഇടുന്നു. അതിനിപ്പോൾ ഞാൻ എന്തു ചെയ്യാൻ?' – ഇതാണ് കുഞ്ഞുമോൾടെ പരാതി. കാര്യാവധാനതയുണ്ടെങ്കിൽ കംപ്യൂട്ടറിനെ വരുതിയിൽ വരുത്താമെന്നാണ് ഇതിന് സമാധാനം. കുഞ്ഞുമോൾ അതിന് തയ്യാറാകുമോ എന്നതാണ് ചോദ്യം. ഈ ചോദ്യം ഇങ്ങനെ മാറ്റാം: പ്രധാനമായത് ഭാഷയുടെ ചൈതന്യമോ കമ്പ്യൂട്ടറിന്റെ യാന്ത്രികതയോ? മറ്റൊന്ന്: ഒരക്ഷരത്തിന്റെ വള്ളിയോ പുള്ളിയോ ദീർഘമോ ഒരുവരിയുടെ ആദ്യം അഥവാ വരിയുടെ അവസാനം ആശ്രയമില്ലാതെ ഒറ്റപ്പെട്ടു നിൽക്കുന്നതായി കാണാറുണ്ട്, ചില അച്ചടികളിൽ. മലയാളത്തിന്റേതല്ലാത്ത ഈ ചെയ്‌വിനയ്ക്ക് ഉത്തരവാദി കംപ്യൂട്ടറിന്റെ യാന്ത്രികതയല്ല, കുഞ്ഞുമോൾടെ ഉദാസീനതയാണ്.

അച്ചടിക്കാര് ഡോലക്കും മീത്തലും എന്ന് സാധാരണ വിളിക്കുന്നത് രണ്ട് അക്ഷരചിഹനങ്ങളെയാണ്. ഉകാരത്തിന്റെ ഉപചിഹനങ്ങളാണ് ഇവിടെ വിവക്ഷിതം. ഉകാരം രണ്ടുതരം – വിവൃത ഉകാരവും സംവൃത ഉകാരവും. തുറന്ന് ഉച്ചരിക്കുന്നതാണ് വിവൃതോകാരം. അതിന്റെ ചിഹ്നം (ു) ആണ് ഡോലക്ക്. ഉദാ: വിരണ്ടു (വിരണ്ടുപോയി). അസ്ഫുടമായി ഉൾവലിവോടുകൂടി ഉച്ചരിക്കുന്ന അര ഉകാരം ആണ് സംവൃതോകാരം. അതിന്റെ ചിഹ്നം ആണ് മീത്തൽ (്) എന്ന ചന്ദ്രക്കല. ഉദാ: വിരണ്ട് (വിരണ്ട് അയാളെ നോക്കി), ആദ്യത്തേതിൽ, അതായത് വിരണ്ടുപോയി എന്നതിൽ, ക്രിയ രണ്ടും ഒരേ സമയത്തു നടക്കുന്നു. രണ്ടാമത്തേതിൽ വിരണ്ട് എന്നതിനെ തുടർന്ന് അല്പം കഴിഞ്ഞ് ആണ് നോക്കി എന്ന ക്രിയ നടക്കുന്നത്. 'അവിടെ നിന്നു പോയി', 'അവടെനിന്ന് പോയി' – ഇവയിലെ ആശയ വ്യത്യാസം വ്യക്തമാണല്ലോ. കുഞ്ഞുമോൾ അച്ചുചേർക്കുന്നത്, ഉകാരം രണ്ടിന്റെയും ധർമം ഒന്നാണെന്ന മട്ടിലാണ്; അല്ലെങ്കിൽ വാക്യത്തിന്റെ അവസാനത്തിലേ വിവൃതോകാരം ഉപയോഗിക്കേണ്ടു എന്ന ധാരണവച്ചാണ്. വിവേചനയില്ലാത്തവർ അത് അനുകരിക്കുന്നു; അവർ ഭാഷയെ മലിനമാക്കുന്നു.

ചിഹ്നനം (Punctuation) അതായത് കുത്ത്, കോമ മുതലായ ചിഹ്നങ്ങളുടെ പ്രയോഗം ഇവിടെ പ്രത്യേക പരാമർശം അർഹിക്കുന്നു. മുഖ്യ ഇനങ്ങൾ താഴെ ചേർക്കുന്നു.

| പേര് | ചിഹ്നം |
|---|---|
| കുത്ത് (പൂർണവിരാമം) | . |
| കോമ (അങ്കുശം, അല്പവിരാമം) | , |
| സെമിക്കോളൻ (അർധവിരാമം) | ; |
| കോളൻ (ഭിത്തിക) | : |
| എക്സ്ക്ലമേഷൻ (വ്യാക്ഷേപകം, അദ്ഭുതം) | ! |
| ഹൈഫൻ (ബന്ധരേഖ) | - |
| ഡാഷ് (ചെറുവര) | – |
| ബാർ, ഒബ്ലിക് (വിഷമരേഖ, വികല്പരേഖ) | / |
| ചോദ്യചിഹ്നം (ഇന്ററോഗേഷൻ) | ? |

മലയാളത്തിനു മാത്രമല്ല, ഇവ എല്ലാ ഭാഷകൾക്കും പൊതുവായി ഉള്ളതാണ്. എന്നാൽ മലയാളത്തിൽ ചിഹ്നനം പൊതുവേ ഉദാസീനമാണ്. അതായത്, എന്തായാലെന്താ എവിടെയായാലെന്താ എന്ന മനോഭാവമാണ് ഇക്കാര്യത്തിൽ പല എഴുത്തുകാർക്കുമുള്ളത്. കുഞ്ഞുമോൾടെ കാര്യം പറയാനില്ല. ചിഹ്നനത്തിന്റെ തത്ത്വം ലളിതമാണ്. വളരെ പരിമിതമായേ അതുവേണ്ടൂ; എന്നാൽ ആവശ്യമുള്ളിടത്ത് തീർച്ചയായും. (മലയാളമച്ചടി (1894)) 'ഗ' യുടെ ഇരട്ടിപ്പു വരുന്ന എത്ര വാക്കുണ്ട് നമ്മുടെ സാമാന്യ വ്യവഹാരത്തിൽ? അഗ്ഗതി, ഇഗ്ഗാനം എന്നൊക്കെ വൃത്ത സൗകര്യത്തിനായും മറ്റും കവികൾ പ്രയോഗിച്ചേക്കും, അതല്ലാതെ? പാണ്ഡിത്യ പ്രകടനത്തിനായി 'വാഗ്ഗോചരം', 'വാഗ്ഗേയകാരൻ' എന്നിങ്ങനെ ചിലർ പ്രയോഗിച്ചെന്നു വരാം. ഇവയിലൊക്കെ 'ഗ' പിരിച്ച് (ചന്ദ്രക്കല ഉപയോഗിച്ച്) അടിച്ചാൽ മതിയല്ലോ. പരിമിത ഉപയോഗത്തിനായി എന്തിന് 'ഗ' യുടെ കൂട്ടക്ഷര ലിപി? അതങ്ങനെ കംപ്യൂട്ടറിലുള്ളപ്പോൾ ദുർഗം, വർഗം, സ്വർഗം എന്നിങ്ങനെ രേഫം (ർ) കഴിഞ്ഞ് 'ഗ' വരുന്നിടത്തൊക്കെ എഴുതിക്കൊടുത്തിട്ടുള്ളത് ഒറ്റ 'ഗ' ഉപയോഗിച്ചുള്ള ശുദ്ധ രൂപമാണെങ്കിലും കുഞ്ഞുമോൾ 'ഗ' യുടെ ഇരട്ടിപ്പ് അടിച്ചുവയ്ക്കും. അതു ദുഃഖേന സഹിക്കാമെന്നു വച്ചാലും 'ഗ' യോടു കാട്ടിയിട്ടുള്ള മറ്റു ചില അത്യാചാരങ്ങൾ അസഹ്യമാണ്. 'ഗ' യും 'ന' യും ചേർത്തൊരു കൂട്ടക്ഷരം പണ്ടുണ്ടായിരുന്നു; അതുപോലെ 'ഗ' യും 'മ' യും ചേർത്തും. കുഞ്ഞുമോൾ ആ വികല കൂട്ടക്ഷരമുപയോഗിച്ച് രുഗ്മിണി എന്നേ അടിക്കൂ, രുക്മിണി എന്ന് പിരിച്ച് ശുദ്ധരൂപമാണ് എഴുതിക്കൊടുത്തിട്ടുള്ളത് എങ്കിലും. (രുക്മം സ്വർണമാണ്, ശോഭയാണ്; അതുപോലുള്ളവൾ, അതുള്ളവൾ രുക്മിണി). 'ഗ്മ', 'ഗ്ന' എന്നിവയുടെ കൂട്ടക്ഷരക്കാര്യത്തിൽ ക്രൂരത വേറെയുമുണ്ട്. 'ഗ' യുടെ അടിയിൽ 'ന' അഥവാ 'മ' ചേർത്തു വച്ച മട്ടിൽ കൂട്ടക്ഷരമൊന്നും മലയാളത്തിൽ പണ്ടെങ്ങും ഉണ്ടായിരുന്നിട്ടില്ല. ഇപ്പോൾ ഇങ്ങനെ അരോചക ലിപി പലതും കംപ്യൂട്ടറിലുള്ളത് അപ്പാടെ അടിച്ചുവയ്ക്കുന്നതിൽ കുഞ്ഞുമോളെ കുറ്റക്കാരിയാക്കരുതേ. സ്പർശലാഭത്തിൽ മാത്രമേ കുഞ്ഞുമോൾക്കു നോട്ടമുള്ളൂ.

മലയാളം ലളിതമായിരിക്കട്ടെ. അച്ചടിലിപികാര്യത്തിൽ അത് അവ്യവസ്ഥമാകാൻ പാടില്ല. ചില സോഫ്ട്‌വെയറിൽ മലയാള ലിപികൾ 135 അഥവാ അതിൽ കൂടുതൽ ആണ്. എന്നാൽ അച്ചടിലിപി നൂറിൽ താഴെയായി നിജപ്പെടുത്തുന്നതാണ് നന്ന്. പക്ഷേ






ഇത് ആരു ചെയ്യും? ഏതു കച്ചവടക്കാരനുമുണ്ടാക്കാം തോന്നിയപോലെ ലിപി സോഫ്ട്‌വെയർ. കമ്പോള മത്സരത്തിൽ പരസ്യ പ്രചാരണ തന്ത്രങ്ങളുപയോഗിച്ച് അവ വ്യാപകമായി വിറ്റഴിക്കാനും (കംപ്യൂട്ടർ ഉപയോഗിക്കുന്നവരുടെ തലയിൽ കെട്ടിയേല്പിക്കാനും) അവർക്കു കഴിയുന്നു. അദ്ഭുതപ്പെടാനില്ല. ആഗോളീകരണത്തിന്റെയും ഉദാരീകരണത്തിന്റെയും ഇക്കാലത്ത് ഭാഷയുടെ കാര്യത്തിൽ സ്വകാര്യ 'ഇ-കരണം' യഥേഷ്ടം നടത്തപ്പെടുന്നു. (ഇവിടെ 'ഇ' എന്നാൽ ഇലക്ട്രോണിക്സ്; ഇ-മെയിൽ പോലെ. അങ്ങനെ ഇ-കരണം, ഇ-ഭാഷ.) കംപ്യൂട്ടർ വൈറസ് ചെയ്യുന്നത്, നിലവിലുള്ള പരിപാടികളെ വികൃതമാക്കുകയോ നശിപ്പിക്കുകയോ ആണ്. കംപ്യൂട്ടറിലേക്ക് വൈറസ് കടത്തിവിടുന്നത് സാധാരണക്കാരല്ല, ബുദ്ധി കൂടിയവരാണ്. സാമാന്യബുദ്ധിക്ക് അത്രയൊന്നും കൃത്രിമം സാധിക്കില്ല. അതിബുദ്ധിക്കാർക്ക് ഒരു വിനോദമാണ് കുനിഷ്ടുകാട്ടൽ. അത്തരം 'സൈബർവിദഗ്ധർക്ക്' കേവലം പ്രോഗ്രാം ചെയ്യലാണ് കംപ്യൂട്ടർ വൈറസിന്റെ സൃഷ്ടി. ഈ ദുർബുദ്ധിയുടെ ഫലമായി എത്രയെത്ര സൈബർ ശൃംഖലകളാണ് തകർന്നുപോകുന്നത്. കംപ്യൂട്ടർസ്നേഹികൾക്ക് അസ്വാസ്ഥ്യം, ഉത്കണ്ഠ, സങ്കടം. എന്നാൽ അവർ പോലും അറിയുന്നില്ല, സോഫ്ട്‌വെയർ കച്ചവടക്കാരുടെ കുരുട്ടുബുദ്ധി എന്തെന്തു വൈറസുകളെയാണ് നമ്മുടെ ഭാഷയിലേക്ക് കടത്തിവിടുന്നത് എന്ന്. വെറും വൈറസല്ല, രോഗാണുക്കൾ; അർബുദത്തിന്റെ രോഗാണുക്കൾ. നിരോധിക്കപ്പെട്ട മരുന്നുകളും മറ്റും കാൻസർരോഗികളിൽ പരീക്ഷിക്കപ്പെട്ടത് വിവാദമുയർത്തി. "അവര് ഏതായാലും ചത്തുപോകും, അതുകൊണ്ട് അവരുടെ മേൽ ചില പരീക്ഷണങ്ങൾ നടത്തുന്നതിൽ എന്താ തരക്കേട്, ഒന്നുമല്ലെങ്കിലും ഞങ്ങൾക്ക് പ്രയോജനമുണ്ടാകുന്നുവല്ലോ".— പരീക്ഷണം നടത്തിയവരുടെ നിലപാട് ഏറെക്കുറെ ഇങ്ങനെയാണ്. വേണ്ടെന്നുവച്ച ലിപിയും മറ്റും കൊണ്ട് മലയാളത്തിനുമേൽ 'പരീക്ഷണം' നടത്തുന്നവരുടെയും നിലപാട് ഇതുതന്നെ. അതായത്, "ഏതായാലും മരിക്കാൻ പോകുന്ന ഭാഷയാണ് മലയാളം; അപ്പോൾപ്പിന്നെ അതിൻമേൽ ഞങ്ങൾ ചില...." ഇങ്ങനെ കംപ്യൂട്ടറിൽ വൈറസ് കടത്തിവിടുന്നവർ പാവം കുഞ്ഞുമോളിലൂടെ അത് ഭാഷയിൽ പകർച്ചവ്യാധിയാക്കുന്നു. ഭാഷ സ്വയംമരിക്കില്ല. പക്ഷേ ഇവർ അതിനെ കൊല ചെയ്യുന്നവരാണ്; കൊലയ്ക്കു പ്രേരിപ്പിക്കുന്നവരാണ്. ഇവിടെ കുഞ്ഞുമോൾക്ക് ഒരു മാപ്പുസാക്ഷിക്കുള്ള ആനുകൂല്യം കൊടുക്കാനാവുമോ?

വാക്കുകൾക്കിടയിലെ ഇടം (Space) എന്നത് അക്ഷരം പോലെ, വാക്കുപോലെ, പ്രധാനമാണ്. ഇടം എവിടെവേണം എവിടെ വേണ്ട എന്ന കാര്യത്തിൽ വ്യക്തമായ ധാരണ വേണം അച്ചുചേർക്കുന്നവർക്കും പ്രൂഫ്നോക്കുന്നവർക്കും. വിശദമാക്കാം: അതുതന്നെ, പൊതുജനം, സത്യസന്ധം – ഈ മൂന്നിലും ഈരണ്ടുവാക്കുണ്ട്. തമ്മിൽ ചേർന്നിരിക്കുന്നവ. അങ്ങനെയുള്ള ഒറ്റപ്പദമാണ് സമസ്തപദം. അതിനിടയ്ക്ക് (അതു തന്നെ, പൊതു ജനം, സത്യ സന്ധം എന്നിങ്ങനെ) ഇടം പാടില്ല. അതുപോലെ പ്രധാനമാണ് ഇടം ഉപയോഗിച്ചിരിക്കണം എന്നതും (ചിക്കാഗോ മാന്വൽ ഓഫ് സ്റ്റൈല്). സാധാരണക്കാർ അതൊന്നും വകവയ്ക്കില്ല, തോന്നുംപടി ഉപയോഗിക്കും. ഉദാഹരണങ്ങൾ അനവധിയുണ്ട്. ചിലതു സൂചിപ്പിക്കാം: പേരിനൊപ്പം ബഹുമാനവാചിയായ 'ശ്രീ' കണ്ടാൽ ഉടൻ അവിടെ കുത്തിടുക എന്നതാണ് സാമാന്യ പ്രവണത. ഇത് അനാവശ്യമാകുന്നു. ശ്രീ എന്നത് സ്വയംപൂർണമായ ഒരുപദം ആണ്; അത് 'ശ്രീമാൻ' എന്നതിന്റെ ചുരുക്കരൂപമല്ല, എന്ന് ഓർക്കണം. ശ്രീബുദ്ധൻ, ശ്രീയേശു, ശ്രീകൃഷ്ണൻ, ശ്രീനാരായണൻ, ശ്രീകുമാർ, ശ്രീദേവി, ശ്രീനിവാസൻ മുതലായവയിൽ 'കുത്ത്' ഇല്ലല്ലോ. ശരി. വേണ്ടിടത്തുമതി കുത്ത്.

"തന്റെ വീട്ടിൽ, കോമ ചാക്കുംപടി കിടപ്പുണ്ടോ, ഇങ്ങനെ വാരിക്കോരി ഉപയോഗിക്കാൻ?" – ഒരു ഹൈസ്കൂൾവിദ്യാർഥിയോട് അധ്യാപകൻ ചോദിച്ചു. അതേചോദ്യം നമ്മുടെ കുഞ്ഞുമോളോടു മാത്രമല്ല, പ്രമാണികളായ എഴുത്തുകാരിൽ പലരോടും ചോദിക്കേണ്ടിയിരിക്കുന്നു. 'കോമ ഒരുവനെ കൊന്നു' എന്ന് ഇംഗ്ലീഷിൽ ഒരു കഥയുണ്ട്. ഒരു ഔദ്യോഗിക രേഖയിൽ കോമ എന്ന ചിഹ്നം തെറ്റായി ഉപയോഗിച്ചതുമൂലം ഒരാൾ തൂക്കിക്കൊല്ലപ്പെട്ടു എന്നതാണ് അതിന്റെ ചുരുക്കം. അവിടെ കോമ മാറ്റി അടിച്ചത് കുഞ്ഞുമോളാണ്. അത് ഇംഗ്ലീഷിന്റെ കാര്യം. ഇവിടെ മലയാളത്തിൽ നമ്മൾ എത്ര 'കോമക്കൊലപാതകം' നടത്തുന്നു!

'ഉം' എന്നത് സമുച്ചയം (കൂട്ടിച്ചേർക്കൽ) ആണ്; 'ഓ' എന്നത് വികല്പം (അതോ ഇതോ എന്ന വിചാരം) ആണ്. ഇവയ്ക്ക് അതായത് സമുച്ചയത്തിനും വികല്പത്തിനും ഇടയ്ക്ക് അല്പവിരാമം എന്ന കോമ ആവശ്യമില്ല. (ഡിത്ഥനും, ഡബിത്ഥനും, ദേവദത്തനും, എന്നിങ്ങനെ വേണ്ട; ഡിത്ഥനും ഡബിത്ഥനും ദേവദത്തനും എന്ന് – കോമ ഉപയോഗിക്കാതെ – പ്രയോഗിക്കണം സമുച്ചയം). അതുപോലെ ഡിത്ഥനോ, ഡബിത്ഥനോ, ദേവദത്തനോ, എന്നിങ്ങനെ വേണ്ട; ഡിത്ഥനോ ഡബിത്ഥനോ ദേവദത്തനോ എന്ന് – കോമയില്ലാതെ– മതി വികല്പം.

സംബോധനയോടുചേർത്ത് പ്രയോഗിക്കേണ്ടത് കോമ ആണ്, സുഹൃത്തേ, എന്ന്; സുഹൃത്തേ! എന്ന് അദ്ഭുതം(!) അല്ല. വേണ്ടാത്തിടത്ത് അദ്ഭുതം ചേർക്കുന്ന കാര്യം വഴിയേപറയുന്നുണ്ട്. നീണ്ട ഒരു വാക്യം; ഈ നീളം വാക്കുകൊണ്ടോ ആശയം കൊണ്ടോ ആകാം. അത് മുറിക്കുന്നു; അടുത്തഭാഗം കൂടി ആകുമ്പോഴേ പൂർണമാവൂ. ഇവിടെയാണ്, ഈ മുറിക്കലിലാണ്, അർധവിരാമം എന്ന സെമിക്കോളൻ ഉപയോഗിക്കുന്നത്. ഉദാഹരണം മുകളിലത്തെ വാക്യത്തിൽത്തന്നെ കാണുക.

ഇതാ ഒരു വാചകം: വാചകം എന്നാൽ പറയുന്നത്. ഇനി ഒരു വാക്യം: വാക്യമെന്നാൽ എഴുതുന്നത്. ഇവിടെയാണ് കോളൻ എന്ന ഭിത്തികയുടെ ഉപയോഗം. അതായത് ഒരു പ്രസ്താവം കഴിഞ്ഞ് അതിന്റെ വിശദീകരണമായ അടുത്ത ഖണ്ഡം തുടങ്ങുന്നതിനുമുമ്പ് കോളൻ. ഉദാഹരണം മുകളിൽ കാണുക.

മലയാളികൾക്ക് അദ്ഭുതം കൂടുതലാണ്. അസ്ഥാനത്ത് അദ്ഭുതം പ്രയോഗിക്കുന്നത് അപഹാസ്യതയും അനർഥവും വരുത്തുമെന്ന് അറിയായ്കയാലാണ് ഇത്. കേവലം നോട്ടിസെഴുത്തുകാരെയും ചുവരെഴുത്തുകാരെയും ആണ് ഇക്കൂട്ടർ അനുകരിക്കുന്നത്. സംബോധന പ്രയോഗിച്ചാലുടൻ അവർ അവിടെ അദ്ഭുതചിഹ്നം(!) ഇടും സുഹൃത്തേ! മാന്യരേ! എന്നിങ്ങനെ. അല്ലാത്തിടത്തും ചിലർ അദ്ഭുതം ചേർക്കാറുണ്ട്. അനുവദിക്കുക! പിൻവലിക്കുക! വോട്ടുചെയ്യുവിൻ! വിജയിപ്പിക്കുവിൻ! സമ്മേളനം! എന്നൊക്കെ. താങ്കൾ എന്റെ സുഹൃത്തായിരിക്കുന്നത്, മാന്യനായിരിക്കുന്നത്, അനുവദിക്കുന്നത്, പിൻവലിക്കുന്നത്, വോട്ടുചെയ്യുന്നത്, വിജയിപ്പിക്കുന്നത്, സമ്മേളനം നടത്തുന്നത് എന്നിവ അദ്ഭുതകരമായ സംഗതിയാണെന്നാണ് ഇവിടെ യഥാക്രമം അർഥം. ഇവിടെയൊക്കെ വേണ്ടത് കോമയാണ്, അദ്ഭുതമല്ല, എന്ന് പലർക്കും അറിഞ്ഞുകൂട. യഥാർത്ഥ അദ്ഭുതമുള്ളിടത്തു മതി വ്യാക്ഷേപക ചിഹ്നം. അയ്യോ! എന്നോ ഹാ! എന്നോ ഉള്ളിടത്തുമാത്രമല്ല ഇത് വേണ്ടിവരിക. അവൾ അതു കണ്ടില്ല! എന്നിടത്തെ അദ്ഭുത പ്രയോഗത്തിൽ നിന്നു മനസ്സിലാക്കേണ്ടത് അവൾ അത് കാണേണ്ടിയിരുന്നു എന്നും കാണാഞ്ഞതിൽ അദ്ഭുതമുണ്ട് എന്നും ആണ്. വ്യാക്ഷേപക ചിഹ്നം കരുതി പ്രയോഗിക്കണമെന്നു സാരം.

ബന്ധരേഖ, ചെറുവര, വികല്പരേഖ എന്നിവയുടെ പ്രയോഗത്തിൽ കുഞ്ഞുമോൾക്കു നിശ്ചയം പോര. വാക്കുകളെ തമ്മിൽ ബന്ധിപ്പിച്ചു നിർത്തുന്നതാണ് ബന്ധരേഖ എന്ന ഹൈഫൻ. ഉദാ: ജില്ലാ-താലൂക്കു സമിതികൾ. വാക്കുകളെ വേർപെടുത്തി നിർത്തുന്നതാണ് ചെറുവര എന്ന ഡാഷ്. ഒരു പ്രധാന വാക്യത്തിനകത്തുള്ള മറ്റൊരു വാക്യമോ വാക്കോ പ്രയോഗമോ - ഗർഭിതം എന്ന പരന്തെസിസ് - വേറിട്ടു നില്ക്കുന്നു. ഈ പ്രത്യേകതയെ എടുത്തുകാണിക്കാനാണ് ചെറുവര ഉപയോഗിക്കുന്നത്. ഉദാ: "പദവാക്യഛന്ദസുകൾകൊണ്ട് ലാഘവേന കൈകാര്യം ചെയ്യാറായവരെ - അഭ്യാസത്താലത്രയും നേടിയവരെ - ബാലപക്ഷത്തിൽത്തള്ളിയേ ഇവിടെ വിവക്ഷയുള്ളൂ". (ഗർഭിതവാക്യം അപ്പുറത്തുമിപ്പുറത്തും കോമ ചേർത്തും വേറിട്ടു നിർത്താവുന്നതാണ്. എന്നാൽ അവിടെ വേറെ കോമ ഉണ്ടെങ്കിൽ ആശയക്ലിഷ്ടത ഉളവാകും. തന്നെയുമല്ല ഇടയ്ക്ക് കോമ ഇടുന്നിടത്തെ അവസാനവാക്കിനു ശേഷം കോമവേണ്ട എന്നു മനസ്സിലാക്കിയിട്ടുള്ള കുഞ്ഞുമോൾ ഗർഭിതവാക്യം തീരുന്നിടത്ത് കോമ അടിച്ചുചേർക്കുകയേയില്ല. അതിനാൽ ചെറുവരതന്നെയാണ് ഇവിടെ അഭികാമ്യം.) പറഞ്ഞതിന് ആ വാക്യഭാഗത്തുതന്നെ വിശദീകരണം കൊടുക്കുമ്പോഴും ചെറുവര ഉപയോഗിക്കാം. ഉദാ: കവിത്വത്തിന്റെ പ്രധാനഘടകങ്ങൾ മൂന്നാണ് - ശക്തി, നിപുണത, അഭ്യാസം. (വിശദീകരണത്തിന് ഭിത്തികയാണ് ചെറുവരയെക്കാൾ ഉചിതം.) ഏതായാലും ഹൈഫനും ഡാഷും വ്യത്യസ്തമാണ്, ഒന്നിനുപകരം നില്ക്കുന്നതല്ല മറ്റേത്. ഇത് കുഞ്ഞുമോൾ അറിഞ്ഞിരുന്നില്ല.

കുത്തനെ ചെരിച്ചുള്ള വരയാണ് ബാർ അഥവാ ഒബ്ലിക് എന്ന വികല്പരേഖ. അതിന്റെ അപ്പുറത്തും ഇപ്പുറത്തും കൊടുത്തിട്ടുള്ളതിൽ ഏതെങ്കിലും ഒന്ന് എന്നതാണ് വിവക്ഷിതം. പട്ടികജാതി/പട്ടികവർഗം എന്ന് എഴുതിയാൽ പട്ടികജാതിയോ പട്ടികവർഗമോ എന്നാണ് അർഥം. സമുച്ചയത്തെ കുറിക്കുന്നതല്ല വികല്പരേഖ. ഉദ്ദേശിക്കുന്നത് പട്ടികജാതിയും പട്ടികവർഗവും എന്നാണെങ്കിൽ അതിന്, ബന്ധരേഖതന്നെ ഉപയോഗിച്ച്, പട്ടികജാതി-പട്ടികവർഗം എന്ന് എഴുതണം, അച്ചടിക്കണം.

ചോദ്യചിഹ്നത്തിന്റെ പ്രയോഗം എല്ലാവർക്കും അറിയാം. ചോദ്യം അഥവാ സംശയം ദ്യോതിപ്പിക്കാനാണ് അതു പ്രയോഗിക്കുന്നത്. വാക്യത്തിനിടയിൽ വലയത്തിൽ (ബ്രാക്കറ്റിൽ) ചോദ്യചിഹ്നം കൊടുത്താൽ അതിനർഥം, അതിനു തൊട്ടുമുൻപു പ്രസ്താവിച്ചിട്ടുള്ള കാര്യത്തിൽ ഉറപ്പില്ല, സംശയമുണ്ട്, എന്നാണ്. (ഇംഗ്ലീഷിൽ ഇതിന് Sic എന്നൊരു വാക്ക് വലയത്തിൽ കൊടുക്കാറുണ്ട്. മലയാളത്തിൽ അങ്ങനെയൊന്ന് ഇല്ല. എന്നാൽ, 'ഉല്ല' എന്നൊരു പദം ആകാമെന്ന് ഒരു സഹൃദയൻ പറഞ്ഞത് പരിഗണിക്കാവുന്നതാണ്.) ചോദ്യമുള്ളിടത്ത് ചോദ്യചിഹ്നം വേണമെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ ചിലർ അത് അസ്ഥാനത്തു പ്രയോഗിക്കാറുണ്ട്. സാമാന്യകാര്യം, അതായത് പൊതു തത്ത്വം, പറയുന്നിടത്ത് ചോദ്യചിഹ്നത്തിനു പ്രസക്തിയില്ല. പ്രസിദ്ധമായ സംഗതി പറയുന്നിടത്ത് 'അല്ലോ' എന്നു ചേർക്കുന്നു. പ്രസിദ്ധമാണല്ലോ, അറിയാമല്ലോ, പറയേണ്ടതില്ലല്ലോ മുതലായവ ഉദാഹരണം. ഇങ്ങനെ 'അല്ലോ' കാണുന്നിടത്തൊക്കെ ചോദ്യചിഹ്നം വേണമെന്നാണ് കുഞ്ഞുമോൾ ധരിച്ചുവച്ചിരിക്കുന്നത്. ഇത് ശരിയല്ല. 'കുത്ത്' (പൂർണവിരാമ ചിഹ്നം) വേണ്ടിടത്ത് ചോദ്യചിഹ്നം പാടില്ലെന്നു വ്യക്തമാണല്ലോ.

ചിഹ്നങ്ങൾ വേറെയുമുണ്ട് കുഞ്ഞുമോൾ അറിഞ്ഞിരിക്കേണ്ടവയായി. ടൈപ്പു ചേർത്തു കിട്ടിയ ലേഖനത്തിൽ അങ്ങിങ്ങ് കുത്തനെ വര! "കയ്യെഴുത്തിൽ അങ്ങനെ ഉണ്ട്" എന്നായിരുന്നു കുഞ്ഞുമോൾടെ സമാധാനം. ശരിതന്നെ. എന്നാൽ കയ്യെഴുത്തു പ്രതിയിൽ, ചേർത്തുവച്ച മാതിരി ആയിപ്പോയ വാക്കുകൾ അച്ചടിയിൽ വിടുവിക്കണം, അതായത് ആ വാക്കുകൾക്കിടയിൽ ഇടം ഇടണം, എന്നു കാണിക്കുന്ന 'എഡിറ്റിങ് ചിഹ്നം' ആണ് നെടുകെയുള്ള ആ വര. ഇടം വേണമെന്നു കാണിക്കുന്നതിന്റെ പ്രൂഫ് തിരുത്തൽ ചിഹ്നം നെടുവരയല്ല, വേറെ ആണ്: രേഖാഗ്രങ്ങളെല്ലാം വെളിയിലേക്കു തള്ളി നില്ക്കുന്ന ചതുരം (#). കയ്യെഴുത്ത്, അഥവാ നക്കൽ (കരടു രൂപം), പരിശോധിച്ച് എഡിറ്റ് ചെയ്യുന്നതും പ്രിന്റ്-ഔട്ട്, അതായത് പ്രൂഫ്-കോപ്പി (തിരുത്തൽപ്പകർപ്പ്), നോക്കി തിരുത്തൽ നിർദേശിക്കുന്നതും ലേഖനകർത്താവുതന്നെയോ മറ്റാരാനുമോ ആകാം. മുദ്രണപരിചയമുള്ളവർ ഇതിനൊക്കെ ഉപയോഗിക്കുന്നത് സാർവലൗകികമായ നിയത ചിഹ്നങ്ങളാണ്. "അതൊക്കെ അവരുടെ കാര്യം". കുഞ്ഞുമോൾ പറയുന്നു. "ടൈപ്പു ചേർക്കുന്നതാണ് എന്റെ ജോലി; എഡിറ്ററുടെയും പ്രൂഫ് റീഡറുടെയും പണി ഞാനെന്തിനറിയണം"?

അറിയണം കുഞ്ഞുമോളേ, അറിയണം. ഭാഷാതത്ത്വം ആകെത്തന്നെ കുഞ്ഞുമോൾ അറിയണം. ഭാഷയുടെ അനിവാര്യ ഭാഗമാകയാൽ ചിഹ്നന കാര്യവും അറിഞ്ഞേതീരൂ. അങ്ങനെ കുഞ്ഞുമോൾ നന്നായാൽ നമ്മുടെ ഭാഷ നന്നാകും: അതിന്നൊപ്പം നമ്മുടെ കുഞ്ഞുങ്ങളൊക്കെയും നന്നാകും. ■


**മലയാളം ലളിതമായിരിക്കട്ടെ. അച്ചടിലിപി കാര്യത്തിൽ അത് അവ്യവസ്ഥമാകാൻ പാടില്ല. ചില സോഫ്ട്‌വെയറിൽ മലയാളലിപികൾ 135 അഥവാ അതിൽ കൂടുതൽ ആണ്. എന്നാൽ അച്ചടിലിപി നൂറിൽ താഴെയായി നിജപ്പെടുത്തുന്നതാണ് നന്ന്. പക്ഷേ ഇത് ആരു ചെയ്യും? ഏതു കച്ചവടക്കാരനുമുണ്ടാക്കാം തോന്നിയ പോലെ ലിപി സോഫ്ട്‌വെയർ.**

ഡോ. കെ.എം. ചാന്ദ് രാജ്



# നമ്മുടെ വികസനം നമ്മുടെ ഭാഷയിലൂടെ

മാതൃഭാഷയും സംസ്കാരവും വേർതിരിക്കാനാവാത്തവിധം ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. മലയാളിത്തം ഓരോ മലയാളിയും മനസ്സിലേറ്റിയാൽ മാത്രമേ മലയാളഭാഷയുടെ പദവി നിലനിർത്താൻ കഴിയൂ. അച്ചടിയിലും വിവരസാങ്കേതികവിദ്യയിലും ഭാഷയെ പുരോഗതിയുടെ പാതയിലേക്ക് നയിക്കാൻ ഭരണപരമായ ഇച്ഛാശക്തിയും ലിപിമാനകീകരണവും അത്യാവശ്യം.




ആത്മഭാഷണത്തിന്റെ മാധ്യമമാണ് മാതൃഭാഷ. ചിന്തയ്ക്ക് ഭാഷയുടെ പിൻബലം കൂടിയേ തീരൂ. ജനതയുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ അവരുടെ ഭാഷയ്ക്ക് നിർണായക പങ്കുണ്ട്. അതുകൊണ്ടുതന്നെ സ്വാഭിമാനമുള്ള ജനത മാതൃഭാഷയ്ക്ക് പ്രധാനപ്പെട്ട സ്ഥാനം കല്പിക്കുന്നു. ആത്മാഭിമാനമുള്ള ജനതയ്ക്കേ സ്വാശ്രയത്വം കൈവരിക്കാനും കഴിയൂ. അതുകൊണ്ട് ഒരു ജനതയുടെ സാംസ്കാരിക പുരോഗതിയെ സംബന്ധിച്ച അന്വേഷണത്തിൽ അവരുടെ ഭാഷാപരിചരണം ഒരു പ്രധാന വിഷയമാണ്.

ജർമൻ താർക്കികനും തത്ത്വചിന്തകനുമായ ജി. ഡബ്ലിയു ലെയ്ബ്നിസ് ഭാഷയെ നിർവചിച്ചിട്ടുള്ളത് സംവേദനത്തിനുള്ള ഉപാധി, ചിന്താരീതിയ്ക്കുള്ള ഉപകരണം എന്നിങ്ങനെയാണ്. ഇതിൽ രണ്ടാമത്തേതിനാണ് അദ്ദേഹം കൂടുതൽ പ്രാധാന്യം കല്പിച്ചിരുന്നത്. ബ്രിട്ടണിൽ 17-ാം നൂറ്റാണ്ടിൽ റെനെ ദെക്കാർതെ തുടക്കമിട്ടതും ദാൽഗമോ (Dalgamo), വിൽക്കിൻസ് (Wilkins) എന്നിവർ തുടർന്നതും അധികം വൈകാതെ പൊലിഞ്ഞു പോയതുമായ വിശ്വഭാഷാ പദ്ധതി (ലോകത്തെല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്ന ഒരു കൃത്രിമഭാഷ നിർമിക്കാൻ അന്നത്തെ ചിന്തകർ രൂപം കൊടുത്ത പദ്ധതി)ക്കു വേണ്ടി ലെയ്ബ്നിസ് തന്റേതായ സംഭാവനകൾ നൽകിയപ്പോൾ ഭാഷയ്ക്ക് ചിന്താതലത്തിലുള്ള അസ്തിത്വത്തിനാണ് പ്രാധാന്യം കൊടുത്തത്.

**സ്വന്തം ഭാഷ**

വ്യക്തിത്വ വികാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും മാതൃഭാഷ സുപ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. ഒരുവന്റെ ആത്മസത്ത അരക്കിട്ടുറപ്പിക്കുന്നത് അവന്റെ ഭാഷയിലൂടെയാണ്. സമൂഹത്തിൽ ഒരാളുടെ സ്വത്വം നിർണയിക്കുന്നതും സ്വന്തം ഭാഷയാണ്. വസ്തുതകളെ സംബന്ധിച്ച ശരിയായ ബോധമാണ് മനുഷ്യന്റെ സ്വത്വബോധത്തിന്റെ അടിസ്ഥാനഘടകം. മനുഷ്യന് ബോധം ആർജിക്കുന്നതിനുള്ള മാധ്യമം ഭാഷയാണ്. അറിവുകൾ പ്രാഥമികമായും മാതൃഭാഷയിലൂടെയാണ് നമ്മുടെ ബോധതലത്തിലെത്തുന്നത്.

ജനങ്ങൾ പരസ്പരം ആശയവിനിമയം ചെയ്യാതിരിക്കാൻ നിർവാഹമില്ലാത്ത ഘട്ടത്തിൽ ഉരുത്തിരിയുന്ന ഒരു ജൈവോത്പന്നമാണ് സ്വന്തം ഭാഷ. സാമ്രാജ്യത്വ ശക്തികൾ അടിമകളെ സൃഷ്ടിക്കുന്നത് മാതൃഭാഷാനിരാസത്തിലൂടെയാണ്. ഭാഷയെ അടിച്ചമർത്തുന്നതിലൂടെ അത് സംസാരിക്കുന്നവരെ അടിമവർഗമാക്കുന്നു. ഇതുകൊണ്ടുതന്നെ മാതൃഭാഷാഭിമാനമില്ലാത്തവർ പരാശ്രിതരായി, അടിമത്തമനോഭാവമുള്ളവരായിത്തീരുന്നു. അടിമത്തത്തിനെതിരെ സാമ്രാജ്യത്വശക്തികളോട് പടപൊരുതിയിട്ടുള്ള ജനത സ്വന്തം മൊഴി വീണ്ടെടുക്കാൻ നിരന്തരം ശ്രമിച്ചിട്ടുണ്ട്. കൊറിയ, ഫിലിപ്പൈൻസ്, ചൈന തുടങ്ങി അനേകം രാജ്യങ്ങളുടെ ചരിത്രം ഈ വസ്തുത വെളിവാക്കുന്നു.

സ്വാതന്ത്ര്യലബ്ധി ജനതയുടെ ഭാഷാഭിമാനം വളർത്തുന്നു. കൊറിയ, മലേഷ്യ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങൾ സാമ്രാജ്യത്വ ശക്തികളുടെ അധിനിവേശത്തിൻ കീഴിൽ നിന്ന് സ്വതന്ത്രമായപ്പോൾ ഭാഷാസംരക്ഷണത്തിന് മുൻതൂക്കം നൽകിയിട്ടുണ്ട്.

ഭാഷയാണ് വിജ്ഞാനലോകത്തേക്കുള്ള കവാടം. സംസ്കാരവും ഭാഷയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഓരോ ഭാഷയും അതുൾക്കൊള്ളുന്ന സംസ്കാരത്തോടും, സംസ്കാരം അതിന്റെ വാങ്മയത്തോടും വേർതിരിക്കാനാവാത്ത വിധം കെട്ടുപിണഞ്ഞിരിക്കുന്നു. ഭാഷയിലൂടെ അറിവും അറിവിലൂടെ വിദ്യാഭ്യാസവും അതിലൂടെ സാംസ്കാരികമായ ഉണർവും ഒരാൾ സ്വായത്തമാക്കുന്നു. മാതൃഭാഷയ്ക്ക് സമൂഹത്തിൽ അതിപ്രധാനമായ പങ്കാണുള്ളത്.

**ഭാഷാസംരക്ഷണം**

മാതൃഭാഷാസംരക്ഷണം ജനതയിൽ സ്വത്വബോധമുണ്ടാക്കുന്നു;

> ആത്മഭാഷണത്തിന്റെ മാധ്യമമാണ് മാതൃഭാഷ. ഭാഷയാണ് വിജ്ഞാനലോകത്തേക്കുള്ള കവാടം. സംസ്കാരവും ഭാഷയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഓരോ ഭാഷയും അതുൾക്കൊള്ളുന്ന സംസ്കാരത്തോടും, സംസ്കാരം അതിന്റെ വാങ്മയത്തോടും വേർതിരിക്കാനാവാത്ത വിധം കെട്ടുപിണഞ്ഞിരിക്കുന്നു.

> ജനങ്ങൾ പരസ്പരം ആശയവിനിമയം ചെയ്യാതിരിക്കാൻ നിർവാഹമില്ലാത്ത ഘട്ടത്തിൽ ഉരുത്തിരിയുന്ന ഒരു ജൈവോത്പന്നമാണ് സ്വന്തം ഭാഷ. സാമ്രാജ്യത്വ ശക്തികൾ അടിമകളെ സൃഷ്ടിക്കുന്നത് മാതൃഭാഷാനിരാസത്തിലൂടെയാണ്.

അതുവഴി സാംസ്കാരിക പുരോഗതിയും സാമൂഹികോന്നമനവും സംജാതമാകുന്നു. സമൂഹത്തെ നിരന്തരം മുന്നോട്ടു നയിക്കുന്ന ശക്തിയാണ് മാതൃഭാഷ. മാതൃഭാഷയുടെ നിസ്തുലതയെക്കുറിച്ച് ലോകനേതാക്കളും സാമൂഹ്യചിന്തകരും മനശ്ശാസ്ത്രവിദഗ്ധരും എടുത്തു പറഞ്ഞിട്ടുണ്ട്. ലെനിൻ, മാവോ, ഗാന്ധിജി, ടാഗോർ തുടങ്ങിയ മഹാന്മാർ അവരുടെ വ്യക്തമായ അഭിപ്രായങ്ങൾ ഇക്കാര്യത്തിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. ഭാഷ, അതു സംസാരിക്കുന്ന ജനതയുടെ ജീവിതത്തിന്റെ എല്ലാമേഖലകളിലും ചാലകശക്തിയായി വർത്തിക്കുന്നു എന്നതാണ് ഇത്തരം ചിന്താധാരകളിൽ നിന്നൂറിക്കൂടുന്ന വസ്തുത.

ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ (ഉദാ: ആന്ധ്ര) മാതൃഭാഷാസംരക്ഷണത്തിനുവേണ്ടി സമരമുന്നേറ്റമുണ്ടായിട്ടുണ്ട്. ഭാഷാ സംരക്ഷണത്തിനായി നടന്ന ഇത്തരം സമരങ്ങളെ ഭ്രാന്തമായ ആവേശമായിട്ടല്ല, മറിച്ച് സ്വത്വം തേടാനുള്ള ജനതയുടെ അഭിവാഞ്ഛയായി വേണം വിലയിരുത്തുവാൻ.

## മലയാളത്തനിമ


മലയാളികളുടെ മാതൃഭാഷയായ മലയാ ളം, പ്രാചീനവും ദ്രാവിഡഭാഷാഗോത്രത്തിൽ ഏറെ പ്രാധാന്യമുള്ളതുമായ ഭാഷയാണ്. ലോകത്തിലെ ഭാഷകളിൽ ഇതിന് 27-ാം സ്ഥാനമാണുള്ളതെന്ന് സ്ഥിതിവിവരക്കണക്കുകൾ തെളിയിക്കുന്നു. മലയാള ഭാഷോത്പത്തിയെക്കുറിച്ച് ഭാഷാശാസ്ത്രജ്ഞന്മാർക്കിടയിലും പണ്ഡിതന്മാർക്കിടയിലും അഭിപ്രായഭേദങ്ങളുണ്ടെങ്കിലും ഒരു കാര്യം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. തനിമയുള്ള ഭാഷയാണ് മലയാളം.

കേരളത്തിന്റെ സമഗ്രമായ വികസനത്തിന് മലയാളികളുടെ മാതൃഭാഷയായ മലയാളം ഇവിടത്തെ സർവ വ്യവഹാരമണ്ഡലങ്ങളിലും പ്രസരിക്കേണ്ടതുണ്ട്. കേരളീയ കല, സംസ്കാരം തുടങ്ങിയവയുടെ പ്രചാരണം മലയാളഭാഷയുടെ വികാസവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഇവിടത്തെ മലയാളത്തോടുള്ള മലയാളികളുടെ മനോഭാവം പ്രത്യേക പരാമർശമർഹിക്കുന്നു. മലയാളഭാഷയുടെ ഭാവിയെക്കുറിച്ച് ചിന്തിക്കുന്ന ഏറെക്കുറെ എല്ലാവരും തന്നെ മലയാളിയുടെ മാതൃഭാഷാവഗണനയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഈ ഭൂമുഖത്തെ മറ്റൊരു ജനവിഭാഗവും മലയാളികളെ കടത്തിവെട്ടിയിട്ടില്ല. പുരോഗമനക്കാരെന്നു മേനിനടിക്കുന്ന മലയാളികളുടെ ഈ മുഖം വികസനോന്മുഖമല്ല. സ്വത്വനിഷേധം പോലും അതിലടങ്ങിയിരിക്കുന്നു.

## അടിമത്തം ഭാഷയിലൂടെ

മൂന്നാം ലോകരാജ്യങ്ങളിൽ സാമ്രാജ്യത്വശക്തികൾ തങ്ങളുടെ പിടി മുറുക്കാൻ ഭാഷയെ കൂട്ടുപിടിച്ചിട്ടുണ്ട്. സാമ്രാജ്യത്വശക്തികൾ തങ്ങളുടെ ഭാഷയും സംസ്കാരവും നവീന വിദ്യാഭ്യാസത്തിന്റെ മറവിൽ അടിമരാജ്യങ്ങൾക്കുമേൽ കെട്ടിവയ്ക്കാൻ ശ്രമിക്കുകയും പടിപടിയായി അവരതിൽ വിജയിക്കുകയും ചെയ്തിട്ടുണ്ട്. അതുവരെ നിലവിലിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർത്തലാക്കി അധിനിവേശക്കാരുടെ ഭാഷയിൽ വിദ്യാഭ്യാസം നിർവഹിക്കാൻ നിർബന്ധിക്കുകയും ആ ഭാഷയിൽ രാഷ്ട്രീയ ക്രമീകരണങ്ങൾ നടത്തുകയും പാഠ്യപദ്ധതികൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാം ലോകരാജ്യങ്ങളിൽ പലതിന്റെയും




വിദ്യാഭ്യാസലക്ഷ്യങ്ങളെ ഇങ്ങനെ കീഴ്മേൽമറിക്കാൻ സാമ്രാജ്യത്വശക്തികൾക്കു നിഷ്പ്രയാസം സാധിച്ചു. സാമ്രാജ്യത്വശക്തികൾ ഈ രീതിയിൽ പടുത്തുയർത്തിയ വിദ്യാഭ്യാസക്രമം നവീനമായി കണക്കാക്കപ്പെടുകയും അതിന് സമൂഹത്തിൽ ഔന്നത്യം കൈവരുകയും ചെയ്തു.

## മലയാളത്തിന്റെ പദവി-ഇന്ന്

മാതൃഭാഷ പഠിക്കാതെ ബിരുദവും ബിരുദാനന്തര ബിരുദവും കരസ്ഥമാക്കാമെന്നുള്ള അവസ്ഥയാണ് കേരളത്തിൽ. ഇവിടെ മലയാളം പൂർണമായും ഒഴിവാക്കി സ്പെഷ്യൽ ഇംഗ്ലീഷ്, ഫ്രഞ്ച് തുടങ്ങിയ ഏതെങ്കിലും ഒരു ഭാഷ സ്വീകരിച്ച് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാം. ഹയർ സെക്കന്ററി, ബിരുദ, ബിരുദാനന്തരതലങ്ങളിൽ മലയാളം ഐച്ഛികമായതിനാൽ അവിടെയും അത് ഒഴിവാക്കപ്പെടുന്നു. വിദ്യാഭ്യാസത്തിൽ മാതൃഭാഷയുടെ അനിവാര്യതയെക്കുറിച്ച് കേരളത്തിലെ വിദ്യാഭ്യാസ മേഖല ആസൂത്രണം ചെയ്യുന്നവരുടെ അജ്ഞതയാണ് ഇവിടത്തെ മാതൃഭാഷാ പഠനത്തിന്റെ പിന്നോക്കാവസ്ഥ വിളംബരം ചെയ്യുന്നത്.

ഔദ്യോഗികതലത്തിലും മലയാളത്തിന്റെ ഉപയോഗം തുലോം പരിമിതമാണ്. വില്ലേജ്തലം മുതൽ ഭരണത്തിന്റെ ഉന്നതശ്രേണികൾ വരെ മലയാളം ഔദ്യോഗികഭാഷയായി സ്വീകരിക്കാനും അതു നടപ്പിലാക്കാനും വേണ്ടിയുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഭരണാധികാരികൾക്കുണ്ടാവേണ്ടതാണ്. ഇംഗ്ലണ്ടിൽ 18-ാം നൂറ്റാണ്ടിൽ ഇംഗ്ലീഷ് ഭരണകാര്യങ്ങൾക്കുപയോഗിക്കാത്ത ഉദ്യോഗസ്ഥന്മാർക്ക് അമ്പതു പവൻ പിഴയിട്ട ചരിത്രമുണ്ട്. അതു പോലെ ഇവിടെ മലയാളത്തിൽ ഭരണം നിർവഹിക്കാത്ത ഉദ്യോഗസ്ഥന്മാർക്ക് പിഴയിടാൻ തക്ക ചങ്കൂറ്റമുള്ളവർ ഭരണം കൈയാളുന്ന അവസ്ഥയുണ്ടാവണം. കേരളപ്പിറവി എത്ര കഴിഞ്ഞാലാണ് അതുണ്ടാവുക!


കേരളപ്പിറവി ദിനത്തിൽ മുണ്ടും സെറ്റുമണിഞ്ഞ് മലയാളിത്തം പുറമെ കാട്ടാൻ തുനിഞ്ഞാൽ മാത്രം പോരാ, അതിന്റെ സത്ത ഉള്ളിലുണ്ടാവണം. അതിന് ഇത്തരം പ്രവർത്തനങ്ങൾ കൂടിയേ തീരൂ.

## മാനകീകൃത ലിപി

യാതൊരു വ്യവസ്ഥയും ഇല്ലാതെയാണ് മലയാളികൾ സ്വഭാഷ കൈകാര്യം ചെയ്യുന്നത്. മലയാളത്തിന് മാനകീകൃത ലിപിവ്യവസ്ഥ ഇന്നും നടപ്പിലായിട്ടില്ല. ആറു മലയാളിക്കു നൂറു മലയാളം എന്നതാണ് ഇന്നത്തെയും അവസ്ഥ. മലയാളത്തിലെ പ്രമുഖ പത്രങ്ങൾ പരിശോധിച്ചാൽ ഈ വസ്തുത ബോധ്യമാകും. ഒരു വാക്ക് ഒരേ പേജിൽത്തന്നെ പല ലിപിവ്യവസ്ഥയിൽ വായിക്കാം. (ഇതിനെക്കുറിച്ചൊരു മറുനാടൻ മലയാളി പരിതപിച്ചു: എന്റെ കുട്ടിക്കിതൊക്കെ വേർതിരിച്ചറിയാൻ പ്രയാസമാണ്. അൽപ്പം അല്പമായും അൽപമായുമൊക്കെ അച്ചടിച്ചിരിക്കുന്നത് കണ്ട് കുട്ടി മലയാളത്തിൽ നിന്ന് അനൽപ്പമായ അകലം പാലിക്കുന്നുണ്ട്.)

അച്ചടിയിലും വിവരസാങ്കേതികവിദ്യയിലും മറ്റും മലയാളത്തിനു പുരോഗതിയുണ്ടാവണമെങ്കിൽ ലിപിമാനകീകരണം കൂടിയേതീരൂ. താൽപ്പര്യം, വിദ്യാർഥി, ശിൽപ്പം, അധ്യാപകൻ തുടങ്ങി ഒട്ടേറെ പദങ്ങൾ പലരും പല ലിപിവ്യവസ്ഥയിലാണ് എഴുതുന്നത്. അക്ഷരം ആദ്യമായി പഠിക്കുന്നവർ തൊട്ട് കമ്പ്യൂട്ടർമേഖലയിലുള്ളവർക്കുവരെ ഇത് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇതിനൊരു പരിഹാരമാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഈയിടെ കൊണ്ടുവന്ന സ്റ്റൈൽ പുസ്തകം. ചിഹ്നങ്ങളുടെ എണ്ണം കഴിയുന്നത്ര കുറച്ച് ഭാഷയെ ലളിതമാക്കിയിരിക്കുകയാണിവിടെ. ഈ രീതി ടെക്സ്റ്റ് ബുക്ക് ഉൾപ്പെടെയുള്ള പ്രസിദ്ധീകരണങ്ങളിൽ നടപ്പിലാക്കിയാൽ പത്രങ്ങളും മറ്റു മാധ്യമങ്ങളും ക്രമേണ സ്വീകരിച്ചുകൊള്ളും. ■

എം.വി. തോമസ്



# ഭരണഭാഷ അരനൂറ്റാണ്ടിന്റെ പരിശ്രമം

ഭരണഭാഷ മലയാളമാക്കുന്നതിനുള്ള ഔദ്യോഗിക നടപടികൾ 1957 ലേ തുടങ്ങിവച്ചതാണ്. സർക്കാരുകൾ മാറിമാറി വരുകയും ചില പ്രധാന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടും കാര്യമായ പുരോഗതി അടുത്തകാലം വരെ ഉണ്ടായില്ല.

ഈ സുവർണജൂബിലി വർഷത്തിൽ എടുക്കാൻ പോകുന്ന നടപടികൾ ഈ വിഷയത്തിൽ നിർണായകമാവുമെന്ന് പ്രതീക്ഷിക്കുന്നു.

ഭാഷാടിസ്ഥാനത്തിൽ രൂപവത്കൃതമായ കേരള സംസ്ഥാനം അമ്പതാം വയസ്സിലേക്ക് കടക്കുകയാണ്. സംസ്ഥാനത്ത് ഭരണഭാഷ മലയാളമാക്കുന്നതിനുള്ള പരിശ്രമങ്ങൾക്കും അത്രത്തോളം പ്രായമുണ്ട്. മാറിമാറിവന്ന സർക്കാരുകൾ ഈ ഉദ്ദേശ്യത്തോടെ ഒട്ടേറെ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ശ്രദ്ധേയമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുകയുണ്ടായി. തന്മൂലം ഈ രംഗത്ത് കുറെയൊക്കെ നേട്ടങ്ങൾ കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞു. കേരള സംസ്ഥാനം രൂപം കൊണ്ടതിന്റെ സുവർണജൂബിലി ആഘോഷിക്കുവാൻ ഒരുക്കം നടക്കുന്ന ഈ അവസരത്തിൽ അഞ്ചു പതിറ്റാണ്ടിനിടയിൽ മലയാളത്തിന് ഭരണസംവിധാനത്തിന്റെ വിവിധമേഖലകളിൽ ഔദ്യോഗികപദവി നല്കുന്നതിന് നാം നടത്തിയ ഉദ്യമങ്ങളും അവയുടെ ഫലപ്രാപ്തിയും വിലയിരുത്തേണ്ടതുണ്ട്.

**സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ്**

സ്വാതന്ത്ര്യലബ്ധിക്കു തൊട്ടുമുമ്പുവരെ ഇന്നത്തെ കേരളത്തിൽ ഉൾപ്പെടുന്ന ഭൂപ്രദേശങ്ങളിൽ ഔദ്യോഗികവും അനൗദ്യോഗികവുമായ കാര്യങ്ങൾക്ക് പ്രധാനമായും ഉപയോഗിച്ചിരുന്ന ഭാഷ മലയാളമാണ്. കേരളത്തിന്റെ ഭാഗമായിരുന്ന തിരുവിതാംകൂറിലും കൊച്ചിയിലും രാജഭരണമാണ് നിലവിലിരുന്നത്. രണ്ടിടത്തും ബ്രിട്ടീഷുകാരുടെ മേൽക്കോയ്മ ഉണ്ടായിരുന്നുവെങ്കിലും പ്രജാവത്സലന്മാരും ഭാഷാസ്നേഹികളുമായ മഹാരാജാക്കന്മാർ ഭരണകാര്യങ്ങൾക്ക് മലയാളം പരമാവധി ഉപയോഗിച്ചിരുന്നു. സായിപ്പന്മാരായ ദിവാന്മാർ പോലും എഴുത്തുകുത്തുകൾ നടത്തിയിരുന്നതും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നതും മലയാളത്തിലാണ്. സാമൂതിരിയുടെ ഭരണത്തിലിരുന്നതും വൈകിമാത്രം ബ്രിട്ടീഷ് ഭരണത്തിലായതുമായ മലബാറിലും മലയാളത്തിന് ഗണ്യമായ അംഗീകാരം ലഭിച്ചിരുന്നു. സ്വാതന്ത്ര്യലബ്ധിവരെ ഇംഗ്ലീഷുകാരായ ജഡ്ജിമാർ കേസുകൾ കേട്ടിരുന്നപ്പോൾ പോലും തിരുവിതാംകൂർ ഹൈക്കോടതിയിലെ മിക്ക വിധികളും മലയാളത്തിൽ ലഭ്യമായിരുന്നു. സി.വി.രാമൻപിള്ളയെ പോലുള്ള പ്രഗത്ഭമതികളാണ് വിധികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിരുന്നത്. കീഴ്ക്കോടതികളിൽ വിധിയെഴുത്തുൾപ്പെടെയുള്ള മിക്കവാറും എല്ലാ നടപടികളും മലയാളത്തിലാണ് നിർവഹിച്ചിരുന്നത്.

**ആംഗലവത്കരണം**

1947-ൽ ഇംഗ്ലീഷുകാർ ഇന്ത്യ വിട്ടതിനെത്തുടർന്ന് തിരുവിതാംകൂറും കൊച്ചിയും ഇന്ത്യൻ യൂണിയനിൽ ചേർന്നു. മലബാർ മദിരാശിസംസ്ഥാനത്തിന്റെ ഭാഗമായിത്തുടർന്നു. 1956 നവംബർ ഒന്നിന് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനവും മലബാർപ്രദേശവും സംയോജിപ്പിച്ച് അല്പം ചില രൂപഭേദങ്ങളോടെ കേരള സംസ്ഥാനം രൂപവത്കരിച്ചു. തുടർന്നുള്ള ആറുമാസക്കാലം ഈ സംസ്ഥാനത്ത് പ്രസിഡന്റ് ഭരണമാണ് നിലവിലിരുന്നത്. ബി. രാമകൃഷ്ണറാവു ഗവർണറും പി.എസ്. റാവു അഡ്വൈസറുമായിരുന്ന അക്കാലത്ത് ആംഗലവത്കരണപ്രക്രിയ ശക്തിപ്പെട്ടു. രാജഭരണത്തിന്റെ അവശിഷ്ടാധികാരങ്ങൾ പോലും അപ്രത്യക്ഷമാവുകയും മദിരാശി സംസ്ഥാനത്തു നിന്ന് കേരളസർവീസിലേക്ക് കുടിയേറിയ ആംഗലഭാഷാ പ്രവീണന്മാരായ ഉന്നതോദ്യോഗസ്ഥൻമാർ കേര

ളത്തിന്റെ ഭരണസിരാകേന്ദ്രങ്ങളിൽ പിടിമുറുക്കുകയും ചെയ്തതോടെ ഈ പ്രക്രിയ ഏതാണ്ട് പൂർത്തിയായി. പിന്നീട് ഈ സംസ്ഥാനത്ത് നിയമവും നിയമനിർമാണവും ഉത്തരവുകളും കോടതി നടപടികളും ഒക്കെ ഇംഗ്ലീഷിലായി. ഉദ്യോഗപ്പേരുകളിൽപ്പോലും മാറ്റം സംഭവിച്ചു. തിരുവിതാംകൂറിലെ 'പേഷ്കാർ' പോയി 'കളക്ടർ' വന്നു. 'അധികാരിയും' 'പ്രവൃത്തിയാരും' 'മാസപ്പടിയും' മറ്റും അപ്രത്യക്ഷരായി. എല്ലായിടത്തും 'ആപ്പീസർമാർ' രംഗപ്രവേശം ചെയ്തു.

### ഔദ്യോഗിക നടപടികളുടെ തുടക്കം

1957 ഏപ്രിൽ 5ന് ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കേരളത്തിലാദ്യത്തെ ജനകീയ സർക്കാർ അധികാരമേറ്റു. ജനകീയഭരണം ജനങ്ങളുടെ ഭാഷയിലായിരിക്കണമെന്ന് അറിയാമായിരുന്ന പുതിയ സർക്കാർ കേരള സംസ്ഥാനത്തിന്റെ ഔദ്യോഗികഭാഷ മലയാളമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ ശുപാർശ ചെയ്യുന്നതിനായി ഒരു കമ്മിറ്റിയെ നിയമിച്ചു. കോമാട്ടിൽ അച്യുതമേനോനായിരുന്നു കമ്മിറ്റിയുടെ അധ്യക്ഷൻ. 1958 ആഗസ്റ്റിൽ കമ്മിറ്റി, സർക്കാരിന് ശുപാർശകൾ സമർപ്പിച്ചു. ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന ജനങ്ങളുടെ ഭരണം ഏത് വിഷയം അധികരിച്ചുള്ളതായാലും ജനങ്ങളുടെ ഭാഷയിൽ തന്നെ വേണമെന്നുള്ളത് നിർവിവാദമായ സംഗതിയാണ് എന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടു. തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, തൊഴിൽ വകുപ്പ് തുടങ്ങി 17 വകുപ്പുകളിൽ ഭരണസംബന്ധമായ എല്ലാ എഴുത്തുകുത്തുകളും ഉടനെ തന്നെ മലയാളമാക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തു. രാജ്യത്തെ ജനസഞ്ചയവുമായി ദൈനംദിന സമ്പർക്കമുള്ള വകുപ്പുകളെന്ന നിലയിലാണ് ഇവയെ തെരഞ്ഞെടുത്തത്. പൊതുമരാമത്ത്, ആരോഗ്യം, വിദ്യുച്ഛക്തി തുടങ്ങിയ സാങ്കേതിക സ്വഭാവമുള്ള വകുപ്പുകൾക്ക് പ്രാമാണികരേഖകളുടെ വിവർത്തനത്തിനുവേണ്ടി ഒരു വർഷത്തെ സാവകാശം കൊടുക്കാവുന്നതാണെന്ന് കമ്മിറ്റി നിർദേശിച്ചു. അതനുസരിച്ച്, 1958-ൽ കേരളത്തിലെ ഭരണഭാഷ പൂർണമായും മലയാളമാവേണ്ടതായിരുന്നു. എന്നാൽ അതുണ്ടായില്ല. ഇതിനിടയ്ക്ക് ജനകീയ ഗവൺമെന്റുകൾ പലതും മാറിമാറി വന്നിട്ടും ആ ശുപാർശകൾ നടപ്പാക്കുന്നതിനുള്ള കാര്യമായ നടപടിയൊന്നും ഉണ്ടായില്ല.

### ധീരമായ നടപടികൾ

എന്നാൽ 1965-ലെ പൊതുതെരഞ്ഞെടുപ്പിനെത്തുടർന്ന് ഒരു കക്ഷിക്കും മന്ത്രിസഭ രൂപവത്കരിക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ ഏർപ്പെടുത്തിയ പ്രസിഡന്റ് ഭരണകാലത്ത് ഗവർണറായിരുന്ന എ.പി. ജയിൻ ഔദ്യോഗികഭാഷ മലയാളമാക്കുന്നതിന് ധീരമായ ചില നടപടികൾ സ്വീകരിക്കുകയുണ്ടായി. കോമാട്ടിൽ അച്യുതമേനോന്റെ ശുപാർശകൾ പരിശോധിച്ച് റിപ്പോർട്ടു ചെയ്യാൻ 1965 മെയ് 5-ാം തീയതി മലയാറ്റൂർ രാമകൃഷ്ണനെ സ്പെഷ്യൽ ഓഫീസറായി സർക്കാർ നിയമിച്ചു. അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതാനും ഓഫീസുകളിൽ നിർദിഷ്ട ആവശ്യങ്ങൾക്ക് മലയാളം ഔദ്യോഗികഭാഷയായി ഉപയോഗിക്കണമെന്ന് 1965 ഒക്ടോബർ 19ന് സർക്കാർ നിർദേശിച്ചു. അങ്ങനെ പരിമിതമായ തോതിലാണെങ്കിൽപ്പോലും മലയാളം ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള ആദ്യത്തെ ഉത്തരവുണ്ടായത് ഹിന്ദിഭാഷക്കാരനായ ഒരു ഗവർണറുടെ താത്പര്യം കൊണ്ടാണ്. ഔദ്യോഗികഭാഷാ സ്പെഷ്യൽ ഓഫീസറുടെ തുടർന്നുള്ള ശുപാർശകൾ അംഗീകരിച്ചുകൊണ്ടും മലയാളത്തിന്റെ ഉപയോഗം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിച്ചുകൊണ്ടും 1966 ഏപ്രിൽ 19ന് ഉത്തരവിട്ടതും മറ്റൊരു ഉത്തരേന്ത്യനാണ്, ഗവർണർ ഭഗവാൻസഹായ്. ഈ ഉത്തരവുകളൊക്കെ ഉണ്ടായിട്ടും ഭരണഭാഷയായി മലയാളം ഉപയോഗിക്കുന്ന കാര്യത്തിൽ പറയത്തക്ക പുരോഗതിയൊന്നും ഉണ്ടായില്ല.

കേന്ദ്രസർക്കാരിന്റെ താത്പര്യപ്രകാരം ഭരണഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി 1968-ൽ കേരളത്തിൽ ഒരു ഔദ്യോഗികഭാഷാ കമ്മീഷൻ രൂപം കൊണ്ടു. എം. പ്രഭയായിരുന്നു കമ്മീഷന്റെ അധ്യക്ഷൻ. ഒരു ദശാബ്ദത്തിനുള്ളിൽ ഇന്ത്യൻ ഭരണഘടനയുൾപ്പെടെ നൂറ്റിയമ്പതോളം പ്രധാനപ്പെട്ട കേന്ദ്രനിയമങ്ങളുടെ വിവർത്തനങ്ങൾ പ്രസാധനം ചെയ്യുവാൻ കമ്മീഷന് കഴിഞ്ഞു. അവയ്ക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും നമ്മുടെ കോടതികളിൽ പ്രമാണിക രേഖയായി ഈ വിവർത്തനങ്ങൾ ഇപ്പോഴും ഉപയോഗിക്കാറില്ല. 1968-ൽ ത്തന്നെ രൂപം കൊണ്ട കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണഭാഷാമാറ്റത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തി. മാനവിക-വൈജ്ഞാനിക ശാഖകളിൽ സർവകലാശാലാ തലത്തിലുള്ള ഗ്രന്ഥങ്ങൾ നിർമിക്കുകയെന്നതാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖ്യലക്ഷ്യമെങ്കിലും മലയാളം ഭരണഭാഷയാക്കാനുതകുന്ന ശബ്ദാവലികളും മറ്റും ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മലയാളം ടൈപ്പ്റൈറ്ററിന്റെ കീബോർഡ് നിർമാണം, ഷോർട്ട്ഹാൻഡ് പരിഷ്കരണം, ലിപി പരിഷ്കരണം തുടങ്ങി ഭരണഭാഷാ മാറ്റത്തിനുള്ള ഔദ്യോഗിക നടപടികളിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻകൈയെടുത്ത് പ്രവർത്തിച്ചു.

### ഔദ്യോഗികഭാഷാ നിയമം

സി. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഭരണഭാഷ മലയാളമാക്കുന്നതിലേക്ക് സുപ്രധാനമായ ചില നടപടികൾ സ്വീകരിക്കുകയുണ്ടായി. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് 1969-ൽ കേരള ഔദ്യോഗികഭാഷാ(നിയമനിർമാണം) നിയമം പാസ്സാക്കിയതാണ്. നിയമനിർമാണത്തിന് ഇംഗ്ലീഷിനോടൊപ്പം മലയാളവും ഉപയോഗിക്കാവുന്നതാണെന്ന് അതിൽ വ്യവസ്ഥ ചെയ്തിരുന്നു. ഹൈക്കോടതിക്കു താഴെയുള്ള കോടതികളിൽ മലയാളം ഉപയോഗിക്കുന്നതിന് അനുവദിച്ചുകൊണ്ട് 1973 മെയ്മാസത്തിൽ ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. ഔദ്യോഗികഭാഷാ



നിയമത്തിന് 1973-ൽ വരുത്തിയ ഭേദഗതി പ്രകാരം ചേർത്ത I'എ' വകുപ്പിൽ ഇംഗ്ലീഷും മലയാളവും സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷകൾ ആയിരിക്കുമെന്ന് അസന്ദിഗ്ധമായി പ്രസ്താവിച്ചിട്ടുണ്ട്. പ്രത്യേക ഔദ്യോഗികാവശ്യങ്ങൾക്ക് മലയാളമോ ഇംഗ്ലീഷോ ഉപയോഗിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ 'ബി' വകുപ്പ് സർക്കാരിനെ അധികാരപ്പെടുത്തുന്നു. ഈ വകുപ്പിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ വകുപ്പുകളിൽ മലയാളം മാത്രം ഉപയോഗിക്കണമെന്ന് അനുശാസിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെ




ടുവിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത വകുപ്പുകളിൽ മുമ്പെന്നപോലെ ഇപ്പോഴും ഇംഗ്ലീഷ് തന്നെയാണ് പ്രധാനമായും ഉപയോഗിച്ചുവരുന്നത്.

**പഞ്ചവത്സര പദ്ധതി**

1976-ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന എ.കെ. ആന്റണി കേരളത്തിന്റെ ഔദ്യോഗികഭാഷ പൂർണമായും മലയാളമാക്കുന്നതിന് ഒരു പഞ്ചവത്സരപദ്ധതി പ്രഖ്യാപിച്ചു. 1976 നവംബർ ഒന്ന് മുതൽ അഞ്ചു വർഷത്തിനകം സെക്രട്ടേറിയറ്റ് ഉൾപ്പെടെ ഉള്ള എല്ലാ ഓഫീസുകളിലെയും പബ്ലിക് സർവീസ് കമ്മീഷൻ, സർവകലാശാലകൾ, നിയമസഭ എന്നിവിടങ്ങളിലെയും കോടതികളിലെയും ഔദ്യോഗികഭാഷ മലയാളമാക്കുമെന്നായിരുന്നു പ്രഖ്യാപനം. സെക്രട്ടേറിയറ്റിലെ ഭരണപരിഷ്കാര വകുപ്പിന്റെ ഒരു വിഭാഗമായ ഔദ്യോഗിക ഭാഷാവിഭാഗം ഭരണഭാഷ എന്നൊരു മാസിക നല്ല നിലയിൽ നടത്തുകയും ഭരണ ഭാഷാപ്രയോഗപദ്ധതി, ഭരണശബ്ദസഹായി, ഭരണഭാഷാസംബന്ധമായ ഉത്തരവുകളുടെ സമാഹാരം തുടങ്ങി കുറേ ലഘുഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതിനപ്പുറം ഈ പഞ്ചവത്സരപദ്ധതി ലക്ഷ്യത്തിന്റെ വിദൂര സ്ഥാനങ്ങളിൽപ്പോലും എത്തിയോ എന്ന കാര്യം സംശയമാണ്. 1995ലും 2001ലും മുഖ്യമന്ത്രി പദമേറ്റപ്പോഴും എ.കെ. ആന്റണി ഭരണഭാഷയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു. ഭരണഭാഷാവകുപ്പിന്റെ ചുമതല 2001-ൽ പാർലമെന്ററി കാര്യമന്ത്രി എം.എം. ഹസ്സനെ ഏല്പിക്കുകയും നവംബർ 1 മുതൽ ഒരാഴ്ച ഭരണഭാഷാവാരമായി ആഘോഷിക്കുന്നതിനു തുടക്കം കുറിക്കുകയും ചെയ്തതായിരുന്നു ഈ രംഗത്ത് അദ്ദേഹം ഒടുവിലായി സ്വീകരിച്ച ശ്രദ്ധേയമായ നടപടികൾ. ഒരു വർഷം മുമ്പ് അധികാരമേറ്റ ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ മലയാളം ഭരണഭാഷയാക്കുന്ന കാര്യത്തിൽ പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

**മലയാളം നിയമസഭയിൽ**

നമ്മുടെ ഭരണസംവിധാനത്തിന് നിയമനിർമാണം, ഭരണനിർവഹണം, നീതിനിർവഹണം എന്നിങ്ങനെ മൂന്ന് മേഖലകളാണല്ലോ ഉള്ളത്. ഈ മൂന്ന് മേഖലകളിലും പൂർണമായും മലയാളം ഉപയോഗിക്കുമ്പോൾ മാത്രമേ ഈ ഭാഷ കേരളത്തിലെ ഭരണഭാഷയായി എന്ന് പറയാനാവൂ. ഭാഗ്യവശാൽ കേരള നിയമസഭയുടെ നടപടികൾ ഇപ്പോൾ മലയാളത്തിലായിട്ടുണ്ട്. 1983 മാർച്ച് 10ന് ലോനപ്പൻ നമ്പാടൻ എം.എൽ.എ. ഏതാനും ഇംഗ്ലീഷ് ബില്ലുകൾ നിയമസഭയിൽ വച്ച് കത്തിച്ചതിനെത്തുടർന്നാണ് ഇതുസംബന്ധിച്ച് ഫലപ്രദമായ നടപടികൾ ഉണ്ടായത്. വി.എം. സുധീരൻ അധ്യക്ഷനായ നിയമസഭാ കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ടിൽ (1983 ആഗസ്റ്റ്) എല്ലാ തലങ്ങളിലും ഭരണഭാഷയെന്ന നിലയിൽ മലയാളം ഉപയോഗിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിച്ചു. മറ്റ് നിയമസഭകളിൽ ചെയ്യുന്നതുപോലെ കേരള നിയമസഭയിലും തദ്ദേശഭാഷയിൽ തന്നെ ബില്ലുകൾ അവതരിപ്പിക്കുന്നതിന് ഇനിയും കാലതാമസം ഒട്ടും വരുത്താൻ പാടില്ല എന്ന ശുപാർശ സർക്കാർ കൈയോടെ അംഗീകരിച്ച് നടപ്പാക്കി. അടുത്തകാലത്ത് സ്പീക്കറായിരുന്ന വക്കം പുരുഷോത്തമൻ ഭരണഭാഷയ്ക്കുവേണ്ടി ഒരു നിയമസഭാസമിതി രൂപവത്കരിച്ചത് ഒരു പുതിയ കാൽവയ്പായിരുന്നു. എന്നാൽ കേരളത്തിന്റെ ഏകഔദ്യോഗിക ഭാഷയായി മലയാളത്തെ അവരോധിക്കുന്ന ഒരു നിയമനിർമാണം ഇന്നേവരെ ഉണ്ടായിട്ടില്ല. മലയാളത്തെ കേരളത്തിന്റെ ഏകഔദ്യോഗിക ഭാഷയായി പ്രഖ്യാപിക്കുകയും ഇംഗ്ലീഷ്, ഹിന്ദി ന്യൂനപക്ഷഭാഷകൾ എന്നിവ ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന സന്ദർഭങ്ങൾ വ്യക്തമാക്കുകയും ചെയ്യുന്ന ഒരു നിയമമാണ് കേരളത്തിന്റെ സുവർണ ജൂബിലി ആഘോഷിക്കുന്നതിന് തുടക്കം കുറിക്കുന്ന ഈ ഘട്ടത്തിൽ അടിയന്തരമായി ഉണ്ടാവേണ്ടത്.

**കോടതി ഭാഷ**

സ്വാതന്ത്ര്യലബ്ധിവരെ കീഴ്ക്കോടതികളിൽ പൂർണമായും ഹൈക്കോടതികളിൽ ഭാഗികമായും മലയാളം ഉപയോഗിച്ചിരുന്ന കേരളത്തിൽ ഇന്ന് നീതിന്യായകോടതികളുടെ പടിക്കുപുറത്താണ് മലയാളത്തിന്റെ സ്ഥാനം. സിവിൽ നടപടിക്രമം 137-ാം വകുപ്പു പ്രകാരവും ക്രിമിനൽ നടപടിക്രമം 272-ാം വകുപ്പു പ്രകാരവും കീഴ്ക്കോടതികളിലെ ഭാഷ എന്തായിരിക്കണമെന്ന് നിർണയിക്കുവാനുള്ള അധികാരം സംസ്ഥാന സർക്കാരിനുണ്ട്. ഇതുപ്രകാരം 1978-ൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിൽ കീഴ്ക്കോടതികളിൽ മലയാളം കൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകി. മലയാളം ഉപയോഗിക്കുന്നതിന് അതിൽ നിർദേശിച്ചിരുന്നില്ല. ഈ വിജ്ഞാപനം അനുസരിച്ച് തിരുവനന്തപുരത്ത് ഒരു ജഡ്ജി ചില വിധികൾ മലയാളത്തിൽ എഴുതുകയുണ്ടായി. അത്രയുമല്ലാതെ മറ്റൊന്നും ആ വിജ്ഞാപനം മുഖേന സംഭവിച്ചില്ല. കീഴ്ക്കോടതികളിൽ പ്രാദേശികഭാഷ വിധിയെഴുത്തിന് ഉപയോഗിക്കാത്ത ഒരേ ഒരു സംസ്ഥാനം ഒരുപക്ഷേ കേരളമായിരിക്കും.

ഹൈക്കോടതിയുടെയും എല്ലാ കീഴ്ക്കോടതികളുടെയും വിധിപ്രസ്താവം ഉൾപ്പെടെ എല്ലാ കോടതികാര്യങ്ങളും മലയാളത്തിൽ തന്നെ നിർവഹിക്കുന്നതിനു വേണ്ട നടപടികൾ ശുപാർശ ചെയ്യുന്നതിനുവേണ്ടി ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയായിരുന്ന ജസ്റ്റിസ് കെ.കെ. നരേന്ദ്രന്റെ അധ്യക്ഷതയിൽ ഒരു സമിതി രൂപവത്കരിച്ചുകൊണ്ട് 1985 മെയ് 24ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഉടനടി കീഴ്ക്കോടതികളിൽ പൂർണമായും മലയാളം നടപ്പാക്കുന്നതിന് 1987-ൽ സമിതി ശുപാർശ സമർപ്പിച്ചു. 18 വർഷങ്ങൾ കഴിഞ്ഞിട്ടും ഈ വഴിയുള്ള കാര്യമായ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. സർക്കാരിന്റെ അടിയന്തര ശ്രദ്ധ പതിയേണ്ട ഒരു വിഷയമാണിത്.

പാടിയ ഗാനം മധുരകരം; പാടാത്ത ഗാനം മധുരതരം എന്നു പറഞ്ഞതുപോലെ ഭരണഭാഷ മലയാളമാക്കുന്നതിനുവേണ്ടി കഴിഞ്ഞ അരനൂറ്റാണ്ടിനുള്ളിൽ മാറിമാറി വന്ന സംസ്ഥാനസർക്കാരുകൾ എടുത്തിട്ടുള്ള നടപടികളൊക്കെ നല്ലവ തന്നെ. പക്ഷേ ഈ വരുന്ന സുവർണ ജൂബിലി വർഷത്തിൽ എടുക്കാൻ പോകുന്ന നടപടികളാണ് ഈ രംഗത്ത് നിർണായകമാവുക. ■

ഡോ. എസ്. രാജശേഖരൻ



**സാമുദായികചിന്തയുടെ നാലഴികൾക്കുള്ളിൽ കുടുക്കിയിടാൻ വെമ്പുന്ന സങ്കുചിത താത്പര്യം നിരണംകവികളുടെ മഹത്തായ സാംസ്കാരികപ്രക്രിയയെ മലിനീകരിക്കുകയേയുള്ളു.**

# നിരണം കവികൾ: മുൻവിധികളും യാഥാർഥ്യങ്ങളും

നൂറ്റാണ്ടുകൾ നീണ്ടുനിന്ന നവോത്ഥാന പ്രവർത്തനങ്ങളുടെയും അവകാശസമരങ്ങളുടെയും ഏകീകരണപ്രവർത്തനങ്ങളുടെയും പ്രബുദ്ധതയുടെയും ഫലമായി കേരളം നേടിയ സാംസ്കാരികമായ ഔന്നത്യത്തിൽ നിന്ന് പിന്നോക്കം പോകുന്ന പ്രവണത സമീപകാലത്തായി ശക്തിപ്പെട്ടു വരുന്നു എന്നതിൽ സംസ്കാരത്തെ സ്നേഹിക്കുന്നവരെല്ലാം തന്നെ ഇന്ന് ആകുലരാണ്. പ്രബുദ്ധതയോടെ കേരളം തൂത്തെറിഞ്ഞുകളഞ്ഞ അനാചാരങ്ങളും പ്രാകൃതമായ അനുഷ്ഠാനങ്ങളും നിസ്സങ്കോചം ആധുനികജീവിതത്തിന്റെ പൂമുഖത്തുകയറി അവകാശാധികാരങ്ങളോടെ ഇന്ന് ഇരിപ്പുറപ്പിച്ചിരിക്കുന്നു. ഏറിയ ഭഗീരഥയത്നത്തിന്റെ തന്നെ ഫലമായി നമുക്ക് നിരാകരിക്കാൻ കഴിഞ്ഞ ജാതിചിന്തയും മതപരമായ വേർതിരിവുകളും സാംസ്കാരികരംഗത്തുപോലും സ്ഥാനം പിടിക്കുന്നു. ഇത് എത്രമാത്രം ബീഭത്സമായ അവസ്ഥയിലേക്കു നയിക്കാമെന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ് ഭാഷാപിതാവെന്നു നാം അഭിമാനപൂർവം കരുതുന്ന എഴുത്തച്ഛനെയും എഴുത്തച്ഛന്റെ തന്നെ ഭാഷാപരവും സാഹിത്യപരവും സാംസ്കാരികപരവുമായ ഔന്നത്യത്തിന് വഴികാട്ടികളായ നിരണം കവികളെയും ചില പ്രത്യേക ജാതികളുടെ വലയത്തിലൊതുക്കി നിർത്തുന്നതിന് ഈയിടെ നടന്നുവരുന്ന ശ്രമങ്ങൾ. ചില പ്രത്യേകവകുപ്പുകൾ ഭരിക്കുന്നത് പ്രത്യേകജാതിക്കാർ തന്നെയായിരിക്കണമെന്ന് ശാഠ്യം പിടിക്കാൻ ജാതി ചോദിക്കരുത്, പറയരുത് എന്നു നിഷ്കർഷിച്ച ശ്രീനാരായണഗുരുവിന്റെ അനുയായികൾ തന്നെ മുന്നോട്ടുവരുന്ന സാഹചര്യത്തിൽ ഇതുപോലുള്ള ശ്രമങ്ങളെ ഏറെ കരുതലോടെ സമീപിക്കേണ്ടിയിരിക്കുന്നു.

കണ്ണശ്ശകവികളെക്കുറിച്ച് ഈയിടെ പുറത്തുവരുകയും പുറത്തുവരുന്നതിനോടൊപ്പം പുരസ്കരിക്കപ്പെടുകയും ചെയ്ത ചില നിരീക്ഷണങ്ങൾ ഇപ്പറഞ്ഞ പ്രതിലോമപ്രവണതകളുടെ സൂചനകളാണ്. നിരണംകവികളെ ഒരു പ്രത്യേക ജാതിയിലേക്ക് ഒതുക്കിയെടുക്കാൻ വേണ്ടി ചരിത്രം, ഭാഷ, സാഹിത്യം എന്നിവയിന്മേലുള്ള ബലാത്കാര പ്രയോഗമായി മാത്രമേ ഈ വിധത്തിലുള്ള ശ്രമങ്ങളെ കാണാൻ കഴിയൂ. നിരണംകവികൾ നിർവഹിച്ച മഹത്തായ സാംസ്കാരിക സമന്വയ പ്രക്രിയയുടെ നേരെ മറുപുറം കുറിക്കുന്ന ഇത് ആ കവികളെത്തന്നെ അധിക്ഷേപിക്കലാണ്.

ഐതിഹ്യങ്ങളോ കെട്ടുകഥകളോ മുൻധാരണകളോ വച്ചുകൊണ്ടല്ല ചരിത്രവസ്തുതകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിലാണ് കണ്ണശ്ശനെ പോലുള്ള ചരിത്രനായകന്മാരെ സംബന്ധിച്ച അന്വേഷണങ്ങൾ നടക്കേണ്ടത്. ഇക്കാര്യത്തിൽ കണ്ണശ്ശനെ സംബന്ധിച്ച് നമ്മൾ അനുഗ്രഹീതരാണെന്നു പറയണം; സ്വന്തം വംശപരമ്പരയെ സംബന്ധിച്ച് കണ്ണശ്ശരാമായണകാരന്റെ വെളിപ്പെടുത്തലുകൾ മറ്റൊരു പ്രാചീനകൃതിയിൽ നിന്നും അതിന്റെ രചയിതാവിനെ കുറിച്ചു കിട്ടാത്തത്ര സ്ഫുടമാണ്.

ഇതിനകം പല തവണ ഉദ്ധരിക്കപ്പെട്ടു കഴിഞ്ഞ ആ ഈരടികൾ ആർക്കും ഒരഭിപ്രായവ്യത്യാസത്തിനും ഇട നൽകാതെ ചില വസ്തുതകൾ വ്യക്തമായിപ്പറയുന്നു: സ്വർലോകതുല്യമായ നിരണമഹാദേശത്ത് മഹാഗുരുവരനും ഉഭയകവീശ്വരനും മഹാത്മാവും പരമാത്മാജ്ഞാനം നേടിയവനും വന്ദ്യനുമായ കരുണേശനുണ്ടായിരുന്നു. അദ്ദേഹത്തിന് രണ്ട് പുത്രന്മാരും മൂന്ന് പുത്രിമാരുമുണ്ടായിരുന്നു. കുറേ കാലത്തിനു ശേഷം അദ്ദേഹം അന്തരിച്ചു. അദ്ദേഹത്തിന്റെ പുത്രന്മാർ പിതാവിനെപ്പോലെ തന്നെ വിദ്യാധിപന്മാരായിത്തീർന്നു. പെൺമക്കളിൽ ഇളയവളുടെ മകനായി രാമൻ ജനിച്ചു. സ്വന്തം പാപപരിഹാരാർഥം രാമനാണ് മഹാദേവാജ്ഞയനുസരിച്ച് രാമായണരചന നടത്തിയത്.

രാമകവിയുടെ ഈ ആത്മകഥാപരാമർശത്തെക്കുറിച്ച് ഇതുവരെ ആരും സന്ദേഹങ്ങളോ വ്യാഖ്യാനഭേദങ്ങളോ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ കണ്ണശ്ശനെയും സാമുദായിക ചിന്തയുടെ നാലഴികൾക്കുള്ളിൽ കുടുക്കിയിട്ടേ അടങ്ങൂ എന്ന നിർബന്ധം ഇതിലെ പല ഭാഗങ്ങളെയും തെറ്റായി വായിക്കാൻ പ്രേരണയായി. 'ഉഭയകവീശ്വരൻ' എന്നതിന് 'രണ്ടു കവികൾക്കും ഈശ്വരതുല്യൻ' എന്ന ഒരു വികടാർഥം നൽകുന്നതിലേക്കാണ് അതു ചെന്നെത്തിയത്. ഉഭയകവി എന്ന സംസ്കൃതശബ്ദത്തിന് സംസ്കൃതത്തിലായാലും ഭാഷാപ്രയോഗത്തിലായാലും അർഥം 'രണ്ടുഭാഷകളിൽ കവിതരചിക്കുന്നയാൾ' എന്നാണ്. മലയാളികളുടെ ശബ്ദാർഥ ബോധത്തിന്റെ പ്രാമാണിക ഗ്രന്ഥമായ ശബ്ദതാരാവലി ഈ അർഥം

നൽകിയിട്ട് കണ്ണശ്ശന്റെ പ്രയോഗം സൂചിപ്പിക്കുകയും ചെയ്യുന്നുണ്ട്. കരുണേശന്റെ പുത്രന്മാരെ കവികളെന്നല്ല വിദ്യാധിപരെന്നാണ് കണ്ണശ്ശൻ വിശേഷിപ്പിക്കുന്നതെന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

നിരണം കവികളെന്നും കണ്ണശ്ശന്മാരെന്നും അറിയപ്പെടുന്ന രാമായണകാരനായ രാമനും ഭാഷാഭഗവദ്ഗീതാകാരനായ മാധവനും ഭാരതമാലാകാരനായ ശങ്കരനും ഒരേ കുടുംബത്തിൽപ്പെട്ടവരാണെന്നതിന് ഇനിയും തെളിവുകളൊന്നും ലഭിച്ചിട്ടില്ലെന്നു മാത്രമല്ല അങ്ങനെയല്ലെന്ന് കൃതികളിലെ ആന്തരിക സാഹചര്യങ്ങൾ വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. ഇവർക്ക് കുടുംബബന്ധമെന്നതിനെക്കാൾ പ്രസ്ഥാനബന്ധമാണ് ഉണ്ടായിരുന്നത്. ആ പ്രസ്ഥാനത്തെ നിരണം സ്കൂൾ എന്ന് വിശേഷിപ്പിക്കാം. മഹാഗുരുവരനും ഉഭയകവീശ്വരനും മഹാത്മാവും മാനിതനും പരമാത്മജ്ഞാനമുൾക്കൊണ്ടയാളുമായ കരുണേശന് നല്ലൊരു ശിഷ്യപരമ്പരയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മക്കൾ ആ പാരമ്പര്യം തുടർന്നു എന്നാണ് 'ആനവനൊടു സമരായ് വിദ്യാധിപരായാർ' എന്ന പരാമർശം വ്യക്തമാക്കുന്നത്. അങ്ങനെ തുടർന്ന ശിഷ്യപരമ്പരയിലൊരാളാണ് ഇപ്പറഞ്ഞ മക്കളുടെ മരുമകനായ രാമൻ. ശങ്കരനും രാമനും അതേ ശിഷ്യപരമ്പരയിൽപ്പെട്ടവരത്രെ. അവരെ രാമന്റെ മുൻഗാമികളായിക്കരുതുന്നതും യുക്തമല്ല. മുൻഗാമികളായിരുന്നെങ്കിൽ രാമകവി അവരെക്കുറിച്ച് സ്വന്തം കൃതികളിൽ സൂചിപ്പിക്കുമായിരുന്നു. ശങ്കരൻ മുന്നേ തന്നെ ഭാരതമാല രചിച്ചിരുന്നെങ്കിൽ ഭാരതം പാട്ടെഴുതിയ രാമൻ അതു പറയാതിരിക്കില്ല. ഭഗവദ്ഗീത രചിച്ചുകഴിഞ്ഞിരുന്നുവെങ്കിൽ ഭാഗവതംപാട്ടിന്റെ ആമുഖഭാഗത്ത് അത് സ്വാഭാവികമായും കാണുമായിരുന്നു. അതുകൊണ്ട് കരുണേശനിൽ പരാമർശിക്കപ്പെടുന്ന ഗുരുപരമ്പരയിലെ നേരവകാശിയായ രാമായണകാരനെ ആദരസൂചകമായി കണ്ണശ്ശനെന്നു വിളിച്ചുവന്നുവെന്നും രാമായണം കണ്ണശ്ശരാമായണമെന്ന് പ്രസിദ്ധമായെന്നും രാമകവിക്ക് സമകാലികരോ അനന്തരകാലികരോ ആയി അതേ ശിഷ്യപരമ്പരയിൽപ്പെട്ട മലയിൻകീഴ് മാധവനും വെള്ളാങ്ങല്ലൂർ ശങ്കരനും യഥാക്രമം ഭഗവദ്ഗീതയും ഭാരതമാലയും രചിച്ചു എന്നും കരുതുന്നതാണ് യുക്തം. രാമകവി കരുണേശനെന്ന മാതാമഹനെ നിറഞ്ഞുവാഴ്ത്തുമ്പോൾ സ്വന്തം മക്കളായ ഭഗവദ്ഗീതാകാരനോ ഭാരതമാലാകാരനോ അദ്ദേഹത്തെക്കുറിച്ച് ഒന്നും പറയുന്നില്ലെന്നത് ഇപ്പറഞ്ഞ കുടുംബബന്ധാരോപത്തെ നിരസിക്കുന്ന പ്രധാനപ്പെട്ടൊരു വസ്തുതയാണ്.

'മലയിക്കീൾ തിരുമാതിൻ വല്ലഭനരുളാലെ' എന്നാണ് മാധവകവി തന്നെക്കുറിച്ചു പറയുന്നിടത്തു സൂചിപ്പിക്കുന്നതെന്നു സ്ഥാപിക്കാനും അതിന് പർവതത്തിന്റെ അധീനതയിലുള്ള പാർവതീദേവിയുടെ വല്ലഭനെന്ന് വൈകല്യപൂർണമായ അർഥം ആരോപിക്കാനുമുള്ള ശ്രമം അറിവില്ലായ്മയുടെ ഫലമാണ്. കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരണമായ ഭാഷാ ഭഗവദ്ഗീതയ്ക്ക് ശൂരനാട്ടുകുഞ്ഞൻപിള്ള എഴുതിയ അവതാരികയിൽ മലയിക്കീൾ എന്നു കാണുന്നത് വെറും അച്ചുപിഴയെന്നു തള്ളേണ്ടതാണ്. ഗ്രന്ഥത്തിൽ മലയിൻകീഴ് എന്നു തന്നെയാണുള്ളത്. എന്നുമാത്രമല്ല, 'ഉരചേർന്നമരാവതിസമമായേ, ഉറ്റനചെൽവമെഴും' ഈ വിശേഷണങ്ങൾ 'മലയിൻകീഴ്' എന്ന (സ്ഥല) നാമപദത്തെത്തന്നെയാണ് വിശേഷിപ്പിക്കുന്നതെന്നു വ്യക്തം. മലയിൻകീഴിൽ വിഷ്ണുക്ഷേത്രമല്ല, ശ്രീകൃഷ്ണക്ഷേത്രമാണുള്ളതെന്നും അങ്ങനെയിരിക്കെ 'തിരുമാതിൻവല്ലഭ'നെന്നത് അവിടത്തെ ദേവനെക്കുറിച്ചാണെന്ന വാദം സ്വീകാര്യമല്ലെന്നു പറയുന്നതും വെറും മുൻവിധിയുടെ ഫലമാണ്. മഹാവിഷ്ണുവിന്റെയും ശ്രീകൃഷ്ണന്റെയും പേരും പര്യായങ്ങളും പരസ്പരം മാറിമാറി പ്രയോഗിക്കുന്നത് പ്രാചീനകൃതികളിൽ സർവസാധാരണമാണ്. അതു മനസ്സിലാക്കിയില്ലെങ്കിൽ,

> കമലാകാന്തന്റെ കാരുണ്യശീലന്റെ
> കമനീയാംഗന്റെ കാമസമാനന്റെ
> ദമനസന്നാഹം കേട്ടുവിഷാദിച്ചു
> കമനി പാഞ്ചാലി ദേവനാരായണ!

എന്ന കുഞ്ചൻനമ്പ്യാരുടെ പ്രയോഗം കൗരവസഭയിൽ ദൂതിന് പോയത് കൃഷ്ണനാണെന്നും മഹാവിഷ്ണുവല്ലെന്നും പറഞ്ഞ് തള്ളിക്കളയേണ്ടതായി വരും. ഇതുപോലെ ബാലിശമായൊരു വാദം മാത്രമാണ് 'ഇതി വെള്ളാങ്ങല്ലൂർ ശങ്കരവിരചിതായാം ഭാരതമാലായാം...' എന്ന ഭാഗം അനധികൃതമാണെന്നതും. സ്വന്തം മുൻവിധികൾക്ക് സാധൂകരണം കണ്ടെത്തിയേ അടങ്ങൂ എന്ന ശാഠ്യമാണ് ഇങ്ങനെയുള്ള അബദ്ധങ്ങളിലേക്ക് നയിക്കുന്നത്. നിരണത്തെ രാമനെയും മലയിൻകീഴിലെ മാധവനെയും വെള്ളാങ്ങല്ലൂരിലെ ശങ്കരനെയും പരസ്പരം ബന്ധിച്ച് എല്ലാവരെയും കണ്ണശ്ശന്മാരോ നിരണംകവികളോ ആക്കി മാറ്റുന്നത് കരുണേശനിൽ നിന്നു തുടങ്ങുന്ന കാവ്യപാരമ്പര്യ(നിരണം സ്കൂൾ)മാണ്. ഈ തിരിച്ചറിവിന് ഇവിടെ വഴി മുടക്കിനില്ക്കുന്നത് മുന്നേ സൂചിപ്പിച്ച ജാതിക്കെണികളാണ്.

കണ്ണശ്ശപദത്തിന്റെ നിഷ്പത്തി കണ്ടുപിടിക്കാനുള്ള ശ്രമത്തെ ആ കെണി വല്ലാതെ കുരുക്കിയിട്ടുണ്ട്. കരുണേശൻ എന്ന ആചാര്യന്റെ പേരാണ് കണ്ണശ്ശനെന്നായതെന്ന് പൊതുവെ പണ്ഡിതന്മാരെല്ലാം അംഗീകരിച്ചിട്ടുണ്ട്. ഭാഷാരീതിയനുസരിച്ചുള്ള സ്വാഭാവികമായ ഒരു പരിണാമമാണതെന്നും എല്ലാവർക്കുമറിയാം. എന്നാൽ അവിടെ ജാതികൊണ്ടുവന്നേ തീരൂ എന്ന നിർബന്ധം കണിശ്ശൻ എന്ന ഒരു ഇല്ലാപദത്തിന്റെ തദ്ഭവമാക്കി കണ്ണശ്ശനെ മാറ്റി. കണിശ്ശനെന്നത് കണിയാനെന്ന സമുദായത്തെക്കുറിക്കുന്നതാണെന്നാണ് വാദം. എന്നാൽ കണിശനെന്നല്ലാതെ കണിശ്ശനെന്നൊരുപദമില്ലെന്നും കണിശൻ കണിയാനാകാമെന്നല്ലാതെ ഒരിക്കലും കണ്ണശ്ശനാവുകയില്ലെന്നുമുള്ള സാമാന്യയുക്തിയെല്ലാം അവിടെ തിരസ്കരിക്കപ്പെട്ടു. ഇല്ലാത്ത ശബ്ദത്തിന്റെ സാധുതയ്ക്ക് ശബ്ദതാരാവലി തന്നെ തെറ്റായി ഉദ്ധരിക്കപ്പെടുകയും ചെയ്തു. (കണിശൻ-[ഗണക] കണിയാൻ [ഗോചരൻ] എന്ന് ശബ്ദതാരാവലി).

നമ്മുടെ വിലയേറിയ ഈടുവയ്പുകളെയെല്ലാം സങ്കുചിതതാത്പര്യങ്ങളുടെ പേരിൽ ദുർവ്യാഖ്യാനം ചെയ്യാനും വസ്തുതകൾ വളച്ചൊടിക്കാനുമുള്ള ശ്രമങ്ങൾ സമീപകാലത്തായി വർധിച്ചുവരുന്നതായാണ് കാണുന്നത്. പൂർവികാചാര്യന്മാരെ സ്വന്തം ജാതിയുടെയോ സമുദായത്തിന്റെയോ പട്ടികയിൽ ചേർത്ത് കണക്കൊപ്പിക്കാനും അതിന്റെ പേരിൽ നേട്ടങ്ങളുണ്ടാക്കാനുമുള്ള ശ്രമങ്ങൾ ആ ആചാര്യന്മാരുടെ സംഭാവനകളെയും മഹത്വത്തെയും മലിനീകരിക്കുകയേയുള്ളൂ. നിരണംകവികൾ, ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, രാമപുരത്തു വാര്യർ എന്നിങ്ങനെ കേരളത്തിന്റെ സാംസ്കാരിക പൈതൃകം രൂപപ്പെടുത്തിയ കവികളെ അവർ ഏതെങ്കിലും പ്രത്യേക സമുദായത്തിൽപ്പെട്ടവരെന്ന നിലയിലല്ല, മഹാകവികളും സാംസ്കാരികനായകന്മാരുമെന്ന നിലയിലാണ് നാം ആദരിക്കുന്നത്. അവരെ ഏതെങ്കിലും സമുദായത്തിനുള്ളിലേക്ക് ഒതുക്കിയെടുക്കാനുള്ള ശ്രമം സ്വച്ഛമായ സാംസ്കാരികാന്തരീക്ഷത്തിൽ വിഷം കലക്കാനേ ഉപകരിക്കൂ. മൂല്യങ്ങളെല്ലാം തകർത്തെറിഞ്ഞുകൊണ്ടുള്ള പുതിയ പടയോട്ടത്തിൽ നമുക്കൊന്നു പിടിച്ചുനില്ക്കാൻ ഈ തിരിച്ചറിവ് അനിവാര്യമാണ്. ■

നിരണത്തെ രാമനെയും മലയിൻകീഴിലെ മാധവനെയും വെള്ളാങ്ങല്ലൂരിലെ ശങ്കരനെയും പരസ്പരം ബന്ധിച്ച് എല്ലാവരെയും കണ്ണശ്ശന്മാരോ നിരണംകവികളോ ആക്കി മാറ്റുന്നത് കരുണേശനിൽ നിന്നു തുടങ്ങുന്ന കാവ്യപാരമ്പര്യ(നിരണം സ്കൂൾ)മാണ്. ഈ തിരിച്ചറിവിന് വഴി മുടക്കിനില്ക്കുന്നത് ജാതിക്കെണികളാണ്.

ഒ.എ. മുഹമ്മദ് റിഷ്‌ലം



# കാരൂരിനെ ഓർക്കുമ്പോൾ

**ഹൃദയസ്പർശിയായി കഥ പറയുകയായിരുന്നു കാരൂർ. അദ്ദേഹത്തിന്റെ അനുഭവങ്ങൾ അങ്ങനെ വായനക്കാരന്റെയും അനുഭവങ്ങളായി.**

മലയാള കഥാസാഹിത്യത്തിലെ കുറെ നല്ല കഥകളുടെ സ്രഷ്ടാവാണ് കാരൂർ നീലകണ്ഠപ്പിള്ള. ഹൃദയസ്പർശിയാം വിധം കഥകൾ പറഞ്ഞ കാരൂർയുഗം അസ്തമിച്ചിട്ട് സെപ്തംബർ 30ന് 30 ആണ്ട് തികഞ്ഞു. ഈ സന്ദർഭത്തിൽ കാരൂർ കഥകളെ ആസ്പദമാക്കിയുള്ള ഒരു പഠനമാണിവിടെ നടത്തുന്നത്.

മനുഷ്യസ്നേഹിയായ സാഹിത്യകാരനായിരുന്നു കാരൂർ. തന്റെ 'വാദ്ധ്യാർ കഥ'കളിലൂടെ യാതനയനുഭവിക്കുന്ന അദ്ധ്യാപകരെ അദ്ദേഹം വരച്ചുകാട്ടി. സംഘടിത ശക്തിയിലൂടെ മാത്രമേ അർഹമായ അവകാശങ്ങൾ ലഭ്യമാക്കാൻ കഴിയൂ എന്നദ്ദേഹം ഉറച്ചുവിശ്വസിച്ചിരുന്നു.

ദാരിദ്ര്യവും കഷ്ടപ്പാടും ജീവിതത്തിന്റെ ഭാഗമായി കാരൂർ കരുതി. അവയെല്ലാം മധുരമുള്ള അനുഭവങ്ങളായി മാറുമെന്നാണ് തന്റെ അനുഭവമെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. ഏഴാം ക്ലാസ് പാസായ ഉടനെ കിട്ടിയ ജോലി അർഹമായ ആവശ്യങ്ങൾ സാധിച്ചുകിട്ടാൻ വേണ്ടി അദ്ധ്യാപകരെ സംഘടിപ്പിച്ചു എന്ന കാരണത്താൽ നഷ്ടപ്പെട്ടപ്പോൾ പോലും അദ്ദേഹം പതറാതിരുന്നത് ഒരു പക്ഷേ ഇക്കാരണത്താലാവാം. നാളെയുടെ ശുഭപ്രതീക്ഷകൾക്ക് നിറം വയ്ക്കുന്നതും കാത്തിരിക്കാൻ ഒരു രസമൊക്കെയുണ്ടെന്ന ജീവിതവീക്ഷണം ഉൾക്കൊള്ളുന്നതുമായിരുന്നു അദ്ദേഹം എഴുതിയ കഥകളിൽ ഏറെയും.

അദ്ദേഹം കഥയെഴുതുകയല്ല പറയുകയാണ് ചെയ്തിരുന്നത്. മലബാർ കെ. സുകുമാരന്റെയും ഇ.വി. കൃഷ്ണപിള്ളയുടെയും കഥകൾ വായിച്ചാണ് കഥയെഴുത്തിനുള്ള പ്രേരണ അദ്ദേഹത്തിന് കിട്ടിയത്. ആദ്യമൊക്കെ കൊല്ലത്തു നിന്ന് പ്രസിദ്ധീകരിച്ചുവന്ന 'ശ്രീവാഴുംകോട്' എന്ന വാരികയിൽ ലേഖനങ്ങളും മറ്റും എഴുതാറുണ്ടായിരുന്നു. സാമൂഹ്യ വിമർശനങ്ങളായിരുന്നു അവയിൽ പലതും.

ജീവിതത്തിലെ ഇല്ലാവല്ലായ്മകൾ അദ്ദേഹം തന്റെ കഥകളിൽ

പുസ്തകപരിചയം

ബാലൻ കുറുങ്ങോട്ട് കുറിഞ്ഞാലിയോട്



# ഭാരതത്തിലെ പ്രാചീന ചിത്രകലാഗ്രന്ഥങ്ങൾ

ഭാരതീയ ചിത്രകലയെ സംബന്ധിച്ച് അതിപ്രാചീനങ്ങളായ പ്രാമാണിക ഗ്രന്ഥങ്ങൾ എത്രയോ ഉണ്ടായിട്ടുണ്ട്. മിക്കവയും സംസ്കൃതഭാഷയിൽ വിരചിതങ്ങളാണ്. പലതും നമ്മുടെ അശ്രദ്ധ കൊണ്ട് നമുക്ക് നഷ്ടപ്പെട്ടുപോയി. ശേഷിക്കുന്ന ഏതാനും ചില ഗ്രന്ഥങ്ങളെ വായനക്കാർക്ക് പരിചയപ്പെടുത്തുകയാണ് ഈ കൊച്ചു ലേഖനത്തിന്റെ ഉദ്ദേശ്യം. ഗവേഷണകുതുകികളും, കലാ പ്രേമികളുമായ സഹൃദയന്മാർ ഇത്തരം അപൂർവ ഗ്രന്ഥങ്ങൾ തേടിപ്പിടിച്ചു മലയാള ഭാഷയിൽ മൊഴിമാറ്റം ചെയ്ത് പ്രസാധനം ചെയ്താൽ അത് ചിത്രകലാരംഗത്തേയ്ക്കുള്ള അമൂല്യ സംഭാവനയും മലയാള ഭാഷയ്ക്ക് മുതൽക്കൂട്ടുമായിരിക്കുമെന്ന് ഇത്തരുണത്തിൽ ഓർമപ്പെടുത്തട്ടെ.

ചിത്രങ്ങൾ വരയ്ക്കാനുള്ള പാടവം എല്ലാവർക്കുമില്ലെങ്കിലും അവ കണ്ടാസ്വദിക്കാനുള്ള പ്രചോദനം മനുഷ്യസഹജമാണ്. പാശ്ചാത്യചിത്രകലയിൽ ചില സവിശേഷതകളുണ്ട്. പാശ്ചാത്യ ചിത്രകല ഭൗതിക സൗന്ദര്യത്തിന് പ്രാധാന്യം നൽകുമ്പോൾ, ഭാരതീയ ചിത്രകല ആത്മീയ സൗന്ദര്യത്തിനാണ് ഊന്നൽ കൊടുക്കുന്നത്. വടിവൊത്ത രേഖകളും മിഴിവുറ്റ വർണങ്ങളും ഭാരതീയചിത്രകലയുടെ പ്രത്യേകതകളാണ്.

ഗുഹാഭിത്തികളിലും കൊട്ടാരക്കെട്ടുകളിലും ക്ഷേത്രച്ചുമരുകളിലും നൂറ്റാണ്ടുകൾക്കുമുമ്പ് ആലേഖനം ചെയ്യപ്പെട്ട മനോഹരചിത്രങ്ങൾ കാലത്തിന്റെ പ്രഹരങ്ങളേറ്റിട്ടൊന്നും ഒളി മങ്ങാതെ ഇന്നും പ്രേക്ഷകരെ അത്ഭുതസ്തബ്ധരാക്കുന്നുവെങ്കിൽ അതിനുകാരണം ഏകാന്ത തപശ്ചര്യയോടെ കലാസൃഷ്ടികൾ നടത്തിയ അജ്ഞാത കലാകാരന്മാരുടെ ഉജ്വലപ്രതിഭയും കരവിരുതും സാങ്കേതികജ്ഞാനവും മാത്രമാണ്. ചുമർചിത്രരചനാ സങ്കേതങ്ങളെ സംബന്ധിച്ച് നൂറ്റാണ്ടുകൾക്കു മുമ്പേ തന്നെ കലാമർമജ്ഞരായ മനീഷികൾ എഴുതി വച്ച ഏതാനും ഗ്രന്ഥങ്ങളെക്കുറിച്ചാണിവിടെ പരാമർശിക്കുന്നത്.

**വിഷ്ണുധർമോത്തരം**

ഗുപ്തരാജവംശത്തിന്റെ ഭരണകാലത്ത് എഴുതപ്പെട്ടതാ

ഹൃദയസ്പർശിയായ രീതിയിൽ ആവിഷ്കരിച്ചു. അവയിൽ നല്ലൊരു പങ്കും സാഹിത്യനിരൂപകരുടെ ഭാഷയിൽ 'വാദ്ധ്യാർ കഥ' കളായിരുന്നു. ഒരദ്ധ്യാപകനായിരുന്ന അദ്ദേഹം അവരുടെ പ്രശ്നങ്ങൾ ജനമധ്യത്തിൽ കൊണ്ടുവരാൻ ഒട്ടും തന്നെ വിമുഖത കാട്ടിയിരുന്നില്ലെന്നതാണ് പരമാർത്ഥം. 'വാദ്ധ്യാർ കഥ'കളെഴുതിയവരാരും ഒരിക്കലും 'തന്നെ' കവച്ചുവച്ചിട്ടില്ലെന്ന് കാരൂർ ഒരിക്കൽ തുറന്നെഴുതുക പോലും ചെയ്തു.

34 വയസ്സുള്ളപ്പോഴാണ് കാരൂർ കഥകളെഴുതിത്തുടങ്ങിയത്. ആദ്യത്തെ കഥയാണ് 'ഭൃത്യവാത്സല്യം'; അസമയത്ത് വീട്ടിൽ വന്നുകയറിയ ഒരതിഥിയെ സത്കരിക്കാനായി അയൽക്കാരന്റെ പാടം കളവായി കൊയ്ത ഒരു നമ്പൂതിരിയുടെ കഥയാണിത്. നല്ല അഞ്ചുകഥകളാണ് പൂവമ്പഴം, മരപ്പാവകൾ, മോതിരം, സേഫ്ടി പിൻ, ചെകുത്താൻ എന്നിവ. കാരൂരിന്റെ തന്നെ അഭിപ്രായമാണിത്.

തനിക്ക് ചുറ്റും കാണുകയും കേൾക്കുകയും ചെയ്യുന്നവരുടെ പ്രശ്നങ്ങളാണ് കാരൂർ കഥകളിലെ പ്രാധാന പ്രതിപാദ്യ വിഷയം. 'കാൽചക്രം, ഊണിന്റെ കണക്ക്' തുടങ്ങിയവയിലെ വാദ്ധ്യാന്മാരെ നമുക്കെങ്ങനെയാണ് മറക്കാൻ കഴിയുക? 'തിരുവാതിര'യിലെ പോസ്റ്റുമാനും 'പത്തുരൂപ'യിലെ തുച്ഛശമ്പളക്കാരനുമൊക്കെ അദ്ദേഹത്തിന്റെ അവിസ്മരണീയമായ ചില കഥാപാത്രങ്ങൾ മാത്രമാണ്.

ബാലമനഃശാസ്ത്രം ഇത്രമാത്രം അപഗ്രഥിച്ച് പഠിച്ച മറ്റൊരു സാഹിത്യകാരനെ കാണുക പ്രയാസം. സമ്മാനം, ആനക്കാരൻ, അനന്തനും അമ്പിളിയും, ബാലൻ, അഞ്ചുകടലാസ് തുടങ്ങിയ കൃതികളിലൊക്കെ ബാല മനസ്സുകളുടെ നൈർമല്യവും കുസൃതിത്തരങ്ങളും ചപലതകളും ഇട കലർന്ന് കാണാം. കുട്ടികൾക്ക് വേണ്ടി ഒമ്പത് ബാല സാഹിത്യകൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ നർമബോധം വ്യക്തമായി പ്രതിഫലിപ്പിക്കുന്ന രചനകളുമുണ്ട്. മരപ്പാവകൾ വായിച്ചു നോക്കൂ. അതിലെ എന്യൂമറേറ്ററുടെയും വീട്ടുകാരിയുടെയും സംഭാഷണം നിങ്ങൾ അറിഞ്ഞാസ്വദിക്കാതിരിക്കില്ല! 'ശേഷിച്ച കടം', 'അഭയം' എന്നീ കഥകളിലും നർമത്തിന്റെ മിന്നലൊളി കാണാം.

എന്നാൽ കാരൂരിന്റെ കഥകളിൽ കാണാൻ കഴിയാത്ത ഒന്നുണ്ട്, പ്രേമം. പ്രേമകഥകൾ, വായനക്കാരനെ ഇക്കിളിപ്പെടുത്തുന്ന ഒന്നുപോലും അദ്ദേഹം എഴുതിയിട്ടില്ല.

ചെറുകഥാകാരൻ എന്ന പേരിലാണ് കാരൂർ അറിയപ്പെടുന്നതെങ്കിലും അദ്ദേഹം ചുരുക്കം ചില നോവലുകളും എഴുതിയിട്ടുണ്ട്. 'ഗൗരി', 'പഞ്ഞിയും നൂലും' എന്നിവയാണ് അവയിൽ പ്രധാനം.

ആർക്കും രസിക്കുന്ന ആഖ്യാന ശൈലിയാണ് കാരൂർ കഥകളുടെ മുഖമുദ്ര. ആ കഥകൾ വായിക്കുമ്പോൾ അവ വായിക്കുകയാണ് എന്ന തോന്നൽ നമുക്കുണ്ടാകില്ല; മറിച്ച് കഥാപാത്രങ്ങളോടൊപ്പം നാമും ജീവിക്കുകയാണെന്ന് തോന്നിപ്പോകും.

അദ്ദേഹം തന്റെ കൃതികളിൽ കൂടി സഹകരണ പ്രസ്ഥാനത്തിന്റെ ആവശ്യകത നമ്മെ മനസ്സിലാക്കിത്തരുന്നു. 'പഞ്ഞിയും നൂലും' എന്ന നോവലിൽ ഇക്കാര്യം വ്യക്തമാക്കാനാണ് കാരൂർ ശ്രമിച്ചിട്ടുള്ളത്.

സഹകരണ പ്രസ്ഥാനത്തോടുള്ള മമത ചെറുപ്രായത്തിൽത്തന്നെ കാരൂരിന്റെ മനസിൽ പച്ചപിടിച്ചിരുന്നു. അദ്ധ്യാപക

ണെന്നാണ് ചരിത്രഗവേഷകന്മാരുടെ നിഗമനം. ഈ ഗ്രന്ഥത്തിന്റെ കർത്താവാരെന്നതിനെ സംബന്ധിച്ച കാര്യം ഇന്നും അജ്ഞാതമാണ്. ചിത്രങ്ങളെ സത്യം, വൈണികം, നാഗരം, മിത്രം എന്നിങ്ങനെ നാലു വിഭാഗത്തിൽപ്പെടുത്തിയതായി ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു. പ്രകൃതിയിൽ കാണുന്ന ദൃശ്യങ്ങൾ തനിരൂപത്തിൽ ചിത്രീകരിക്കുന്നത് സത്യവും, ജീവിതരംഗങ്ങളെ സ്പർശിക്കുന്ന ചിത്രങ്ങൾ നാഗരവും, ഭാവപ്രകടനത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ചിത്രങ്ങൾ വൈണികവും ഈ മൂന്നു രീതികളും കൂടിച്ചേർന്നു രചിക്കുന്ന ചിത്രങ്ങൾ മിശ്രവുമാണെന്ന് ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു. ചിത്രങ്ങൾക്ക് ഷെയിഡ് ചെയ്യുന്ന രീതികൾ മൂന്നു വിധമാണ്. പരസ്പരം ഛേദിക്കുന്ന വിധം ചരിഞ്ഞ രേഖകൾ ഉപയോഗിച്ചു ചെയ്യുന്ന ഷെയിഡിങ് രീതിയെ 'പത്രജവർത്തന' എന്നും നേർരേഖകളുപയോഗിച്ചു ചെയ്യുന്ന ഷെയിഡിങ് സമ്പ്രദായത്തെ 'രേഖജവർത്തന' എന്നും ബിന്ദുക്കൾ ഉപയോഗിച്ചു ചെയ്യുന്ന ഷെയിഡിങ് രീതിയെ 'ബിന്ദുജവർത്തന' എന്നും പറയുന്നു. കൂടാതെ നിറങ്ങൾ പരസ്പരം കൂട്ടിച്ചേർക്കുന്നതിനെപ്പറ്റിയും, ലേഖിനി, ബ്രഷുകൾ എന്നിവ നിർമിക്കേണ്ട രീതികളെപ്പറ്റിയും ചിത്രരചനക്ക് ചുമർ സജ്ജമാക്കേണ്ടതിനെപ്പറ്റിയും നൂറ്റാണ്ടുകൾക്കു മുമ്പേ രചിച്ച ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു.

**അഭിലഷിതാർത്ഥ ചിന്താമണി**

ചാലൂക്യരാജവംശത്തിൽപ്പെട്ട സോമേശ്വരൻ എന്ന രാജാവാണ് പന്ത്രണ്ടാം നൂറ്റാണ്ടിൽ ഈ ഗ്രന്ഥം രചിച്ചത്. മാനസോല്ലാസമെന്ന മറ്റൊരു പേരും ഈ ഗ്രന്ഥത്തിനുണ്ട്. ചിത്രരചനയ്ക്ക് ഭിത്തി സജ്ജമാക്കേണ്ടരീതി, ലേഖിനി, ബ്രഷ്, വിവിധതരം ചായങ്ങൾ, അവ കൂട്ടിക്കലർത്തുന്ന രീതി, ധൂളീചിത്രം (പലതരം വർണപ്പൊടികൾ ഉപയോഗിച്ചുചെയ്യുന്ന ചിത്രം), ഭാവചിത്രം (വികാരങ്ങളെ പ്രകടിപ്പിക്കുന്ന ചിത്രം) വിധാചിത്രം (ഛായാചിത്രങ്ങൾ), അവിധാചിത്രം (പ്രകൃതി ദൃശ്യങ്ങളുടെ ചിത്രം) എന്നീ വിവിധ തരം ചിത്രമെഴുത്തുസമ്പ്രദായങ്ങളെയും, ചിത്രകാരൻ സ്വീകരിക്കേണ്ട പ്രമാണം, ഭാവലാവണ്യം, സാദൃശ്യം, വർണീകാഭംഗം, ലാവണ്യയോജനം, രൂപഭേദം എന്നീ ആറു പ്രമാണങ്ങളെ സംബന്ധിച്ചും ഈ ഗ്രന്ഥത്തിൽ വിശദമായി പ്രതിപാദിക്കുന്നു.

**നാരദശില്പം**

ഈ ഗ്രന്ഥം ഏതു കാലത്തെഴുതിയെന്നോ, കർത്താവാരെന്നോ ഇതുവരെ ഒരു തെളിവും ലഭിച്ചിട്ടില്ല. മൂന്നുവിധം ചിത്രരചനാരീതികളെ ഇതിൽ പ്രതിപാദിക്കുന്നു. 1. ഭൂമിക (തറയിൽ നിർമിക്കുന്ന ചിത്രം) 2. കുഡ്യഗ (ചുമരിൽ എഴുതുന്ന ചിത്രം) 3. ഊർദ്ധ്വഗ (മേൽത്തട്ടിൽ രചിക്കുന്ന ചിത്രം) എന്നിവയാണവ. കൂടാതെ ആർട്ട് ഗ്യാലറികൾ സ്ഥാപിക്കേണ്ട സ്ഥലങ്ങളും ചിത്രങ്ങൾ സംവിധാനം ചെയ്യേണ്ട ക്രമങ്ങളും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു.

**ശില്പരത്നം**

ശ്രീകുമാരൻ എന്ന കേരളീയ കലാകാരൻ പതിനാറാം നൂറ്റാണ്ടിൽ രചിച്ചതാണ് ശില്പരത്നം. വിവിധവർണങ്ങൾ, അവ കൂട്ടിച്ചേർക്കുന്ന രീതി, വെള്ള, കറുപ്പ്, ചുവപ്പ്, മഞ്ഞ, നീല എന്നീ അഞ്ചു പ്രാഥമിക നിറങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു.

**ശിവതത്ത്വ രത്നാകരം**

ഇക്കേരി രാജവംശത്തിൽപ്പെട്ട ബാസവഭൂവാലൻ പന്ത്രണ്ടാം നൂറ്റാണ്ടിൽ രചിച്ചതാണീ ഗ്രന്ഥം. ഇതൊരു സർവവിജ്ഞാനകോശം കൂടിയാണ്. ഇതിലെ ഷഷ്ടകല്ലോലമെന്ന അദ്ധ്യായത്തിലാണ് ചിത്രകലയെ സംബന്ധിച്ച വിസ്തൃതവിവരണമുള്ളത്.

കൂടാതെ ഭരതമുനിയുടെ നാട്യശാസ്ത്രം, കാശ്യപശിൽപം, മയമതം, തന്ത്രസമുച്ചയം (ശിൽപഭാഗം) എന്നീ ഗ്രന്ഥങ്ങളിലെല്ലാം അവിടവിടെയായി ചിത്രകലയെ സംബന്ധിച്ചുള്ള പരാമർശങ്ങളുണ്ട്. ■

---

ജോലിയിൽ നിന്നു പിരിച്ചുവിടപ്പെട്ടശേഷം പിന്നീട് കുറേനാൾ ഒരു വൈദ്യശാലയിലായി ജോലി. അക്കാലത്ത് തുടങ്ങിയതാണ് സഹകരണരംഗവുമായുള്ള ചങ്ങാത്തം. ജന്മസ്ഥലമായ ഏറ്റുമാനൂരിൽ ഒരു യുവജന പരസ്പര സഹായസംഘം ആരംഭിച്ചപ്പോൾ കാരൂർ അതിന്റെ പ്രസിഡന്റായി. അദ്ദേഹം തന്റെ പ്രവർത്തനങ്ങൾ പിന്നീട് അദ്ധ്യാപക ജോലി തിരിച്ചു കിട്ടിയപ്പോഴും അവസാനിപ്പിച്ചില്ല. തുടർന്ന് കോട്ടയം സഹകരണ യൂണിയന്റെ സെക്രട്ടറിയായി.

അല്പ നാളുകൾക്ക് ശേഷം അദ്ധ്യാപകവൃത്തി വിട്ട് ആലപ്പുഴയിലെ കയർ വ്യവസായത്തിലേക്ക് അദ്ദേഹം തന്റെ ശ്രദ്ധ തിരിച്ചു. ഒന്നാം ലോക മഹായുദ്ധത്തെ തുടർന്നുണ്ടായ വ്യാവസായിക മാന്ദ്യത്തിൽ നിന്നും രക്ഷപ്പെടാനാകാതെ അദ്ദേഹം വീണ്ടും അദ്ധ്യാപകവൃത്തിയിലേക്ക് മടങ്ങി. പിന്നീട് കുറേനാൾ മൂന്നാറിൽ കൃഷിപ്പണിയുമായി കഴിഞ്ഞുകൂടി.

ഈ സമയം പ്രശസ്ത നിരൂപകനായ എം.പി. പോൾ കോട്ടയത്ത് നടത്തിയിരുന്ന പോൾസ് കോളേജിൽ സാഹിത്യകാരന്മാരുടെ ഒരു സുഹൃദ് സമ്മേളനം നടന്നു വന്നിരുന്നു. കാരൂർ, പൊൻകുന്നം വർക്കി, വൈക്കം മുഹമ്മദ് ബഷീർ, ആനന്ദക്കുട്ടൻ, മഹാകവി പുത്തൻകാവ് മാത്തൻ തരകൻ എന്നിവരായിരുന്നു അവരിൽ പ്രമുഖർ. ഈ സാഹിത്യസഖ്യം നടത്തിയ സാഹിത്യ സമ്മേളനങ്ങൾ വിജയകരമായിരുന്നില്ല. സാമ്പത്തികമായിരുന്നു പ്രശ്നം. ഇതാണ് സാഹിത്യകാരന്മാരുടെ സഹകരണസംഘമായ എസ്.പി.സി.എസ്.ന് (സാഹിത്യ പ്രവർത്തക സഹകരണ സംഘം) ജന്മം കൊടുക്കാൻ കാരൂരിനെ പ്രേരിപ്പിച്ചത്. കാരൂരിനോടൊപ്പം, ഡി.സി. കിഴക്കേമുറി, എം.പി.പോൾ എന്നിവരുടെയും മറ്റും ശ്രമഫലമായി 1945 ഏപ്രിൽ 30-ന് തിരുവിതാംകൂർ സാഹിത്യ പ്രവർത്തക സഹകരണ സംഘം നിലവിൽ വന്നു. ഇതോടൊപ്പം സംഘം പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ വിറ്റഴിക്കുന്നതിന് കോട്ടയത്ത് നാഷണൽ ബുക്ക് സ്റ്റാൾ എന്നൊരു പുസ്തകശാലയും പ്രവർത്തനമാരംഭിച്ചു. ആദ്യകാലത്ത് മന്ദീഭവിച്ചു കിടന്നിരുന്ന സംഘവും എൻ.ബി.എസും 1949-ൽ ഒന്നാക്കി പ്രവർത്തനം ത്വരിതപ്പെടുത്തി.

സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കുന്നതിനും സാഹിത്യകാരന്മാർക്ക് അർഹമായ പ്രതിഫലം കൊടുക്കുന്നതിനും സംഘം കാര്യമായി യത്നിച്ചു. മറ്റ് സാഹിത്യകാരന്മാരുടെ കൃതികളോടൊപ്പം കാരൂരിന്റെ കഥകളും മറ്റുഭാഷകളിലേക്ക് വിവർത്തനം ചെയ്തു പുറത്തിറക്കി. 'പഞ്ഞിയും നൂലു'മാണ് അദ്ദേഹത്തിന്റെ അവസാന കൃതി.

1959-ൽ 'ആനക്കാരൻ' എന്ന കഥയ്ക്കും 1968-ൽ 'മോതിരം' എന്ന ചെറുകഥാസമാഹാരത്തിനും കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

40 വർഷത്തെ നിസ്തുലമായ സേവനത്തിനു ശേഷം 1953-ൽ അദ്ദേഹം അദ്ധ്യാപകവൃത്തിയിൽ നിന്നും പിരിഞ്ഞു. പിന്നീട് കാരൂർ തന്റെ സമയം മുഴുവനും സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾക്കായി മാറ്റിവച്ചു.

1975 സെപ്തംബർ 30-ാം തീയതി അന്തരിച്ച കാരൂർ തന്റെ 77 വർഷത്തെ ജീവിതത്തിനിടയിൽ ധാരാളം അനുഭവങ്ങൾ സ്വന്തമാക്കിയിരുന്നു. ആ അനുഭവങ്ങൾ നമ്മുടെ അനുഭവങ്ങളാകുമ്പോൾ ആ കഥകൾ നമുക്ക് ഹൃദ്യമായിത്തീരുന്നു. അതാണല്ലോ കാരൂർ കഥകളുടെ വിജയവും. ■

ബാലൻ കുറുങ്ങോട്ട് കുറിഞ്ഞാലിയോട്



# ഭാരതത്തിലെ പ്രാചീന ചിത്രകലാഗ്രന്ഥങ്ങൾ

ഭാരതീയ ചിത്രകലയെ സംബന്ധിച്ച് അതിപ്രാചീനങ്ങളായ പ്രാമാണിക ഗ്രന്ഥങ്ങൾ എത്രയോ ഉണ്ടായിട്ടുണ്ട്. മിക്കവയും സംസ്കൃതഭാഷയിൽ വിരചിതങ്ങളാണ്. പലതും നമ്മുടെ അശ്രദ്ധ കൊണ്ട് നമുക്ക് നഷ്ടപ്പെട്ടുപോയി. ശേഷിക്കുന്ന ഏതാനും ചില ഗ്രന്ഥങ്ങളെ വായനക്കാർക്ക് പരിചയപ്പെടുത്തുകയാണ് ഈ കൊച്ചു ലേഖനത്തിന്റെ ഉദ്ദേശ്യം. ഗവേഷണകുതുകികളും, കലാ പ്രേമികളുമായ സഹൃദയന്മാർ ഇത്തരം അപൂർവ ഗ്രന്ഥങ്ങൾ തേടിപ്പിടിച്ചു മലയാള ഭാഷയിൽ മൊഴിമാറ്റം ചെയ്ത് പ്രസാധനം ചെയ്താൽ അത് ചിത്രകലാരംഗത്തേയ്ക്കുള്ള അമൂല്യ സംഭാവനയും മലയാള ഭാഷയ്ക്ക് മുതൽക്കൂട്ടുമായിരിക്കുമെന്ന് ഇത്തരുണത്തിൽ ഓർമപ്പെടുത്തട്ടെ.

ചിത്രങ്ങൾ വരയ്ക്കാനുള്ള പാടവം എല്ലാവർക്കുമില്ലെങ്കിലും അവ കണ്ടാസ്വദിക്കാനുള്ള പ്രചോദനം മനുഷ്യസഹജമാണ്. പാശ്ചാത്യചിത്രകലയിൽ ചില സവിശേഷതകളുണ്ട്. പാശ്ചാത്യ ചിത്രകല ഭൗതിക സൗന്ദര്യത്തിന് പ്രാധാന്യം നൽകുമ്പോൾ, ഭാരതീയ ചിത്രകല ആത്മീയ സൗന്ദര്യത്തിനാണ് ഊന്നൽ കൊടുക്കുന്നത്. വടിവൊത്ത രേഖകളും മിഴിവുറ്റ വർണങ്ങളും ഭാരതീയചിത്രകലയുടെ പ്രത്യേകതകളാണ്.

ഗുഹാഭിത്തികളിലും കൊട്ടാരക്കെട്ടുകളിലും ക്ഷേത്രച്ചുമരുകളിലും നൂറ്റാണ്ടുകൾക്കുമുമ്പ് ആലേഖനം ചെയ്യപ്പെട്ട മനോഹരചിത്രങ്ങൾ കാലത്തിന്റെ പ്രഹരങ്ങളേറ്റിട്ടൊന്നും ഒളി മങ്ങാതെ ഇന്നും പ്രേക്ഷകരെ അത്ഭുതസ്തബ്ധരാക്കുന്നുവെങ്കിൽ അതിനുകാരണം ഏകാന്ത തപശ്ചര്യയോടെ കലാസൃഷ്ടികൾ നടത്തിയ അജ്ഞാത കലാകാരന്മാരുടെ ഉജ്വലപ്രതിഭയും കരവിരുതും സാങ്കേതികജ്ഞാനവും മാത്രമാണ്. ചുമർചിത്രരചനാ സങ്കേതങ്ങളെ സംബന്ധിച്ച് നൂറ്റാണ്ടുകൾക്കു മുമ്പേ തന്നെ കലാമർമജ്ഞരായ മനീഷികൾ എഴുതി വച്ച ഏതാനും ഗ്രന്ഥങ്ങളെക്കുറിച്ചാണിവിടെ പരാമർശിക്കുന്നത്.

**വിഷ്ണുധർമോത്തരം**

ഗുപ്തരാജവംശത്തിന്റെ ഭരണകാലത്ത് എഴുതപ്പെട്ടതാ

ണെന്നാണ് ചരിത്രഗവേഷകന്മാരുടെ നിഗമനം. ഈ ഗ്രന്ഥത്തിന്റെ കർത്താവാരെന്നതിനെ സംബന്ധിച്ച കാര്യം ഇന്നും അജ്ഞാതമാണ്. ചിത്രങ്ങളെ സത്യം, വൈണികം, നാഗരം, മിത്രം എന്നിങ്ങനെ നാലു വിഭാഗത്തിൽപ്പെടുത്തിയതായി ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു. പ്രകൃതിയിൽ കാണുന്ന ദൃശ്യങ്ങൾ തനിരൂപത്തിൽ ചിത്രീകരിക്കുന്നത് സത്യവും, ജീവിതരംഗങ്ങളെ സ്പർശിക്കുന്ന ചിത്രങ്ങൾ നാഗരവും, ഭാവപ്രകടനത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ചിത്രങ്ങൾ വൈണികവും ഈ മൂന്നു രീതികളും കൂടിച്ചേർന്നു രചിക്കുന്ന ചിത്രങ്ങൾ മിശ്രവുമാണെന്ന് ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു. ചിത്രങ്ങൾക്ക് ഷെയിഡ് ചെയ്യുന്ന രീതികൾ മൂന്നു വിധമാണ്. പരസ്പരം ഛേദിക്കുന്ന വിധം ചരിഞ്ഞ രേഖകൾ ഉപയോഗിച്ചു ചെയ്യുന്ന ഷെയിഡിങ് രീതിയെ 'പത്രജവർത്തന' എന്നും നേർരേഖകളുപയോഗിച്ചു ചെയ്യുന്ന ഷെയിഡിങ് സമ്പ്രദായത്തെ 'രേഖജവർത്തന' എന്നും ബിന്ദുക്കൾ ഉപയോഗിച്ചു ചെയ്യുന്ന ഷെയിഡിങ് രീതിയെ 'ബിന്ദുജവർത്തന' എന്നും പറയുന്നു. കൂടാതെ നിറങ്ങൾ പരസ്പരം കൂട്ടിച്ചേർക്കുന്നതിനെപ്പറ്റിയും, ലേഖിനി, ബ്രഷുകൾ എന്നിവ നിർമിക്കേണ്ട രീതികളെപ്പറ്റിയും ചിത്രരചനക്ക് ചുമർ സജ്ജമാക്കേണ്ടതിനെപ്പറ്റിയും നൂറ്റാണ്ടുകൾക്കു മുമ്പേ രചിച്ച ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു.

## അഭിലഷിതാർത്ഥ ചിന്താമണി

ചാലൂക്യരാജവംശത്തിൽപ്പെട്ട സോമേശ്വരൻ എന്ന രാജാവാണ് പന്ത്രണ്ടാം നൂറ്റാണ്ടിൽ ഈ ഗ്രന്ഥം രചിച്ചത്. മാനസോല്ലാസമെന്ന മറ്റൊരു പേരും ഈ ഗ്രന്ഥത്തിനുണ്ട്. ചിത്രരചനയ്ക്ക് ഭിത്തി സജ്ജമാക്കേണ്ടരീതി, ലേഖിനി, ബ്രഷ്, വിവിധതരം ചായങ്ങൾ, അവ കൂട്ടിക്കലർത്തുന്ന രീതി, ധൂളീചിത്രം (പലതരം വർണപ്പൊടികൾ ഉപയോഗിച്ചുചെയ്യുന്ന ചിത്രം), ഭാവചിത്രം (വികാരങ്ങളെ പ്രകടിപ്പിക്കുന്ന ചിത്രം) വിധാചിത്രം (ഛായാചിത്രങ്ങൾ), അവിധാചിത്രം (പ്രകൃതി ദൃശ്യങ്ങളുടെ ചിത്രം) എന്നീ വിവിധ തരം ചിത്രമെഴുത്തുസമ്പ്രദായങ്ങളെയും, ചിത്രകാരൻ സ്വീകരിക്കേണ്ട പ്രമാണം, ഭാവലാവണ്യം, സാദൃശ്യം, വർണികാഭംഗം, ലാവണ്യയോജനം, രൂപഭേദം എന്നീ ആറു പ്രമാണങ്ങളെ സംബന്ധിച്ചും ഈ ഗ്രന്ഥത്തിൽ വിശദമായി പ്രതിപാദിക്കുന്നു.

## നാരദശില്പം

ഈ ഗ്രന്ഥം ഏതു കാലത്തെഴുതിയെന്നോ, കർത്താവാരെന്നോ ഇതുവരെ ഒരു തെളിവും ലഭിച്ചിട്ടില്ല. മൂന്നുവിധം ചിത്രരചനാരീതികളെ ഇതിൽ പ്രതിപാദിക്കുന്നു. 1. ഭൂമിക (തറയിൽ നിർമിക്കുന്ന ചിത്രം) 2. കുഡ്യഗ (ചുമരിൽ എഴുതുന്ന ചിത്രം) 3. ഊർദ്ധ്വഗ (മേൽത്തട്ടിൽ രചിക്കുന്ന ചിത്രം) എന്നിവയാണവ. കൂടാതെ ആർട്ട് ഗ്യാലറികൾ സ്ഥാപിക്കേണ്ട സ്ഥലങ്ങളും ചിത്രങ്ങൾ സംവിധാനം ചെയ്യേണ്ട ക്രമങ്ങളും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു.


## ശിൽപ്പരത്നം


ശ്രീകുമാരൻ എന്ന കേരളീയ കലാകാരൻ പതിനാറാം നൂറ്റാണ്ടിൽ രചിച്ചതാണ് ശിൽപ്പരത്നം. വിവിധവർണങ്ങൾ, അവ കൂട്ടിച്ചേർക്കുന്ന രീതി, വെള്ള, കറുപ്പ്, ചുവപ്പ്, മഞ്ഞ, നീല എന്നീ അഞ്ചു പ്രാഥമിക നിറങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു.

## ശിവതത്ത്വ രത്നാകരം

ഇക്കേരി രാജവംശത്തിൽപ്പെട്ട ബാസവഭൂവാലൻ പന്ത്രണ്ടാം നൂറ്റാണ്ടിൽ രചിച്ചതാണീ ഗ്രന്ഥം. ഇതൊരു സർവവിജ്ഞാനകോശം കൂടിയാണ്. ഇതിലെ ഷഷ്ടകല്ലോലമെന്ന അദ്ധ്യായത്തിലാണ് ചിത്രകലയെ സംബന്ധിച്ച വിസ്തൃതവിവരണമുള്ളത്.

കൂടാതെ ഭരതമുനിയുടെ നാട്യശാസ്ത്രം, കാശ്യപശിൽപം, മയമതം, തന്ത്രസമുച്ചയം (ശിൽപഭാഗം) എന്നീ ഗ്രന്ഥങ്ങളിലെല്ലാം അവിടവിടെയായി ചിത്രകലയെ സംബന്ധിച്ചുള്ള പരാമർശങ്ങളുണ്ട്. ■






## പ്രകൃതിയുടെ നിലീന ലാവണ്യത്തിനും ഗുപ്തഭാവങ്ങൾക്കും നിറപ്പകർപ്പു നല്കിയ പ്രൊ. ലാനി ഡി വൂനോയെപ്പറ്റി..

പ്രത്യക്ഷസൗന്ദര്യത്തിനപ്പുറം പ്രകൃതിക്ക് ഒരു നിഗൂഢലാവണ്യമുണ്ട്. രഹസ്യാത്മകതയുടെ പരിവേഷമുള്ള ആ സൗന്ദര്യത്തെ വാക്കുകൾ കൊണ്ടോ വർണങ്ങൾ കൊണ്ടോ ആവിഷ്കരിക്കുക എളുപ്പമല്ല. അതുകൊണ്ടുതന്നെയാവാം സർഗാത്മക പ്രവർത്തനങ്ങളിൽ മുഴുകുന്നവർക്കെല്ലാം പ്രകൃതി വെല്ലുവിളിയാകുന്നത്. പ്രകൃതിയുടെ ഗഹനഭാവങ്ങൾ ആവിഷ്കരിക്കുക എന്ന പ്രലോഭനീയമായ വെല്ലുവിളിയെ നേരിടുകയും അതിനുവേണ്ടി പുതുമയാർന്ന ആവിഷ്കാര ശൈലികൾ കണ്ടെത്തുകയും ചെയ്യുന്ന ചിത്രകാരിയാണ് പ്രൊഫ. ലാനി ഡി വൂനോ.



ചിത്രകലാചക്രവാളത്തിലെ നിറപ്പകർച്ചകൾ കണ്ടറിയുന്ന ലാനിയുടെ ലാൻഡ്സ്കേപ്പുകൾ നിരൂപകരുടെയും ആസ്വാദകരുടെയും പ്രശംസ നേടിയിട്ടുണ്ട്. ജലച്ഛായ ചിത്രരചനയുടെ രഹസ്യതന്ത്രങ്ങൾ അവർക്കറിയാം. ജലവും ചായവും ലാനിയുടെ മനസ്സും ലയിച്ചു ചേരുമ്പോൾ വർണവിസ്മയങ്ങൾ വിടരുന്നു. ലാനിയുടെ പ്രകൃതിചിത്രങ്ങളിൽ ധ്വനിപ്രധാനമായ ആവിഷ്കാര രീതി കാണാം. അവ പ്രകൃതിയുടെ നേർപ്പകർപ്പുകളല്ല. അവയിലെ ഗുപ്തഭാവങ്ങളുടെയും നിലീന ലാവണ്യത്തിന്റെയും പൊരുൾ കണ്ടെത്തിയ എമിലി ഹാൾ വിശേഷിപ്പിച്ചത് Lanny De Vuono’s Not-so-Innocent Landscapes എന്നാണ്.

“മനുഷ്യനും ഭൂമിയുമായുള്ള ബന്ധത്തിന്റെ ചരിത്രം ഭയഭക്തി ബഹുമാനങ്ങൾ കലർന്നതും ആധിപത്യവാഞ്ഛയാൽ അടയാളപ്പെടുത്തപ്പെട്ടതുമാണ്” എന്ന പ്രൊഫ. ലാനിയുടെ നിരീക്ഷണത്തിൽ ചിത്രകലാതത്ത്വ വിചാരങ്ങളോട് ബന്ധപ്പെട്ട പുതിയ തിരിച്ചറിവുകളുണ്ട്. ലാനിയുടെ ലാൻഡ്സ്കേപ്പുകൾ അവയുടെ വാചാലമായ പ്രഖ്യാപനങ്ങളാണ്.

ആധുനികചിത്രകലയിൽ ലാൻഡ്സ്കേപ്പിന് വേണ്ടത്ര പ്രാധാന്യം ഉണ്ടായിരുന്നില്ലെങ്കിലും മോഡേണിസത്തിന്റെ ഭാഗമല്ലാത്ത സമീപകാല കലാധാരകൾ ശ്രദ്ധിച്ചാൽ ലാൻഡ്സ്കേപ്പിന് കൂടുതൽ പ്രാധാന്യം കൈവരുന്നുവെന്നു മന







കൈനകരി ഷാജി

സ്സിലാകും. ഈ പ്രവണതാവ്യതിയാനത്തിന്റെ പ്രസക്തിയെക്കുറിച്ച് ബോധവതിയാണ് പ്രൊഫ. ലാനി.

ഫുൾബ്രൈറ്റ് ഫെലോഷിപ്പ് നേടിയാണ് പ്രൊഫ. ലാനി കേരളത്തിൽ വന്നത്. കേരളത്തിന്റെ പശ്ചാത്തലത്തിൽ ചിത്രങ്ങൾ വരയ്ക്കാനും കേരളീയ ചിത്രകലാപാരമ്പര്യത്തെപ്പറ്റി കൂടുതൽ പഠിക്കാനും അവർ ഈ സന്ദർശനം പ്രയോജനപ്പെടുത്തി.

“സാക്ഷരതയോടുള്ള പ്രതിബദ്ധത, ആരോഗ്യപരിപാലനത്തിലുള്ള ശ്രദ്ധ തുടങ്ങി പല കാര്യങ്ങൾക്കും പേരുകേട്ട സംസ്ഥാനമാണല്ലോ കേരളം. കേരളത്തിന്റെ ചിത്രകലാപാരമ്പര്യം അഭിമാനകരമാണ്. സമകാലിക കലാപ്രവണതകളെപ്പറ്റി കേരളത്തിന്റെ പശ്ചാത്തലത്തിൽ പഠിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഞാൻ കേരളത്തിൽ എത്തിയത്. അത്ഭുതകരമായ ഒരനുഭവം തന്നെയായിരുന്നു അത്”. പ്രൊഫ. ലാനി പറഞ്ഞു.

കേരള പര്യടനത്തിന്റെ തിരക്കുകൾക്കിടയിൽ വീണു കിട്ടിയ സന്ദർഭങ്ങളിൽ ലാനി വരച്ച ചിത്രങ്ങൾ കണ്ടപ്പോൾ ഒരു കാര്യം ബോധ്യപ്പെട്ടു. കേരളത്തിന്റെ ആത്മാവ് തൊട്ടറിയാൻ അവർക്കു കഴിഞ്ഞു. കേരളത്തിന്റെ പ്രകൃതിയുടെ മാത്രമല്ല സമൂഹ ജീവിതത്തിന്റെയും സ്പന്ദനങ്ങൾ മനസ്സിലാക്കിയ ശേഷമാണ് അവർ തിരിച്ചു പോയത്.

ഈസ്റ്റേൺ വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിൽ ആർട്ട് പ്രൊഫസറായി ജോലി ചെയ്യുന്ന ലാനി ഡി വൂനോ കലാവിമർശക എന്ന നിലയിലും പ്രശസ്തയാണ്. ആർട്ട് വീക്ക്, ആർട്ട് പേപ്പേഴ്സ്, ന്യൂ ആർട്ട് എക്സാമിനർ, ആർട്ട് ന്യൂസ്, റിഫ്ളക്സ് മാഗസിൻ, അയോർട്ട, വിഷൻസ് ആർട്ട് ക്വാർട്ടർലി തുടങ്ങിയവയിൽ പ്രൊഫ. ലാനി എഴുതിയ ലേഖനങ്ങൾ ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ആർട്ട് വീക്കിന്റെ കോൺട്രിബ്യൂട്ടിംഗ് എഡിറ്ററാണ് അവർ.

മിൽസ് കോളേജ്, സാൻഫ്രാൻസിസ്കോ ആർട്ട് ഇൻസ്റ്റിറ്റ്യൂട്ട്, അന്തിയോക്ക യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലായിരുന്നു ലാനിയുടെ വിദ്യാഭ്യാസം. ചിത്രകലാബിരുദങ്ങളും കൊളംബിയ യൂണിവേഴ്സിറ്റിയിൽ നിന്ന് അദ്ധ്യാപനത്തിൽ മാസ്റ്റേഴ്സ് ബിരുദവും നേടിയ ലാനി പല സർവകലാശാലകളിലും വിസിറ്റിംഗ് പ്രൊഫസറാണ്. പല ആർട്ട് ഗാലറികളിലും അവരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ട്. വാഷിംഗ്ടണിലെ സ്പൊക്കേനിലാണ് സ്ഥിരതാമസം. ഈസ്റ്റേൺ വാഷിംഗ്ടൺ ഫാക്കൽറ്റി റിസർച്ച് ഗ്രാന്റ്, നോർത്ത് വെസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് റിസർച്ച് ഗ്രാന്റ് എന്നിവയും നിരവധി അവാർഡുകളും ബഹുമതികളും നേടിയ പ്രൊഫ. ലാനി പല രാജ്യങ്ങളും സന്ദർശിക്കുകയും ചിത്രകലയെപ്പറ്റി പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ചിത്രകല അവർക്ക് ജീവശ്വാസം തന്നെയാണ്.

ലാനിയുടെ രചനകളിൽ അവരുടെ ആത്മാംശമുണ്ട്. തന്റെ ജീവിതദർശനം അവയിലൂടെ തെളിച്ചുകാട്ടാൻ ഈ ചിത്രകാരിക്കു കഴിയുന്നു. വ്യാഖ്യാനാതീത തലങ്ങളുള്ള പ്രകൃതിയെ അതിന്റെ സമസ്ത വൈവിധ്യത്തോടും വൈചിത്ര്യത്തോടും കൂടി ആവിഷ്കരിക്കാനുള്ള സമർത്ഥമായ ശ്രമം സമർപ്പണ മനോഭാവത്തോടെ തുടരുകയാണ് അവർ. “ചിത്രങ്ങൾ രചിക്കുമ്പോൾ ഉടമസ്ഥത, അധീനത, പരിഗണന തുടങ്ങിയ ഗൗരവമുള്ള ആശയങ്ങളുമായി ഞാൻ കേളിയിൽ ഏർപ്പെടുകയാണ് ചെയ്യുന്നത്. പരിഗണന എന്നതുകൊണ്ട് ഞാൻ അർത്ഥമാക്കുന്നത് നാം ജീവിക്കുന്ന ഭൂമിയെക്കുറിച്ചുള്ള ശ്രദ്ധ മാത്രമല്ല; പരസ്പര ശ്രദ്ധ കൂടിയാണ്”. തന്റെ പെയിന്റിംഗുകളെക്കുറിച്ചും അവയുടെ പിന്നിലെ കലാദർശനത്തെക്കുറിച്ചും വിശദീകരിക്കവെ പ്രൊഫ. ലാനി ഡി വൂനോ പറഞ്ഞു. ■

## ടി ദൈവത്തിന്റെ സ്വന്തം നാട്ടിൽ

ഡോ. എ. കെ. ഷെറീഫ്



# കർഷക മനസ്സ്

## അടുത്തറിഞ്ഞ് കൃഷി പഠനം

**കാർഷികമേഖലയിലെ കാലികവും പ്രാദേശികവുമായ പ്രശ്നങ്ങൾ അപഗ്രഥിച്ച് പരിഹാരം കാണാൻ കാർഷിക ബിരുദധാരികളെ പ്രാപ്തരാക്കുന്ന പുതിയ പഠന പരിശീലനപരിപാടിയാണ് ഗ്രാമീണ കാർഷിക പ്രവൃത്തി പരിചയ പരിപാടി.**

മണ്ണിന്റെ മണവും കർഷകന്റെ മനവും അറിഞ്ഞ് കൃഷി പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളാണ് കേരളത്തിന്റെ കാർഷിക പുരോഗതിക്ക് ഇന്നാവശ്യം. ഇതിനായി വിദ്യാർത്ഥികളെ സജ്ജരാക്കുക എന്ന ഉദ്ദേശ്യത്തോടെ കേരള കാർഷിക സർവകലാശാലയുടെ ബിരുദതലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നവീന പഠന പരിശീലന പരിപാടിയാണ് ഗ്രാമീണ കാർഷിക പ്രവൃത്തി പരിചയ പരിപാടി. കാർഷിക മേഖലയിൽ നിലനിൽക്കുന്ന സമകാലികവും പ്രാദേശികവുമായ പ്രശ്നങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുവാനും കർഷകരുടെ പ്രശ്നങ്ങൾക്ക് പ്രായോഗിക പരിഹാരം കാണുവാനും കാർഷിക ബിരുദധാരികളെ പ്രാപ്തരാക്കുവാനും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ നിഷ്കർഷിച്ചിട്ടുള്ള പരിപാടിയാണിത്. കാർഷിക സർവകലാശാലയുടെ തിരുവനന്തപുരത്തെ വെള്ളായണി, തൃശൂരിലെ വെള്ളാണിക്കര, കാസർഗോഡിലെ പടന്നക്കാട് കാർഷിക കോളേജുകളിലായി സെപ്തംബർ മുതൽ നടപ്പാക്കുന്ന ഈ പരിപാടിയിൽ ഏകദേശം 110 വിദ്യാർത്ഥികളും 60 ഓളം അധ്യാപകരും പങ്കെടുക്കുന്നതാണ്. ആറ് മാസം നീണ്ടു നിൽക്കുന്ന ഈ പരിശീലനത്തിന്റെ വിവിധ ഘട്ടങ്ങളിലായി ബന്ധപ്പെട്ട ഗവേഷണ വിജ്ഞാന വ്യാപന സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും വിദ്യാർത്ഥികൾ സന്ദർശിച്ച് അവയുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കി കർഷകർക്ക് പ്രയോജനകരമായ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

കാർഷിക കേരളത്തിന്റെ ഹൃദയത്തുടിപ്പുകൾ അടുത്തറിയുന്ന ഈ പഠന പരിശീലന പരിപാടി വിവിധ വിഷയങ്ങളെ ആധാരമാക്കി എട്ട് മോഡ്യൂളുകളാക്കി തരം തിരിച്ചിരിക്കുന്നു. ഈ പരിശീലനത്തിൽ ഒരു കാർഷിക വിദ്യാർത്ഥി തന്റെ മൂന്നരക്കൊല്ലത്തെ ബിരുദ പഠനത്തിനിടയിൽ ആർജിച്ച സാങ്കേതിക പ്രായോഗിക വിദ്യകളും കർഷക സമ്പർക്ക രീതിയും മറ്റും പ്രായോഗിക തലത്തിൽ നടപ്പാക്കാനുള്ള ഒരു പഠന വേദി കൂടിയാണിത്. ഗ്രാമീണ കാർഷിക പ്രവൃത്തി പരിചയ പരിപാടിയുടെ മുഖ്യ ഉദ്ദേശ്യവും പഠന രീതിയും വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്ന പ്രക്രിയയാണ് ആദ്യത്തെ പരിപാടി. ഒരാഴ്ച നീണ്ടു നിൽക്കുന്ന ഓറിയന്റേഷൻ മോഡ്യൂളിൽ സമൂഹത്തിലെ നാനാതുറകളിൽ പ്രവർത്തിച്ചുവരുന്ന ശാസ്ത്രജ്ഞർ, വികസന ഉദ്യോഗസ്ഥർ, വ്യവസായ സംരംഭകർ, മാനേജ്മെന്റ് വിദഗ്ധർ, സാമൂഹ്യ പ്രവർത്തകർ, മികച്ച കർഷകർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രഭാഷണങ്ങൾ, വിജയാനുഭവങ്ങൾ പങ്ക് വയ്ക്കൽ, മാർഗ നിർദേശങ്ങൾ, സംവാദങ്ങൾ എന്നിവയ്ക്ക് അവസരം ഒരുക്കുന്നു. സാങ്കേതിക വിജ്ഞാനം ലഭ്യമാക്കാനുള്ള അവസരത്തിനുപരി സമകാലികചിന്തകളും നിലവിലുള്ള സാമൂഹിക പ്രശ്നങ്ങളും എന്തൊക്കെയെന്ന് മനസ്സിലാക്കാനും വിദ്യാർത്ഥികൾക്ക് അവസരമുണ്ടാകുന്നു. മേൽപ്പറഞ്ഞ വിദഗ്ധരുടെ പ്രചോദനപ്രദമായ പ്രഭാഷണങ്ങൾ വിദ്യാർത്ഥികളിൽ, മാനുഷിക-സാമൂഹിക പ്രശ്നങ്ങളെ നേരിടുവാനുള്ള ധൈര്യവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുവാനും ജീവിത പ്രശ്നങ്ങളെ വിവേകപൂർവ്വം സമീപിക്കുവാനുള്ള പ്രാപ്തി ഉളവാക്കാനും സഹായിക്കുന്നു.

### കൃഷിഭവൻ പരിശീലനം

പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനുകളുടെ പ്രവർത്തന രീതിയും കൃഷി ഉദ്യോഗസ്ഥരുടെ പങ്കും പ്രവർത്തനശൈലിയും അറിയുവാൻ



വേണ്ടിയുള്ള പരിശീലനമാണിത്. ജില്ലാ കൃഷി ഓഫീസറുടെ നിർദേശപ്രകാരം തെരഞ്ഞെടുക്കപ്പെട്ട കൃഷിഭവനുകളിൽ അതത് കൃഷി ഓഫീസറുടെ മേൽനോട്ടത്തിലാണ് മൂന്നോ നാലോ വിദ്യാർത്ഥികളടങ്ങുന്ന ചെറു സംഘങ്ങളെ ഒരാഴ്ചത്തെ പരിശീലനത്തിനയയ്ക്കുന്നത്. കൃഷിഭവൻ പ്രവർത്തനം, വിജ്ഞാന വ്യാപനം, പദ്ധതി രൂപീകരണം, കർഷകസമ്പർക്കം തുടങ്ങിയ പ്രവർത്തനങ്ങൾ കൃഷി ആഫീസറിൽ നിന്നും മനസ്സിലാക്കാനും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെക്കുറിച്ച് നേരിട്ട് കണ്ടുപഠിക്കാനും മാതൃകാ പദ്ധതികൾ തയ്യാറാക്കാനും ഈ കാലയളവിൽ വിദ്യാർത്ഥികൾ പഠിക്കുന്നു.

### നീർമറി പ്രദേശ പഠനവും ഫാം പ്ലാൻ തയ്യാറാക്കലും

കൃഷിഭവൻ പ്രവർത്തനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞാൽ അടുത്തത് പഞ്ചായത്തിലെ നീർമറി പ്രദേശ പഠനവും കർഷകർക്കു വേണ്ടിയുള്ള ഫാം പ്ലാനുകൾ തയ്യാറാക്കലുമാണ്. ആ പ്രദേശത്തെ പൊതുവായ നീരൊഴുക്കുകൾ, ചെറുതും വലുതുമായ ചാലുകൾ എന്നിവ കണ്ടുപിടിച്ച് അതിന് ചുറ്റുമുള്ള കൃഷിഭൂമിയും കാർഷികേതര ഭൂമിയും ജലവും സസ്യ വൈവിധ്യവും ജന്തുജാലങ്ങളുടെ നിലവിലുള്ള അവസ്ഥയും മറ്റും സമഗ്രമായി പഠിക്കുന്നു. ഭൂവിനിയോഗത്തിന്റെയും നീർവാർച്ച സ്വഭാവങ്ങളുടെയും ചരിവിന്റെയും കാലാവസ്ഥയുടെയും അടിസ്ഥാനത്തിൽ മണ്ണ്, ജലം എന്നിവ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുകയും നിലവിലുള്ള നീർമറി പദ്ധതികളുടെ വിശകലനം നടത്തുകയും ചെയ്യുന്നു.

ആ പ്രദേശത്തെ നിലവിലുള്ള വിഭവങ്ങളും കൃഷിരീതിയും അവലോകനം ചെയ്തു കഴിഞ്ഞാൽ നീർമറി പ്രദേശത്ത് വസിക്കുന്ന കർഷകർക്ക് കാർഷികോത്പാദനം വർദ്ധിപ്പിച്ച് വരുമാനം കൂട്ടാനുള്ള ഫാം പ്ലാൻ തയ്യാറാക്കുന്ന പരിശീലന പരിപാടിയാണ് അടുത്തത്. ഇതിനായി ഒരു വിദ്യാർത്ഥി ഒരു കർഷക കുടുംബം എന്ന കണക്കിൽ സന്ദർശിച്ച് സാമൂഹിക, സാമ്പത്തിക സ്ഥിതിയും നിലവിലുള്ള കൃഷിരീതിയും വിഭവശേഷിയും ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു. ഇതിലൂടെ സമാഹരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ഫാം പ്ലാൻ തയ്യാറാക്കി കർഷകരെ മനസ്സിലാക്കിക്കുന്നു. ശാസ്ത്രീയവും സാങ്കേതികവുമായ ഘടകങ്ങൾ ഉൾക്കൊള്ളിച്ചുള്ള ഫാം പ്ലാനാണ് ഓരോ കാർഷികവിദ്യാർത്ഥിയും ഈ അവസരത്തിൽ തയ്യാറാക്കുന്നത്. ഇങ്ങനെ തയ്യാറാക്കിയ ഫാം പ്ലാൻ കർഷകന് ഒരു മുതൽക്കൂട്ടാണ്. തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ രണ്ട് വർഷമായി ഏകദേശം 125 കർഷകരുടെ ഫാം പ്ലാനുകൾ കാർഷിക കോളേജ് വിദ്യാർത്ഥികൾ ഉണ്ടാക്കിക്കഴിഞ്ഞു. മൂന്നാഴ്ചയാണ് ഈ പരിശീലനത്തിന്റെ ദൈർഘ്യം.

### കാർഷിക ക്ലിനിക് പരിശീലനം

അടുത്തതായി ഒരാഴ്ചത്തെ കാർഷിക ക്ലിനിക് പരിശീലനമാണ്. ഇതിനായി കൃഷി ആഫീസ്, മറ്റ് അനുബന്ധ വകുപ്പുകൾ, കർഷക സംഘടനകൾ എന്നിവരുമായി കൂടിയാലോചിച്ച് കാർഷിക ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികളുടെ ആശയവിനിമയം, സംഘാടനശേഷി, മാധ്യമ പ്രചാരണ രീതി, കാർഷിക പ്രശ്നങ്ങൾക്ക് നിർദേശങ്ങൾ നൽകുന്ന രീതി എന്നീ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന പരിശീലനം കൂടിയാണ് അഗ്രോ ക്ലിനിക്കുകൾ. കൃഷിശാസ്ത്രജ്ഞരുടെയും കൃഷി വികസന ഉദ്യോഗസ്ഥരുടെയും മേൽനോട്ടത്തിലായിരിക്കും ഈ പ്രയോഗിക പരിശീലനം നടപ്പാക്കുന്നത്. ഏകദേശം 26 കാർഷിക ക്ലിനിക്കുകൾ കഴിഞ്ഞകൊല്ലം നടപ്പിലാക്കുകയുണ്ടായി. ശരാശരി 40–50 കൃഷിക്കാർ ഓരോ അഗ്രോ ക്ലിനിക്കിലും പങ്കെടുത്ത് പരിഹാര മാർഗങ്ങൾ തേടിയിട്ടുണ്ട്. ഒരു ദിവസം നീണ്ടു നിൽക്കുന്ന ഈ കാർഷിക ക്ലിനിക് ഉച്ചയ്ക്കുശേഷം കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിനായി നീക്കി വച്ചിരിക്കുന്നു. കൃഷിശാസ്ത്രജ്ഞർ ഉൾപ്പെടെയുള്ള ഒരു സംഘമായിരിക്കും കൃഷിയിടം സന്ദർശിക്കുന്നത്.



### കാർഷിക ഗവേഷണ കേന്ദ്ര പരിശീലനം

കാർഷിക ഗവേഷണം, ഗവേഷണ പദ്ധതികൾ രൂപീകരിക്കൽ, അവ നടപ്പാക്കുന്ന രീതി, ഗവേഷണ ഫലങ്ങൾ വിശകലനം ചെയ്യുന്ന രീതി എന്നിവ മനസ്സിലാക്കുന്നതിന് കാർഷിക സർവകലാശാലയുടെ കൊട്ടാരക്കര, പട്ടാമ്പി, അമ്പലവയൽ, മങ്കൊമ്പ് തുടങ്ങിയ ഗവേഷണ കേന്ദ്രങ്ങളിൽ വിദ്യാർത്ഥികളെ അയയ്ക്കുന്നു. അതത് ഗവേഷണ കേന്ദ്രങ്ങളിലെ ശാസ്ത്രജ്ഞരുടെ മേൽനോട്ടത്തിൽ വിവിധ പദ്ധതികൾ മനസ്സിലാക്കുന്നതോടൊപ്പം തന്നെ ആ പ്രദേശത്തിന്റെ കാർഷികമേഖലയ്ക്കനുയോജ്യമായ ഒന്നോ രണ്ടോ കാർഷിക ഗവേഷണ പദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്യുന്നു. കാർഷിക ഗവേഷണ കേന്ദ്രത്തിലെ ഫാം മാനേജ്മെന്റ്, കർഷക സമ്പർക്കം, പരീക്ഷണം നടത്തുന്ന കൃഷിയിടങ്ങളിലെ വിവര ശേഖരണം, വിജ്ഞാന വ്യാപനം തുടങ്ങിയ പ്രവർത്തനങ്ങളിൽ സാങ്കേതിക വിദഗ്ധരോടൊപ്പം ഏർപ്പെടാനും അവയെപ്പറ്റി പ്രായോഗികമായി മന

സ്സിലാക്കാനും വേണ്ടിയാണ് ഒരാഴ്ചത്തെ ഈ പരിശീലനം.

### കൃഷിവിജ്ഞാനകേന്ദ്ര പരിശീലനം

ഗവേഷണ കേന്ദ്രങ്ങളോടൊപ്പം പ്രവർത്തിക്കുന്ന കൃഷി വിജ്ഞാനകേന്ദ്രങ്ങളിലാണ് (കെ.വി.കെ) അടുത്ത ഒരാഴ്ചത്തെ പരിശീലനം. ഈ കാലത്ത് ഗവേഷണ ഫലങ്ങൾ കർഷകർക്ക് ഫലവത്തായ രീതിയിൽ പ്രായോഗികമാക്കുന്നതിനുള്ള അറിവ് പകർന്നു കൊടുക്കുന്ന വിജ്ഞാനവ്യാപന രീതികൾ, പരിശീലന വിഷയങ്ങൾ തെരഞ്ഞെടുക്കൽ, പരിശീലനരീതികൾ, വിഷയാവതരണം എന്നിവ ഈ സ്ഥാപനങ്ങളിലെ വിജ്ഞാന വ്യാപന വിദഗ്ധരുടെ മേൽനോട്ടത്തിൽ പരിശീലിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നു.

### കാർഷിക വ്യവസായ സംരംഭകരെ പരിചയപ്പെടൽ

കാർഷിക ബിരുദധാരികളെ തൊഴിൽ അന്വേഷകരെന്നതിലുപരി തൊഴിൽ ദായകരാക്കി മാറ്റുക എന്നുദ്ദേശിച്ചാണ് ഈ പരിശീലനം. ഇതിന്റെ ആദ്യഘട്ടത്തിൽ വിദ്യാർത്ഥികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനുതകുന്ന രീതിയിലുള്ള പരിശീലനങ്ങൾ നൽകിവരുന്നു. തുടർന്ന് ജൈവകൃഷി, തേനീച്ച വളർത്തൽ, ഓർക്കിഡ്, ആന്തൂറിയം കൃഷി, വാഴക്കൃഷി, കൂൺകൃഷി തുടങ്ങിയ സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന യുവ കർഷകരുടെ പ്രവർത്തനശൈലി മനസ്സിലാക്കാനും പഠിക്കാനുമായി വിദ്യാർത്ഥികളെ നിയോഗിക്കുന്നു. തിരുവനന്തപുരം ജില്ലയിൽത്തന്നെ ഇത്തരം ഇരുപതോളം സംരംഭകരെ കണ്ടെത്തുകയും വിദ്യാർത്ഥികൾക്ക് അവരുടെ കൃഷിയിടങ്ങളിൽ ഒരാഴ്ചത്തെ പരിശീലനം നൽകുകയും ചെയ്യുന്നു. സർക്കാർ ജോലി സാധ്യതകൾ മങ്ങിവരുന്ന ഈ കാലഘട്ടത്തിൽ സ്വയംതൊഴിൽ മേഖലകൾ കണ്ടെത്താൻ ഈ പരിശീലനം പ്രയോജനപ്പെടും.

### സന്നദ്ധ സംഘടനകളിൽ പ്രവൃത്തി പരിചയം.

കാർഷിക വികസന പ്രവർത്തനങ്ങളിൽ വളരെ മുഖ്യമായ പങ്കുവഹിക്കുന്ന നിരവധി സർക്കാരിതര സ്ഥാപനങ്ങൾ/സംഘടനകൾ കേരളത്തിൽ പ്രവർത്തിച്ചുവരുന്നു. വെള്ളനാട് മിത്രാനികേതൻ, പൂവച്ചലിലെ ഡെയിൽവ്യൂ, അടൂരിലെ പഴകുളം സോഷ്യൽ സർവീസ് സൊസൈറ്റി, പീരുമേട് വികസന സർവീസ് സൊസൈറ്റി തുടങ്ങി സർക്കാരിതര സംഘടനകളുടെ സേവനവും പ്രവർത്തനശൈലിയും മനസ്സിലാക്കാൻ വേണ്ടി ഈ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ ഒരാഴ്ചത്തെ പരിശീലനത്തിന് നിയോഗിക്കുന്നു. ദാരിദ്ര്യ നിർമാർജനം, സുസ്ഥിര വികസനം, തൊഴിൽദായക സംരംഭങ്ങൾ, ജനസംഖ്യാനിയന്ത്രണം, പരിസ്ഥിതി സംരക്ഷണം, സാക്ഷരതാ പ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളിൽ ഗണ്യമായ നേട്ടങ്ങൾ കൈവരിക്കാൻ ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾ സഹായിക്കുന്നുണ്ട്. സ്ഥാപനങ്ങളുടെ രൂപീകരണം, പ്രവർത്തനശൈലി മുതലായവയെപ്പറ്റി അവബോധം സൃഷ്ടിക്കാനും പ്രവർത്തനങ്ങൾ വിലയിരുത്താനും ഇത്തരം സംരംഭങ്ങളിൽ ഏർപ്പെടാൻ പ്രേരണ നൽകാനും ഈ പരിശീലനം ഉപകരിക്കുന്നു.

### ഗ്രാമവാസ പരിശീലനം

ഗ്രാമീണ പ്രവൃത്തി പരിചയ പരിപാടിയുടെ ഏറ്റവും അവസാനത്തെ പരിശീലന പരിപാടിയാണിത്. ഇതുവരെയുള്ള പരിശീലന പരിപാടികളിൽ വിദ്യാർത്ഥികൾ ചെറിയ സംഘങ്ങളായിട്ടാണ് പങ്കെടുത്തിരുന്നത്. എന്നാൽ ഗ്രാമവാസ പരിശീലനപരിപാടിയിൽ എല്ലാ വിദ്യാർത്ഥികളും ഒന്നിച്ച് തെരഞ്ഞെടുക്കപ്പെട്ട ഒരു പഞ്ചായത്തിൽ തന്നെ താമസിച്ച്, വിവിധ ഘട്ടങ്ങളിലെ പരിശീലനങ്ങളിൽ കൂടി ആർജിച്ച പ്രായോഗികവും സാങ്കേതികവുമായ അറിവുകൾ സമന്വയിപ്പിച്ച് അവിടുത്തെ സമഗ്രമായ കാർഷിക വികസനത്തിന് ഉതകുന്ന പരിപാടികൾക്ക് രൂപം നൽകി പ്രാവർത്തികമാക്കുന്നു. വിവിധതരം പദ്ധതികൾ തയ്യാറാക്കൽ, കാർഷിക ക്ലിനിക്കുകൾ, സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ, വിളമത്സരം, നാട്ടറിവ് സംവാദം എന്നിവ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ മൂന്നാഴ്ചത്തെ പരിശീലന പരിപാടിയിൽ നടപ്പിലാക്കുന്നത്. ഇത്തരം കാര്യങ്ങൾ നടത്തുന്നതിന് മുമ്പായി പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് വേണ്ട വിവരശേഖരണം നടത്തുന്നു. ഇതിനായി പങ്കാളിത്ത ഗ്രാമവിശകലനം എന്ന ശാസ്ത്രീയ അവലോകന രീതി വിദ്യാർത്ഥികൾ പരീക്ഷിക്കുന്നു. ചുരുങ്ങിയ സമയംകൊണ്ട് ആ പഞ്ചായത്തിന്റെ അതിരുകളുടെ നിർണയം, കാർഷിക-സാമൂഹിക-പാരിസ്ഥിതിക വിഭവങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, തൊഴിൽ നിലവാരം, ജൈവവിഭവ വിനിയോഗം, വിളകളുടെ ഗതി (TREND) അവലോകന, പ്രശ്ന വിശകലനം, വിഭവ ഗമനാഗമന വിവരം, വിള പരിപാലനത്തിനുള്ള സമയ ബന്ധിത ചിത്രീകരണം, നീർത്തടാധിഷ്ഠിത അവലോകനം തുടങ്ങിയ പ്രവൃത്തികൾ വാർഡ് മെമ്പർമാരുടെയും, കൃഷി ഉദ്യോഗസ്ഥരുടെയും, കർഷകരുടെയും പങ്കാളിത്തത്തോടെ കാർഷിക കോളേജ് അദ്ധ്യാപകരുടെ നേതൃത്വത്തിൽ നടത്തുന്നു. ആഴ്ചകളോ മാസങ്ങളോ കൊണ്ട് സമാഹരിക്കുവാൻ കഴിയുന്ന ഒട്ടേറെ വിവരങ്ങൾ ഈ പുതിയ രീതിയിലൂടെ ഏതാനും മണിക്കൂറുകൾ





**കാർഷിക ബിരുദധാരികളെ തൊഴിലന്വേഷകരെന്നതിലുപരി തൊഴിൽദായകരാക്കി മാറ്റുക എന്നുദ്ദേശിച്ചാണ് ഈ പരിശീലനം. ഇതിന്റെ ആദ്യഘട്ടത്തിൽ വിദ്യാർത്ഥികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനുതകുന്ന രീതിയിലുള്ള പരിശീലനങ്ങൾ നൽകിവരുന്നു.**

കൊണ്ട് രൂപപ്പെടുത്തിയെടുക്കുന്നു. തുടർന്ന് പഞ്ചായത്തിലെ രേഖകളിൽ നിന്നും, കൃഷി ഭവന്റെ രേഖകളിൽ നിന്നും ശേഖരിക്കുന്ന അടിസ്ഥാന വിവരങ്ങളുമായി ബന്ധപ്പെടുത്തി ഭാവിപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു. ഗ്രാമവാസത്തിന്റെ പ്രാരംഭത്തിലുള്ള ഈ പ്രക്രിയയിലൂടെ വിദ്യാർത്ഥികൾക്ക് ആ പഞ്ചായത്തിനെക്കുറിച്ചുള്ള ഒരു ഏകദേശ രൂപവും അവസ്ഥയും മനസ്സിലാകുന്നു. ഇത് കഴിഞ്ഞാൽ രണ്ടോ മൂന്നോ പേർ അടങ്ങുന്ന ചെറിയ ഗ്രൂപ്പുകളായി വിദ്യാർത്ഥികൾ ഓരോ വാർഡിലും സഞ്ചരിക്കുന്നു. വാർഡ് മെമ്പർമാരുടെയും കർഷക പ്രമുഖരുടെയും സഹായത്തോടെ വിദ്യാർത്ഥികൾ അതത് സ്ഥലങ്ങളിലെ കർഷകരെയും കർഷക കുടുംബങ്ങളെയും പരിചയപ്പെടുകയും അവരിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. കൂടാതെ ആ വാർഡിലെ വിഭവശേഷിയും കാർഷിക വികസനത്തിന് ഉതകുന്ന നവീന സാങ്കേതിക വിദ്യകളുടെ സാധ്യതകളും ആരായുന്നു.

രാവിലെ ഏഴ് മണി മുതൽ തുടങ്ങുന്ന ഈ പ്രക്രിയയിലൂടെ ഗ്രാമീണജീവിതം എങ്ങനെയെന്ന് മനസ്സിലാക്കുന്നതോടൊപ്പം കർഷകരുടെ ദിനചര്യകൾ ഏതൊക്കെയാണെന്ന് അടുത്തറിയാനും കഴിയുന്നു. കുന്നും മേടും വയലും പറമ്പും അരുവികളും താണ്ടിയുള്ള ഈ പഠനപ്രക്രിയ വിദ്യാർത്ഥികൾക്ക് തികച്ചും വ്യത്യസ്തമായ അനുഭവമാണ് ഉളവാക്കുന്നത്. സമൂഹത്തിലെ നാനാ തുറകളിൽ പ്രവർത്തിക്കുന്ന ഗ്രാമീണ ജനങ്ങളെ വീക്ഷിക്കാനും അവരുടെ ജീവിതോദ്ദേശ്യങ്ങൾക്കായിട്ടുള്ള പ്രവൃത്തികൾ നേരിട്ട് കാണുവാനും ഇങ്ങനെ അവസരമുണ്ടാകുന്നു. വൈകുന്നേരം വരെ പോകുന്ന ഈ സന്ദർശന പ്രക്രിയയുടെ സമാപനം രാത്രി എട്ട് മണിക്കുള്ള സമ്മേളനത്തോടെയാണ്. ഒരു ഗ്രൂപ്പിലെ വിദ്യാർത്ഥികൾ അവർ ശേഖരിച്ച വിവരങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കുന്നു.



കാർഷിക പ്രശ്നങ്ങൾ എന്തൊക്കെയാണെന്നുള്ളത് ഒരു ഗ്രൂപ്പ് നിരത്തുകയും അവ ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നു. ചർച്ചയിൽ പങ്കെടുക്കാൻ സ്ഥലത്തെ കർഷകർ, രാഷ്ട്രീയ പ്രമുഖർ, വികസന ഉദ്യോഗസ്ഥർ, വനിതകൾ എന്നിവരെ ക്ഷണിക്കുകയും അവരുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്ത് തുടർന്നുള്ള പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. കർഷകർക്ക് പ്രയോജനകരമായ പരിശീലനങ്ങൾ ആസൂത്രണം ചെയ്യുന്നതോടൊപ്പം തന്നെ യുവജനങ്ങൾക്കും വനിതകൾക്കും സ്കൂൾ കുട്ടികൾക്കും യോജിക്കുന്ന കാർഷികേതര പരിപാടികളും ആസൂത്രണം ചെയ്യുന്നു.

ഗ്രാമവാസ പരിപാടി സമാപനം വിപുലമായ ഒരു മേളയിലൂടെയാണ് പരിസമാപ്തിയാകുന്നത്. വിവിധ ഏജൻസികളുടെ സഹായത്തോടെ കാർഷിക പ്രദർശനവും കൃഷി വിദഗ്ധരുടെ സഹായത്തോടെ സെമിനാറും സംഘടിപ്പിക്കുന്നു. വിള മത്സരം, കാർഷിക പ്രശ്നോത്തരി, ചർച്ച, സിനിമാ പ്രദർശനം, വിത്ത്-വളം-തൈകളുടെ വിപണനം, ഉത്പന്നങ്ങളുടെ വിപണനം തുടങ്ങിയ ബൃഹത്പദ്ധതിയാണ് വിദ്യാർത്ഥികൾ സംഘടിപ്പിക്കുന്നത്. രാഷ്ട്രീയ പ്രമുഖർ, സർക്കാർ തല വകുപ്പ് മേധാവികൾ, കാർഷിക കോളേജിലെ അദ്ധ്യാപകർ, ഉന്നത ഉദ്യോഗസ്ഥർ മുതലായവർ ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നു. തദവസരത്തിൽ വിദ്യാർത്ഥികൾ തങ്ങളുടെ പഠനഭാഗമായി രൂപപ്പെടുത്തിയ സമഗ്ര കാർഷിക വികസന റിപ്പോർട്ട് പഞ്ചായത്ത് അധികാരികൾക്ക് കൈമാറുന്നു.

ഗ്രാമജീവിതത്തിന്റെ തുടിപ്പും താളവും മനസ്സിലാക്കി സാധാരണക്കാരായ കർഷകർക്കുവേണ്ടി തയ്യാറാക്കുന്ന ഈ പഠന റിപ്പോർട്ട് കൃഷി വിദഗ്ധന്മാരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ ഉരുത്തിരിഞ്ഞ ചില പുത്തൻ ആശയങ്ങളും അവ നടപ്പാക്കാനുള്ള മാർഗനിർദേശങ്ങളുമാണ്. ഈ പരിപാടി സംഘടിപ്പിച്ച മുൻ പഞ്ചായത്തുകളിൽ കാർഷിക വിദ്യാർത്ഥികൾ തയ്യാറാക്കിയ റിപ്പോർട്ടുകൾ മിക്കതും നടപ്പാക്കി വിജയിച്ചു എന്നുള്ളത് ഈ അവസരത്തിൽ സ്മരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ വികസനം ലാക്കാക്കി പ്രവർത്തിക്കുന്ന പഞ്ചായത്തു പ്രതിനിധികൾക്കും കൃഷി വകുപ്പിനും കാർഷിക കോളേജ് വിദ്യാർത്ഥികളെ ഈ സേവനത്തിന് ക്ഷണിക്കാവുന്നതാണ്. കാർഷിക വികസനത്തിന് മാനുഷികമായ മുഖം നൽകുന്ന ഈ പ്രക്രിയ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് കൂടുതൽ ഊർജസ്വലതയോടെ നടപ്പാക്കുവാൻ കാർഷിക സർവകലാശാല തയ്യാറായിക്കഴിഞ്ഞിരിക്കുന്നു. ■

ഹുദൈഫ റഹ്മാൻ

# പെണ്ണ്, പ്രകൃ

എല്ലാ വിഷയത്തിനും വാർഷികങ്ങൾ വന്നു പോകാറുണ്ട്. പരിസ്ഥിതിക്കുള്ളത് ജൂൺ അഞ്ച് ആണ്. കഴിഞ്ഞ വാർഷിക പരിസ്ഥിതി ദിനത്തിൽ സൈനുൽ ആബിദ് വരച്ച ചിത്രം ഇങ്ങനെയായിരുന്നു. ഹോട്ടലുകളിലെ പണം വാങ്ങുന്ന മേശയ്ക്ക് മുകളിൽ ബില്ലുകൾ കുത്തിവയ്ക്കുന്ന കൂർത്ത സൂചിയിൽ പകരം ഭൂമിയെ (ചെറുനാരങ്ങയുടെ നിറം നൽകിയിരിക്കുന്നു)കുത്തി (നോവിച്ച്) വച്ചിരിക്കുന്നു. ഇതിന് മേലെയും താഴെയും ചുവന്ന മുളകുകളും. ഇതൊരു തമാശ മാത്രം തരുന്ന ചിത്രമാണെന്ന് ആരും പറയാൻ ഇടയില്ല. പരിസ്ഥിതി എന്ന വാക്കിന് ഉൾക്കൊള്ളാവുന്ന സകലമാന അർത്ഥങ്ങളും ആശങ്കകളും നമ്മെയെല്ലാവരെയും പേടിപ്പെടുത്തുന്നവിധം മാറി വരുന്ന ഈ സമയത്ത്, ജനസംഖ്യാവർധന, നഗരമായിക്കൊണ്ടിരിക്കൽ, വ്യവസായ വർധന... കാരണങ്ങൾ എത്ര വേണമെങ്കിലും നിവർത്തി വലിച്ചു വലുതാക്കാം.

സമീപത്ത് ലഭ്യമായ ചില വിവരങ്ങൾ, വസ്തുതകൾ പറഞ്ഞ് തുടങ്ങാം. 2005 മാർച്ച് 31ന് മില്ലെനിയം എക്കോ സിസ്റ്റം അസെസ്മെന്റ് എന്ന ഒരു ആധികാരിക പഠനരേഖ പുറത്തിറങ്ങി. കഴിഞ്ഞ 50 വർഷത്തിനുള്ളിൽ മനുഷ്യൻ പ്രകൃതിക്രമത്തിന് (Eco System) വരുത്തിക്കൂട്ടിയ ക്ഷീണം മുൻ ചരിത്രഘട്ടങ്ങളിലൊന്നിലും കാണാത്തതിനെക്കാൾ വേഗത്തിലും കൂടിയ മടങ്ങിലുമത്രെ. 95 രാഷ്ട്രങ്ങളിൽ നിന്നും കൂടിച്ചേർന്ന 1360 പ്രഗത്ഭരായ സാമൂഹ്യ, പ്രകൃതി ശാസ്ത്രജ്ഞരാണ് ഇത് ഒരുക്കൂട്ടിയത്. IIT കാൺപൂരിലെയും, യു.എസിലെ ജോർജ് മാസൺ യൂണിവേഴ്സിറ്റിയിലെയും ഗവേഷകർ ഒത്തുചേർന്ന് നടത്തിയ പഠനം വെളിവാക്കുന്നത് മറ്റൊരു നടുക്കമാണ്. ഇന്തോ-ഗാംഗെറ്റിക് ഭാഗങ്ങളിൽ (ഗംഗാതടങ്ങളിൽ) അന്തരീക്ഷ മലിനീകരണം കാരണമായി ഓസോൺ പാളികൾക്ക് ക്ഷീണം ഉണ്ടായിരിക്കുന്നു. Nimbus7, Earth Probe എന്നീ രണ്ട് യു.എസ്. സാറ്റലൈറ്റുകളുടെ സഹായത്താൽ 14 നഗരങ്ങളിലെ മൊത്ത ഓസോൺ കോളത്തിന്റെ നിരീക്ഷണത്തിൽ നിന്ന് കിട്ടിയ കണക്കാണത്. കാൺപൂർ, കൊൽക്കത്ത, പാറ്റ്ന, വാരണാസി തുടങ്ങിയ സ്ഥലങ്ങളിലാണ് ശോഷണം കൂടിയതായി കാണുന്നത്. ഓസോൺ പാളിയുടെ സാധാരണ കനം 300-500 DU ആണ്. ഇവിടങ്ങളിൽ ഇത് 12.6, 10.8, 13.5, 11.3 DUഎന്ന് യഥാക്രമം കണ്ട് കുറഞ്ഞ് കൊണ്ടിരിക്കുന്നു.

ഇങ്ങനെയിരിക്കുമ്പോഴും ചില നടപടികൾ നമുക്ക് സമാധാനം ആശിക്കാവുന്ന വിധമാണ്. പരിസ്ഥിതി പോലുള്ള 'കാര്യ'ങ്ങളിലെങ്കിലും വർത്തമാനങ്ങളും (ശീതീകരിച്ച മുറിയിലെ) എഴുത്തും നിർത്തി അല്ലെങ്കിൽ അവ നൽകുന്നവ ഉപയോഗപ്പെടുത്തി എന്തെങ്കിലും ചെയ്യാനൊക്കുമോ എന്ന് ഒരുങ്ങിയിറങ്ങുകയാണ് നല്ലത്. നമ്മുടെ ഗ്രാമസ്ഥലങ്ങളിൽ മഴക്കുഴികളുമായി കുത്തകകളും പ്രാദേശിക ഭരണാധികാരികളും അരയും തലയും മുറുക്കി ഇറങ്ങിക്കഴിഞ്ഞു.

> **പരിസ്ഥിതി രക്ഷാപ്രവർത്തനങ്ങളിലെ സ്ത്രീകളുടെ പങ്കിന് ഏറെ നാളത്തെ പഴക്കമുണ്ട്, "മരത്തിനുവേണ്ടി തലകൊടുത്ത" അമൃതബായിയിലോ അല്ലെങ്കിൽ അതിനെത്രയോ മുമ്പു തന്നെയോ പ്രകൃതിക്ക് കരുത്തായി സ്ത്രീകൾ എത്തിയിരുന്നു.**

സ്ത്രീകൾ നടത്തിയ ചില 'ധൈര്യ'ങ്ങളാണ് തുടർന്ന് നിരീക്ഷിക്കാനുള്ളത്.

ഡോ. ലക്ഷ്മി താക്കൂർ പറയുന്നത് സ്ത്രീകളെ പരിസ്ഥിതി രക്ഷാ പ്രവർത്തനങ്ങൾക്ക് ഏറ്റവും ആവശ്യമാണെന്നാണ്. അവൾ കഴിഞ്ഞ കാലങ്ങളിൽ കാട്ടിത്തന്ന പ്രകൃതി താത്പര്യമുള്ള ചങ്കൂറ്റങ്ങളെയും അവർ ചൂണ്ടിക്കാണിക്കുന്നു. 1980-ൽ ദുംഗാരി പെയ്തൊളി ഗ്രാമത്തിലെ പെണ്ണുങ്ങൾ ഒത്തുകൂട്ടിയ ചിപ്കോ സമരപ്രസ്ഥാനം വലിയ ചലനങ്ങൾക്ക് കാരണമായി. ഇവർ ജില്ലാ ഭരണ നടത്തിപ്പുകാരോട് ഒരു ലഘു ചോദ്യം ചോദിച്ചു. "കാടുമായി ബന്ധമുള്ള എല്ലാ പ്രവൃത്തികളും ഞങ്ങളുടെ ജീവിതത്തിന്റെ തന്നെ ഭാഗമായി നിൽക്കെ, എന്തുകൊണ്ട് കാട്ടുതടി ലേലങ്ങൾ ഞങ്ങളറിയാതെ നടത്തി കടത്തിക്കൊണ്ട് പോകുന്നു". ഈ പെണ്ണുങ്ങൾക്ക് ആ ഓക്ക് മരം നിറഞ്ഞ കാടുകളെ ചെറുത്ത് നിൽപ്പിലൂടെ നിലനിർത്താൻ കഴി









ഞ്ഞു. ചെറുത്ത്നിൽപ്പ് എന്ന വാക്ക് അർത്ഥം ചോർന്ന് വീര്യമില്ലാത്ത കള്ള് പോലെ ആയി തോന്നിത്തുടങ്ങിയ മലയാളിക്ക് "നിരക്ഷരരായ" ഗ്രാമപ്പെണ്ണുങ്ങളുടെ വീര്യത്തെ ഒറ്റയിറക്കിന് ദഹിക്കുമോ എന്നറിയില്ല.

പരിസ്ഥിതി എന്ന് കേട്ടാൽ കവിത തിളയ്ക്കുന്ന, അങ്ങനെ പേടിക്കേണ്ടി വരുന്ന (അ)സാംസ്കാരികാവസ്ഥയിലാണ് നമ്മൾ. പക്ഷേ ഉത്തർപ്രദേശിലെ 1972ൽ തുടങ്ങിയ ചിപ്കോ പ്രസ്ഥാനത്തിലെ പെൺപടയ്ക്ക് കാൽപനിക രോമാഞ്ചമല്ല മരവും കാടും വെള്ളവും........ പെണ്ണുങ്ങൾ (അതെ, തനി നാടോടി പെണ്ണുങ്ങൾ) പരിസ്ഥിതി രക്ഷയ്ക്കായി നൽകിയ 'ബലി' (നമുക്ക് കേട്ട് തേയ്മാനം തോന്നിത്തുടങ്ങിയ മറ്റൊരു വാക്ക്) കൾക്ക് കുറെ പഴക്കം തന്നെയുണ്ട്.

1731-ൽ രാജസ്ഥാനിലെ ജോധ്പൂരിൽ നിന്നും 25 കി.മീറ്റർ അകലെയുള്ള ഖേജാരിളി ഗ്രാമത്തിൽ ആണ് സംഭവം (കഥയല്ല). മഹാരാജാവായ അഭേയ്സിങ്ങിന്റെ ആൾക്കാർ മരങ്ങൾ വെട്ടാൻ ഒരുങ്ങി വന്നു. ബിഷ്ണോയി പെണ്ണുങ്ങൾ ഇതിനെ ചെറുത്തു. അമൃതബായി ഖേജാരിയിലെ മരങ്ങളെ ചുറ്റിപ്പിടിച്ച് നിന്നു. മാറാൻ കൂട്ടാക്കിയില്ല. തന്നെ വെട്ടിയിട്ടേ മരം വെട്ടാനാവൂ എന്ന ശങ്കയില്ലായ്മ. രാജാവിന്റെ ആൺപട അമൃതബായിയെ മരത്തോടൊപ്പം വെട്ടിക്കളഞ്ഞു. ഇവരുടെ ഭർത്താവും മൂന്ന് പെൺമക്കളും 84 ബിഷ്ണോയി ഗ്രാമത്തിലെ താമസക്കാരും ഒത്തുകൂടി മരങ്ങളെ കൂട്ടിപ്പിടിച്ച് നിന്നു. രാജാവിന്റെ ആൾക്കാർ ആവർത്തിച്ചു. 363 പേർ മരങ്ങൾക്ക് തങ്ങളുടെ ജീവൻ കൊണ്ട് തടയിട്ടു. രാജാവ് ഗ്രാമപ്പെൺ ചങ്കൂറ്റത്തെ മാനിച്ച് മാപ്പ് പറഞ്ഞു. പരിസ്ഥിതി രക്ഷയ്ക്കായി നടന്നിട്ടുള്ള ഏത് സംഭവത്തിന്റെയും കാലക്കണക്കിൽ പ്രധാനപ്പെട്ട ഒരു ചങ്കൂറ്റമായി അമൃതാബായിയെ മറ്റു പെൺപോരാളികൾ മനസ്സിൽ ഏറ്റുന്നു.

"ഒരു മരത്തിന് വേണ്ടി തല കൊടുത്താലും തലയ്ക്ക് മരത്തേക്കാൾ വിലയില്ല" എന്ന വാക്കുകൾ ഇവർക്ക് ഊർജമാകുന്നു. 1972, 1974 കളിൽ ചിപ്കോയെ പുതുക്കി പെണ്ണുങ്ങൾ കയ്യാളത്തം ഏറ്റെടുത്തു. 1986 നവംബർ 30-ൽ ചമുൻ ദേവി എന്ന ഒരു സ്ത്രീ ഡൂൺ താഴ്വരയിലെ നഹികാലാ ഗ്രാമത്തിലെ, ലൈം സ്റ്റോൺ ക്വാറിക്കെതിരെ നടത്തിയ സമരം വന്ദനാശിവ തന്റെ ലേഖനത്തിൽ വിവരിക്കുന്നുണ്ട്. [1987, Illustrate Weekly of India, Nov. 15-21, FIGHT FOR SURVIVAL]

**ലക്ഷ്മി താക്കൂറിന്റെ ചില താക്കീതുകൾ കൂടി പറയാം.**

- നിലനിൽക്കുന്ന തരം (Sustainable) വികസനത്തിനായും, സമകാലീന പ്രകൃതി പ്രശ്നങ്ങൾക്കായും, നമ്മൾ പരമ്പരാഗത മാർഗങ്ങളെ പുതുക്കി പ്രയോഗിക്കുക.
- ഒരു പുതിയ പരിസ്ഥിതി അനുകൂല പെരുമാറ്റ ശീലം, പൊതുവെ ജനങ്ങൾക്കിടയിൽ ഉണ്ടാക്കിയെടുക്കാൻ നമ്മൾ തയ്യാറാവുക.
- പദ്ധതി നടത്തിപ്പുകാർ, തീരുമാനക്കാർ, സാങ്കേതിക ഉപദേഷ്ടാക്കൾ തുടങ്ങിയ രംഗങ്ങൾ പെണ്ണുങ്ങൾക്ക് നൽകുക. ദോഷകരമല്ലാത്ത വികസനത്തിന് പെൺ പങ്കാളിത്തം പ്രധാനമാണ്.
- പദ്ധതിയ്ക്കു വേണ്ട ആലോചനകൾ സാംസ്കാരികവും രാഷ്ട്രീയപരവും സാമൂഹ്യ-സാമ്പത്തിക ലൈംഗികപരവുമായ തലങ്ങളിൽ പരിഗണിച്ചു മാത്രമേ (ഇനിയെങ്കിലും) നടപ്പിലാക്കാവൂ. ■

# ൃതി പോരാട്ടങ്ങൾ

ടി.എം. വാമനറാവു

# വാഹനങ്ങൾക്കാവശ്യമായ നിരത്തുകൾ

വികസനമെന്നാൽ റോഡുനിർമാണം എന്നാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കഴിഞ്ഞ എട്ട് വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം നടത്തുമ്പോൾ വിലയിരുത്തപ്പെടുന്നത്. എന്നാൽ നമ്മുടെ കാലാവസ്ഥയ്ക്കനുസൃതമായ റോഡുകൾ നിർമിക്കപ്പെട്ടിട്ടുണ്ടോ? നമ്മുടെ റോഡുനിർമാണം വാഹനപ്പെരുപ്പത്തിനൊപ്പം പുരോഗമിച്ചിട്ടുണ്ടോ? അംഗീകൃത വാഹനങ്ങളുടെ സുഗമമായ സഞ്ചാരത്തിനുള്ള നിരത്തുകൾ നമ്മുടെ സംസ്ഥാനത്തുണ്ടോ? തുടങ്ങിയ ആനുകാലിക ചോദ്യങ്ങളിലേക്ക് വെളിച്ചം പകരുന്ന സ്ഥിതിവിവരക്കണക്കുകളുടെ സത്യസന്ധമായ വിവരങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നത്.

2004-ൽ സംസ്ഥാനത്തുള്ള റോഡുകളുടെ ആകെ നീളം 1,45,704 കി.മീറ്റർ ആണ്. അംഗീകൃത മോട്ടോർവാഹനങ്ങളുടെ എണ്ണം 27,92,094 ആണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. സംസ്ഥാനത്തെ റോഡുകളുടെ പരിപാലനം നടത്തുന്നത് വിവിധ വകുപ്പുകളും ഏജൻസികളുമാണ്. (നാഷണൽ ഹൈവേ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ജലസേചന വകുപ്പ്, വനംവകുപ്പ്, വൈദ്യുതിബോർഡ് എന്നിവയാണ് ഈ ഏജൻസികൾ).

സംസ്ഥാനത്താകെയുള്ള റോഡുകളിൽ 1524 കി.മീ (1.04%) ദേശീയപാതകളാണ്. പൊതുമരാമത്ത് വകുപ്പിൻ കീഴിൽ 21467 കി.മീ (14.73%)ഉം കോർപ്പറേഷനുകളുടെ വകയായി 5882 കി.മീ (4.03%) ഉം മുനിസിപ്പാലിറ്റികളുടെ വകയായി 7696 കി.മീ (5.82%) ഉം ജലസേചന വകുപ്പിന്റെ വകയായി 2359 കി.മീ. (1.62%) ഉം വനംവകുപ്പിന്റെ വക 3926 കി.മീ (2.69%)ഉം റയിൽവേ, വൈദ്യുതി ബോർഡ് എന്നിവയുടെ വകയായി 3874 കി.മീ (2.64%)ഉം റോഡുകളാണ് ഉള്ളത്. ബാക്കി വരുന്ന 98973 കി.മീറ്റർ(67.92%) റോഡുകളുടെ പരിപാലനം നടത്തുന്നത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളാണ് (പഞ്ചായത്തുകൾ).

2004 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങളുടെ എണ്ണം 2792094 ആണ്. ഇതിൽ 2,39,903 എണ്ണവും രജിസ്റ്റർ ചെയ്തത് 2003-04 സാമ്പത്തിക വർഷത്തിലാണ്. മോട്ടോർവാഹനങ്ങളുടെ രജിസ്ട്രേഷൻ, മോട്ടോർവാഹനനികുതി പിരിക്കൽ, വാഹനങ്ങൾ നിരത്തിലോടിക്കുവാനുള്ള അനുമതി നൽകൽ, വാഹനങ്ങളുമായി ബന്ധപ്പെട്ട ലൈസൻസ് നൽകൽ, മോട്ടോർ വെഹിക്കിൾ ആക്ടിന്റെയും റൂളുകളുടെയും നിയന്ത്രണങ്ങൾ എന്നിവ നടപ്പാക്കൽ മുതലായവ നടത്തുന്നത് സംസ്ഥാന മോട്ടോർ വാഹന വകുപ്പാണ്. അന്തർ സംസ്ഥാന റോഡു ഗതാഗതം നിയന്ത്രിക്കുന്നതും ഇതേ വകുപ്പാണ്.




സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന വാഹ

## പട്ടിക – ഒന്ന്

**അംഗീകൃത രജിസ്ട്രേഷനുള്ള മോട്ടോർ വാഹനങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ**

| വർഷം | മാർച്ച് 31ന് രജിസ്ട്രേഷനുള്ള വാഹനങ്ങളുടെ എണ്ണം | ആകെ വാഹനങ്ങളുടെ വിവരം | | | ഇരുചക്രവാഹനങ്ങൾ | |
|---|---|---|---|---|---|---|
| | | ശതമാനം | വളർച്ചാ നിരക്ക് | മുൻവർഷവുമായുള്ള വളർച്ച | രജിസ്ട്രേഷനുള്ളവയുടെ എണ്ണം | മൊത്തം വാഹനങ്ങളുടെ ശതമാനം |
| 1980-81 | 194597 | 100 | 100 | 13.01 | 59601 | 30.63 |
| 1985-86 | 361617 | 100 | 186 | 15.26 | 131065 | 36.24 |
| 1990-91 | 647742 | 100 | 333 | 13.27 | 288561 | 44.55 |
| 1995-96 | 1170241 | 100 | 601 | 14.57 | 592688 | 50.65 |
| 1996-97 | 1334374 | 100 | 686 | 11.40 | 693805 | 51.99 |
| 1997-98 | 1508038 | 100 | 775 | 11.30 | 800142 | 53.06 |
| 1998-99 | 1708938 | 100 | 878 | 11.33 | 906120 | 53.02 |
| 1999-00 | 1910237 | 100 | 982 | 11.18 | 1021921 | 53.49 |
| 2000-01 | 2111885 | 100 | 1085 | 11.06 | 1152859 | 54.59 |
| 2001-02 | 2315372 | 100 | 1190 | 10.96 | 1290159 | 55.72 |
| 2002-03 | 2552171 | 100 | 1312 | 11.02 | 1450407 | 56.83 |
| 2003-04 | 2792074 | 100 | 1435 | 10.94 | 1597061 | 57.20 |

ഉറവിടം : സാമ്പത്തിക അവലോകനം (സംസ്ഥാന പ്ലാനിംഗ് ബോർഡ്)

നങ്ങളിൽ എണ്ണത്തിൽ ഏറ്റവും കൂടുതലായി കാണുന്നത് ഇരുചക്രവാഹനങ്ങളാണ്. ഇരുചക്രവാഹനങ്ങളുടെ ക്രമാതീതമായ വളർച്ച റോഡപകടങ്ങൾക്ക് വഴി തെളിക്കുന്നു. അപകട മരണങ്ങളിൽ നാലിലൊരു ഭാഗവും ഇരുചക്രവാഹന ഉപഭോക്താക്കളാണ്. അപകട കാരണങ്ങൾ വിലയിരുത്തിയാൽ, വാഹനങ്ങളുടെ ക്രമാതീതമായ വളർച്ചക്കനുസൃതമായി ഗതാഗത നിയന്ത്രണ സംവിധാനങ്ങൾ നടപ്പിലാക്കുന്നില്ല എന്നു കാണാവുന്നതാണ്.

മറ്റൊരു പ്രധാന കാരണം ഉപയോഗിക്കുന്ന നിരത്തുകളുടെ ശോചനീയാവസ്ഥയാണെന്ന് മനസ്സിലാകും. പൊതുനിരത്തുകളിലെ അനധികൃത കൈയേറ്റങ്ങൾ ഒരു പരിധിവരെ കാരണമാകുന്നുണ്ട്. വാഹനങ്ങൾക്കനുസൃതമായ നിരത്തുലഭ്യത പരിമിതമായ നമ്മുടെ നാട്ടിൽ റോഡുകളുടെ നല്ലൊരു ഭാഗം തെരുവോര കച്ചവടക്കാർ കൈയടക്കുന്നതായി കാണാം. കൂടാതെ തെരുവോരത്ത് അല്പം സ്ഥലം കണ്ടെത്തിയാൽ അവിടെ രാഷ്ട്രീയപാർട്ടികളുടെ സ്തൂപങ്ങൾ, ട്രേഡ് യുണിയനുകളുടെ ആഫീസുകൾ, വീടില്ലാത്തവരുടെ പേരിൽ നിർമിക്കുന്ന കുടിലുകൾ, അനധികൃത പരസ്യ ബോർഡുകൾ സ്ഥാപിക്കൽ തുടങ്ങി വിവിധ രൂപത്തിലുള്ള കൈയേറ്റങ്ങളും നമുക്ക് കാണാൻ കഴിയും.

1980-81 മുതലുള്ള നിരത്തുകളുടെ ദൈർഘ്യവും അംഗീകൃത മോട്ടോർ വാഹനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം പരിശോധിച്ചാൽ നമ്മുടെ റോഡുകളിൽ സഞ്ചരിക്കുന്ന വാഹനങ്ങൾ വളരെ കൂടുതലാണെന്ന് കാണാം. ഓരോ വർഷവും മുൻവർഷത്തെക്കാൾ പത്തുമുതൽ പതിനാലു ശതമാനം വരെ കൂടുതൽ വാഹനങ്ങൾ നിരത്തിലിറങ്ങുന്നതായി കാണാവുന്നതാണ് (പട്ടിക ഒന്ന്). അതേസമയം 1980-81ൽ രജിസ്ട്രേഷനുള്ള വാഹനങ്ങളിൽ 30.63 ശതമാനം മാത്രമുണ്ടായിരുന്ന ഇരുചക്രവാഹനങ്ങൾ 2003-04 ആയപ്പോഴേക്കും 57.20 ശതമാനമായി വർദ്ധിച്ചതായി കാണാവുന്ന

## പട്ടിക – രണ്ട്

**സംസ്ഥാനത്തെ ഗതാഗതയോഗ്യമായ റോഡുകളുടെ സ്ഥിതി വിവരക്കണക്കുകൾ**

| വർഷം | ദേശീയ പാതകൾ | പൊതുമരാമത്ത് വക പാതകൾ | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പാതകൾ | നഗരസഭകളുടെയും ഏജൻസികളുടെയും പാതകൾ | ആകെ പാതകൾ |
|---|---|---|---|---|---|
| 1980-81 | 836 | 17668 | 68008 | 9068 | 95580 |
| 1985-86 | 836 | 19460 | 81539 | 6913 | 108748 |
| 1990-91 | 1011 | 20283 | 99022 | 12225 | 132541 |
| 1991-92 | 1011 | 20414 | 101067 | 13336 | 135828 |
| 1992-93 | 1011 | 20663 | 103883 | 13485 | 139042 |
| 1993-94 | 1011 | 21651 | 106277 | 12071 | 141010 |
| 1994-95 | 1011 | 22863 | 106920 | 13842 | 144636 |
| 1995-96 | 1011 | 22863 | 106920 | 13842 | 144636 |
| 1996-97 | 1011 | 22273 | 109058 | 14149 | 146491 |
| 1997-98 | 1011 | 22258 | 83422 * | 9974 | 116665 |
| 1998-99 | 1350 | 21938 | 77356 | 9836 | 110480 |
| 1999-00 | 1560 | 21731 | 81790 | 18808 | 123889 |
| 2000-01 | 1560 | 21508 | 87094 | 15673 | 125835 |
| 2001-02 | 1524 | 21347 | 92084 | 22723 | 137678 |
| 2002-03 | 1524 | 21467 | 95516 | 19689 | 138196 |
| 2003-04 | 1524 | 21467 | 98973 | 23740 | 145704 |

താണ്.

1980-81ൽ നമ്മുടെ സംസ്ഥാനത്തെ ഗതാഗതയോഗ്യമായ റോഡുകളുടെ ആകെ നീളം 95580 കി.മീറ്ററായിരുന്നു. അതിൽ 836 കി.മീറ്റർ ദേശീയപാതയും 17608 കി.മീറ്റർ പൊതുമരാമത്ത് വക റോഡുകളുമായിരുന്നു. എന്നാൽ 2003-04ൽ ആകെ റോഡിന്റെ നീളം 145704 കി.മീറ്റർ ആയി ഉയർന്നു. അതിൽ 1524 കി.മീറ്റർ ദേശീയപാതകളും 21467 കി.മീറ്റർ പൊതുമരാമത്ത് വക റോഡുകളുമാണ്. ബാക്കി വരുന്ന റോഡുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ ഏജൻസികളുടെയും വകയാണ്. (പട്ടിക - രണ്ട്).

1980-81 ൽ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ സൂചിക 100 എന്നു കണക്കാക്കിയാൽ 2003-04 ൽ അത് 1435 എന്നു കാണാവുന്നതാണ്. അതായത് 24 വർഷം കൊണ്ട് നമ്മുടെ നിരത്തുകളിൽ ഓടുന്ന വാഹനങ്ങളുടെ എണ്ണം 14.35 ഇരട്ടിയായി വർധിച്ചു. ഇക്കാലയളവിൽ നമ്മുടെ ഗതാഗതയോഗ്യമായ റോഡുകൾ 1.52 ഇരട്ടിയായി മാത്രമേ വർധിച്ചിട്ടുള്ളൂ.(പട്ടിക-മൂന്ന്) ഇത് കാണിക്കുന്നത് റോഡുകളുടെ അപര്യാപ്തതയാണ്.

1980-81 ൽ 194597 വാഹനങ്ങൾക്ക് ഉപയോഗിക്കാനുള്ള നിരത്തുകളുടെ നീളം 95580 കിലോ മീറ്റർ ആയിരുന്നു. 24 വർഷത്തെ റോഡു വികസനപ്രക്രിയയുടെ ഭാഗമായി 2003-04 ൽ 2792074 വാഹനങ്ങളുടെ ഉപയോഗത്തിനായി 145704 കി.മീറ്റർ റോഡുകളാണ് ഉണ്ടായത്.

നമ്മുടെ ദേശീയ പാതകളിൽ 80 ശതമാനവും ഇന്നും രണ്ടു വരി പാതകളാണ്. അതുകൊണ്ട് നിരത്തിലിറങ്ങുന്ന വാഹനങ്ങളുടെ സുഗമമായ സഞ്ചാരത്തിനും ചരക്കുഗതാഗതത്തിനുമായി ദേശീയ പാതകൾ മുഴുവനും നാലുവരിപ്പാതകളാക്കുവാനും പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മുഴുവൻ പാതകളും മൂന്നോ നാലോ വരി പാതകളാക്കുവാനും വേണ്ട നടപടികൾ ഇപ്പോൾത്തന്നെ എടുത്തില്ലെങ്കിൽ 2010ന് ശേഷം, നമ്മുടെ പാതകളിൽ വമ്പിച്ച ട്രാഫിക് ജാമുകൾ ഉണ്ടാകും. മാത്രമല്ല നമ്മുടെ ചരക്കുഗതാഗതത്തിന്റെ വേഗത കാളവണ്ടി യുഗത്തിലേക്ക് മാറാനുള്ള സാധ്യതയും തള്ളിക്കളയാൻ കഴിയുകയില്ല.

ദേശീയ പാതകളുടെയും പൊതുമരാമത്ത് റോഡുകുടെയും പഞ്ചായത്ത് നിരത്തുകളുടെയും നിലവാരം ഉയർന്നിട്ടുണ്ടെങ്കിലും മറ്റ് സംസ്ഥാനങ്ങളിലെ റോഡുകളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ റോഡുകളുടെ ഗുണമേന്മ വളരെയധികം താഴെയല്ലേ എന്ന സംശയം നിലനിൽക്കുന്നു. വിദേശരാജ്യങ്ങളിലെ റോഡുകളുമായി താരതമ്യം ചെയ്യുന്നതിനനുയോജ്യമായ ഒരൊറ്റ

## പട്ടിക - മൂന്ന്

**സംസ്ഥാനത്തെ റോഡുകളുടെയും അംഗീകൃത മോട്ടോർ വാഹനങ്ങളുടെയും വളർച്ചാനിരക്ക്**

| വർഷം | ഗതാഗതയോഗ്യമായ ആകെ റോഡുകളുടെ നീളം | | വാഹനങ്ങൾ | |
|---|---|---|---|---|
| | കിലോമീറ്റർ | വളർച്ചാ നിരക്ക് | എണ്ണം | വളർച്ചാ നിരക്ക് |
| 1980-81 | 95580 | 100.00 | 194597 | 100 |
| 1985-86 | 108748 | 113.78 | 361617 | 186 |
| 1990-91 | 132541 | 138.67 | 647742 | 333 |
| 1995-96 | 144636 | 151.32 | 1170241 | 601 |
| 1996-97 | 146491 | 153.27 | 1334374 | 686 |
| 1997-98 | 116665 | 122.06 | 1508038 | 775 |
| 1998-99 | 110480 | 115.59 | 1708938 | 878 |
| 1999-00 | 123889 | 129.62 | 1910237 | 982 |
| 2000-01 | 125835 | 131.65 | 2111885 | 1085 |
| 2001-02 | 137678 | 144.04 | 2315372 | 1190 |
| 2002-03 | 138196 | 144.59 | 2552171 | 1312 |
| 2003-04 | 145704 | 152.44 | 2792074 | 1435 |

ഉറവിടം : സാമ്പത്തിക അവലോകനം (സംസ്ഥാന പ്ലാനിംഗ് ബോർഡ്)




പാത പോലും സംസ്ഥാനത്തില്ല എന്ന കാര്യം ഉൾക്കൊണ്ടുവേണം നമ്മുടെ റോഡു വികസന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്.

സംസ്ഥാനത്തിന്റെ വികസനത്തിന് റോഡുകൾ അത്യന്താപേക്ഷിതമാണ്. ഇന്നുള്ള റോഡുകൾ ചരക്കു ഗതാഗതത്തിനും സഞ്ചാരത്തിനും പറ്റിയ രീതിയിൽ കാലാവസ്ഥക്കനുസൃതമായി ശാസ്ത്രീയമായി നിർമിക്കേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുന്നു. ചരക്കുഗതാഗതം സുഗമമാക്കുന്നതിന് സംസ്ഥാനത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെ നീളുന്ന ജലപാത നിർമിക്കേണ്ടതാണ്. ജലപാത യാഥാർത്ഥ്യമായാൽ റോഡു ഗതാഗതം കുറേക്കൂടി സുഗമമാകും. ■

# വാദ്യോപകരണങ്ങളെ തിരിച്ചറിയുക


ശ്രുതിമധുരമായ നാദങ്ങൾ സൃഷ്ടിക്കാനുതകുന്ന ഉപകരണമാണ് വാദ്യം. ഒറ്റയ്ക്കോ കൂട്ടായോ ഉള്ള പ്രയോഗത്തിലൂടെ ഉപകരണസംഗീതം ആവിഷ്കരിക്കാം.


വാദ്യോപകരണങ്ങളെ നിർമിക്കാനും വായിക്കാനും ഉപയോഗിക്കുന്ന വസ്തുക്കളെ അടിസ്ഥാനമാക്കി അവനദ്ധം, തതം, സുഷിരം, ഘനം എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.

തുകൽ നിർമിതമായ വാദ്യങ്ങളാണ് തുകൽ വാദ്യങ്ങൾ അഥവാ 'അവനദ്ധവാദ്യങ്ങൾ'. ഇംഗ്ലീഷിൽ ഇവയെ 'പെർക്കഷൻ ഇൻസ്ട്രുമെന്റ്സ്' എന്നു പറയും. ഭൂമിദുന്ദുഭി, നഗരാ, പെരുമ്പറ, ഭേരി മുതലായവ അവനദ്ധവാദ്യങ്ങളിൽ പ്രാചീനമായവയാണ്.

വേടന്മാരുടെ അമ്പിലും വില്ലിലും നിന്നാണ് 'തതവാദ്യങ്ങൾ' (String Instrument) ഉത്ഭവിക്കുന്നത്; വലിച്ചു മുറുക്കിക്കെട്ടിയ കമ്പികളിൽ തട്ടുകയോ വില്ലുകൊണ്ട് ഉരസുകയോ ചെയ്താൽ ശബ്ദം കേൾപ്പിക്കാമെന്ന് മനുഷ്യൻ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ. എക്താർ, ടുൻടിനാ, രാവണ ഹസ്ത എന്നീ നാടൻ വീണകളിൽ നിന്നും രൂപം കൊണ്ടതാണ് ആധുനിക തതവാദ്യങ്ങൾ. വീണ, ഗോട്ടുവാദ്യം, വയലിൻ, ഗിത്താർ, സിത്താർ എന്നിവ തതവാദ്യവിഭാഗത്തിൽപ്പെടുന്നു.

കാറ്റിൽ ഉലയുന്ന മുളങ്കാടുകളിൽ നിന്നുണ്ടാകുന്ന ചൂളമിടൽ ശബ്ദമാണ് 'സുഷിരവാദ്യ'ങ്ങൾക്ക് (Wind Instrument) അടിസ്ഥാനമായത്. അതായത് വാദ്യോപകരണങ്ങളിൽ സുഷിരങ്ങളുണ്ടാക്കി അതി





നുള്ളിൽ വായു കടത്തിവിട്ടാണ് സുഷിരവാദ്യങ്ങളിൽ ശബ്ദം ഉണ്ടാക്കുന്നത്. പുല്ലാങ്കുഴൽ, ബാംസുരി, നാഗസ്വരം തുടങ്ങിയവയാണ് സുഷിര വാദ്യങ്ങൾ.

ലോഹം കൊണ്ട് നിർമിച്ചവ 'ലോഹവാദ്യങ്ങൾ' (Metalic Instrument). ഇവയ്ക്ക് ഘനശബ്ദമായതിനാൽ 'ഘനവാദ്യങ്ങൾ' എന്നും പറയും. ചേങ്ങില, ഇലത്താളം, ഝാലർ എന്നിവയാണിവ.

മേൽപ്പറഞ്ഞ വിഭജനത്തിൽ കൃത്യമായി ഉൾപ്പെടുത്താൻ കഴിയാത്ത സംഗീതോപകരണങ്ങളും ഉണ്ട്. ബട്ടണുകളും കീബോർഡും ഘടിപ്പിച്ചവയും റീഡുകൾ ഘടിപ്പിച്ചവയുമായ ഉപകരണങ്ങൾ. ഇവയെ കീബോർഡ് ഉപകരണങ്ങളെന്നും റീഡ് ഉപകരണങ്ങളെന്നും പറയും. അക്കോർഡിയൻ, ഓർഗൻ, പിയാനോ, ക്ലാരനറ്റ്, ഹാർമോണിയം തുടങ്ങിയവ ഇത്തരം വാദ്യോപകരണങ്ങളാണ്.

പ്രയോഗിക്കപ്പെടുന്ന മേഖലയെ അടിസ്ഥാനമാക്കിയും വാദ്യോപകരണങ്ങളെ ഗാനവാദ്യങ്ങൾ, താളവാദ്യങ്ങൾ, ശ്രുതിവാദ്യങ്ങൾ എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. ■



# ശഷങ്ങളിലേക്ക്





ആധുനിക സർക്കസ് രൂപപ്പെട്ടിട്ട് ഇരുനൂറിലധികം വർഷങ്ങളായി എന്നു പറയാം. പക്ഷേ അതിനൊക്കെ എത്രയോ മുമ്പെ പ്രാകൃതരൂപത്തിൽ സർക്കസ് അഭ്യാസങ്ങൾ പല രാജ്യങ്ങളിലും പ്രകടിപ്പിച്ചു വന്നിരുന്നതായി ചരിത്രരേഖകൾ തെളിയിക്കുന്നു. മൃഗങ്ങളെ കായികാഭ്യാസ പ്രകടനത്തിനുപയോഗിക്കുന്ന പതിവ് റോമിൽ പണ്ടേ നിലനിന്നിരുന്നു. കായികാഭ്യാസങ്ങൾ പ്രകടിപ്പിച്ചിരുന്ന ഇത്തരം വേദിക്ക് 'അരീന' എന്നായിരുന്നു ഗ്രീക്ക് ഭാഷ്യം. എന്നാൽ അരീനയുടെ റോമൻ പദമായ 'സർക്കസ് മാക്സിമസ്' എന്ന പദത്തിൽ നിന്നാണ് 'സർക്കസ്' എന്ന സംജ്ഞ ജന്മമെടുത്തത്. ഇംഗ്ലണ്ടിലെ ഒരു സൈനികോദ്യോഗസ്ഥനായ സാർജന്റ് ഫിലിപ്പ് ആസ്റ്റ്ലിയാണ് ഈ കലാരൂപത്തിന് സർക്കസ് എന്ന പേര് നൽകിയത്. മികച്ച അക്രോബാറ്റും കുതിരസവാരിക്കാരനുമായ ഇദ്ദേഹം ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച ശേഷം 1770-ൽ ലണ്ടനിൽ ചെറിയൊരു സർക്കസ് കൂടാരം സ്ഥാപിച്ചു. 1798-ൽ ആസ്റ്റ്ലിസ് റോയൽ ആംഫി തിയേറ്റർ ഓഫ് ആർട്ട്സ് എന്ന പേരിൽ വിപുലമായ രീതിയിൽ സർക്കസ് കമ്പനിയും രൂപീകരിച്ചു. ഇംഗ്ലണ്ടിന് പുറമെ ഫ്രാൻസ്, ഫിൻലാൻഡ് എന്നീ രാജ്യങ്ങളിലും ആസ്റ്റ്ലി 19-ഓളം സർക്കസ് കമ്പനികൾ സ്ഥാപിച്ചു. ഇംഗ്ലണ്ടിൽ രൂപം കൊണ്ട സർക്കസ് ക്രമേണ മറ്റു രാജ്യങ്ങളിലേക്കും വ്യാപിച്ചു.

ആധുനിക സർക്കസിന്റെ ഉപജ്ഞാതാക്കളിൽ പ്രമുഖൻ ജൊഹാൻ എബർ ഹാർഡ് റെൻസ് എന്ന ജർമനിക്കാരനാണ്. 1750-ൽ തോമസ് കുക്കും മകൻ തോമസ് ടേപ്ലിനും ചേർന്ന് അവതരിപ്പിച്ച കായികാഭ്യാസ പ്രകടനങ്ങൾ ഇംഗ്ലണ്ടിൽ പ്രശസ്തമായി. എന്നാൽ 'ആധുനിക സർക്കസിന്റെ പിതാവ്' എന്ന് വിശേഷിപ്പിക്കപ്പെടുന്നത് ഫിലിപ്പ് ആസ്റ്റ്ലിയെ തന്നെയാണ്.




ഭാരതത്തിൽ 2500 കൊല്ലം മുമ്പുതന്നെ സർക്കസ് പ്രാകൃതരൂപത്തിൽ നിലനിന്നിരുന്നുവെന്നു വേണം കരുതാൻ. (ആന, കുതിര എന്നിവയുടെ അഭ്യാസങ്ങൾ, വാൾപ്പയറ്റ് എന്നിവയെ സർക്കസിന്റെ പ്രാകൃതരൂപമായി കരുതാം). 'ആധുനിക ഭാരതസർക്കസിന്റെ പിതാവ്' എന്ന ബഹുമതിക്കർഹൻ വിഷ്ണുപാന്ത് വിനായക് ഛത്രേ എന്ന മഹാരാഷ്ട്രക്കാരനാണ്. 1880-ൽ 'ന്യൂ ഇന്ത്യൻ സർക്കസ് കമ്പനി'ക്ക് ഛത്രേസ് രൂപം നല്കി. ഭാരതത്തിലാകമാനം ഈ കമ്പനി സർക്കസ് അവതരിപ്പിച്ചു. കേരളത്തിലെ ഇവരുടെ പ്രകടനത്തിൽ തലശ്ശേരിയിലെ സ്കൂൾ അധ്യാപകനായ കീലേരി കുഞ്ഞിക്കണ്ണൻ ആകൃഷ്ടനായി. അദ്ദേഹം 1904-ൽ മലബാർ സർക്കസ് എന്ന പേരിൽ കേരളത്തിലെ ഒന്നാമത്തെ സർക്കസ് കളരിക്ക് രൂപം കൊടുത്തു. ഒരു മഹത്തായ കലാരൂപം കേരളത്തിലെത്തിച്ച് മലയാളികളെയും ഈ രംഗത്തേയ്ക്ക് ആനയിച്ച കേരളസർക്കസിന്റെ ബൃഹസ്പതിയാണ് കുഞ്ഞിക്കണ്ണൻ. ■



തയ്യാറാക്കിയത്: **ഷൈലാ ബീഗം എൻ.**

ബൈജു ഇരിങ്ങൽ

# ചരിത്രസ്മരണകളുറങ്ങുന്ന വെള്ളിയാംകല്ല്

**തിരമാലകൾക്ക് നടുവിൽ, തല ഉയർത്തി വെള്ളിപോലെ തിളങ്ങി നിൽക്കുന്ന വെള്ളിയാംകല്ല് നിരവധി ചരിത്രസത്യങ്ങളുടെ മൗനസാക്ഷിയാണ്.**

മലബാറിന്റെ മഹനീയ സാന്നിദ്ധ്യമറിയിച്ചു കൊണ്ട് കടലിൽ നിലകൊള്ളുന്ന വെള്ളിയാംകല്ല് നിരവധി ചരിത്രസത്യങ്ങൾ സൂക്ഷിക്കുന്ന മൗനസാക്ഷിയാണ്. വിനോദ സഞ്ചാരികളുടെ മനസ്സിലെന്നും കൗതുകമുണർത്തുന്ന ദ്വീപ് കൂടിയാണ് വെള്ളിയാംകല്ല്. അറബിക്കടലിലെ നിത്യവിസ്മയം എന്ന് കൂടി ഈ കല്ലിനെ വിശേഷിപ്പിക്കുന്നുണ്ട്.

വെള്ളിയാംകല്ലിന് ഏകദേശം എതിർ ദിശയിലാണ് കരയിലെ ഇരിങ്ങൽപാറയും കുഞ്ഞാലിമരയ്ക്കാർ കോട്ടയും. കടൽയുദ്ധങ്ങളുമായി ബന്ധപ്പെട്ട് പാറയ്ക്കും കല്ലിനും തമ്മിലുള്ള ബന്ധം ചരിത്രം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പതിനാറാം നൂറ്റാണ്ടിന്റെ വീരപുത്രൻ, കോഴിക്കോട് സാമൂതിരി മഹാരാജാവിന്റെ വിശ്വസ്തനായ നാവികപടത്തലവൻ കുഞ്ഞാലിമരയ്ക്കാറാണ് ഇവയ്ക്കിടയിലെ ചാലകശക്തി. അന്നത്തെ ഭീമാകാരനായ ഇരിങ്ങൽ പാറമുകളിൽ നിന്ന് നോക്കിയാൽ വെള്ളിയാംകല്ല് വ്യക്തമായി തെളിഞ്ഞുകാണാം. കല്ലിനും പാറയ്ക്കുമിടയിലാണ് മരയ്ക്കാർ കോട്ട; ഇക്കാരണം കൊണ്ട് തന്നെ ഈ രണ്ടു സാധ്യതകളും ഉപയോഗപ്പെടുത്തി കുഞ്ഞാലിമരയ്ക്കാർ അന്നത്തെ വിദേശ ശത്രുക്കളായ പറങ്കികളുമായി നിരന്തര യുദ്ധം ചെയ്ത് തുരത്താൻ ശ്രമിച്ചത് ചരിത്രത്തിന്റെ തങ്കലിപികളാൽ എഴുതിച്ചേർത്തിട്ടുണ്ട്.

വെള്ളിയാംകല്ലും ഇരിങ്ങൽപാറയും കുഞ്ഞാലിമരയ്ക്കാരും തമ്മിൽ ഇഴപിരിക്കാനാവാത്ത ബന്ധമുള്ള അവസരത്തിൽ സാമൂതിരിയുടെ വിശ്വസ്തനായ നാവിക പടത്തലവനും കൂടിയായിരുന്നു കുഞ്ഞാലി. ഈ കാലയളവിലാണ് വാസ്തുശില്പങ്ങളുടെയും സംസ്കൃതിയുടെയും സമ്പന്നകേന്ദ്രമായ ഭാരതത്തിന്റെ മണ്ണിൽ കച്ചവടതാത്പര്യം പ്രകടിപ്പിച്ച് പറങ്കികൾ (പോർട്ടുഗീസുകാർ) കാലു കുത്തുന്നത്. അന്ന് നാട്ടുരാജ്യങ്ങളിലെ നാടുവാഴികൾ തമ്മിലുള്ള അസ്വാരസ്യം മുതലെടുത്ത് വാണിജ്യാവശ്യാർത്ഥം എത്തിച്ചേർന്നവർ ഇവിടെ താവളമുറപ്പിക്കാനുള്ള ശ്രമം തുടങ്ങുകയായിരുന്നു. ഇത് തിരിച്ചറിഞ്ഞ കുഞ്ഞാലി മരയ്ക്കാരും പറങ്കികളും തമ്മിൽ ബദ്ധശത്രുക്കളായി മാറി. അനന്തരം വെള്ളിയാംകല്ലും ഇരിങ്ങൽപാറയും ഒളിത്താവളങ്ങളാക്കി മാറ്റി പോർട്ടുഗീസുകാരെ നാടുകടത്താനുള്ള യുദ്ധതന്ത്രങ്ങൾ മെനഞ്ഞു. കടൽ വഴിയുള്ള ആക്രമണം തടയാൻ വെള്ളിയാംകല്ലും, കരയിലൂടെയുള്ള വരവ് പ്രതിരോധിക്കാൻ ഇരിങ്ങൽപാറയും തെരഞ്ഞെടുത്തതാണെന്നാണ് ചരിത്രം.



ശ്രീ. തിക്കോടിയന്റെ ‘ചുവന്നകടൽ’ എന്ന കൃതിയിൽ വെള്ളിയാംകല്ല് കേന്ദ്രബിന്ദുവാണ്. ഒരിക്കൽ കുഞ്ഞാലിമരയ്ക്കാരെ പ്രകോപിപ്പിക്കാൻ വേണ്ടി ആയിഷയെന്ന മുസ്ലിം യുവതിയെ പറങ്കികൾ വെള്ളിയാംകല്ലിൽ വച്ച് മാനഭംഗപ്പെടുത്തിയ ശേഷം കടലിലേക്ക് വലിച്ചെറിഞ്ഞ സംഭവത്തിന് മരയ്ക്കാർക്ക് പറങ്കികൾ നല്കേണ്ടി വന്ന വില കൃതിയിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഇങ്ങനെ ചരിത്രസത്യങ്ങൾ ഉറങ്ങുന്ന വെള്ളിയാംകല്ലിലേയ്ക്ക് യാത്ര പോകണമെന്നുള്ളവർ സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളാണ് തിരഞ്ഞെടുക്കാറുള്ളത്. കാരണം ഈ മാസങ്ങളിൽ കടൽ പൊതുവെ ശാന്തമായിരിക്കും. വെള്ളിയാംകല്ലിനെ കടലിലെ പടുകൂറ്റൻ പാറ എന്ന് വിശേഷിപ്പിക്കുന്നവരും ഏറെയാണ്. ഇത് പാറയല്ല പാറക്കൂട്ടങ്ങളാണ്. വെള്ളിയാംകല്ലിന്റെ ആകെ ചുറ്റളവ് നാല് ഏക്കറിലും കൂടുതലാണ്. മുകൾഭാഗം ഏകദേശം ഒന്നര ഏക്കറോളം വരും. 300 ഓളം പേർക്ക് സൗകര്യപ്രദമായി ഒരേ സമയം വിശ്രമിക്കാനുള്ള സൗകര്യമുണ്ടിവിടെ. ‘എടുത്തുവച്ച കല്ല് രൂപ’ത്തിലും ‘തലയോട്ടി രൂപത്തിലുമുള്ള കല്ലിന്റെ കിടപ്പ്’ കാണികളിൽ ആഹ്ലാദമുണ്ടാക്കുന്നു. കടൽപക്ഷികളുടെ ഈറ്റില്ലമെന്നും മത്സ്യബന്ധനക്കാരുടെ ഇടത്താവളമെന്നും പുറംകടൽമത്സ്യം പിടിക്കുന്നവരുടെ വഴികാട്ടിയെന്നും വെള്ളിയാംകല്ലിനെ വിശേഷിപ്പിക്കുന്നു. ബ്രിട്ടീഷുകാരുടെ സംഭാവനയായ ഇന്നത്തെ തിക്കോടി വൻമുഖം കുന്നിലെ ലൈറ്റ്ഹൗസ് മുമ്പ് വെള്ളിയാംകല്ലിൽ നിർമിക്കാൻ ആലോചന നടത്തിയെങ്കിലും ഗതാഗതവിഷമം കണക്കിലെടുത്തു ഒഴിവാക്കുകയായിരുന്നെന്ന് പഴമക്കാർ പറയുന്നു.

കടലിൽ തലയുയർത്തി നിൽക്കുന്ന വെള്ളിയാംകല്ലിന് ആ പേര് വരാൻ കാരണം “വെള്ളിപോലെ തിളങ്ങുന്ന കല്ലായതിനാലും” വെള്ളാരംകല്ലിന്റെ നിറമായതുകൊണ്ടുമാണെന്നാണ് പഴയ തലമുറയിൽപ്പെട്ടവരുടെ വാദം. വിനോദസഞ്ചാരത്തിന് പറ്റിയ ഒരിടമാണ് ഈ കല്ല്. പക്ഷേ എല്ലാ മാസവും ഇവിടെ പോകാൻ കഴിയില്ല. വെള്ളിയാംകല്ലിലേക്ക് യാത്ര പോകുന്നവർക്ക് തിക്കോടി കടപ്പുറത്ത് നിന്ന് പുറപ്പെട്ടാലാണ് ഏറ്റവും എളുപ്പം. പയ്യോളിക്കടപ്പുറം, അയനിക്കാട്, ഇരിങ്ങൽ കടപ്പുറത്തുനിന്നും ഇവിടെയെത്താം. വെള്ളിയാംകല്ലിലെത്തിയാൽ മനം കുളിർപ്പിക്കുന്ന ഒരനുഭൂതിയാണ്. കണ്ണുകളിൽ വിസ്മയവും കാതുകളിൽ ആർത്തിരമ്പുന്ന തിരമാലകളും കോരിയിടുന്ന അനുഭവം വിസ്മരിക്കാനാവാത്തതാണ്. സത്യത്തിൽ കരയിലേക്ക് മടങ്ങാൻ മടിയാണ്. വെള്ളിയാംകല്ല് യാത്ര പോയവരുടെ ആയിരം നാവുള്ള വാക്കുകളാണിത്.

മനുഷ്യന് അത്ര പെട്ടെന്ന് ചെന്നെത്താൻ കഴിയാത്ത ഒരിടമായത് കൊണ്ട് മാത്രമാണിന്നും വെള്ളിയാംകല്ല് ഒരു പോറലുമേൽക്കാതെ നിലകൊള്ളുന്നതെന്ന് അവർ കൂട്ടിച്ചേർത്തു.

വെള്ളിയാംകല്ലിൽ മരയ്ക്കാരും കൂട്ടരും നടത്തിയ പോരാട്ടങ്ങളെക്കുറിച്ച് മലബാർ മാന്വൽ വളരെ വിശദമായി പരാമർശിക്കുന്നുണ്ട്.

തിരമാലകൾക്ക് നടുവിൽ, കടലമ്മയുടെ മടിയിലിരുന്ന് മലബാറിന് കാവലാളായി നിലകൊള്ളുകയാണിന്നും വെള്ളിയാംകല്ല്. ■

മേലേതിൽ സേതുമാധവൻ




# സിനിമ

## മാറുന്ന രൂപവും ഭാവവും

ഇരുപതാംനൂറ്റാണ്ടിന്റെ തനതുകല എന്നു വ്യവഹരിക്കപ്പെടുന്ന സിനിമ മറ്റനേകം കലകളുടെ സ്വാധീനം സ്വീകരിച്ചാണ് വളർന്നു വന്നിട്ടുള്ളത്. സാഹിത്യം, സംഗീതം, ചിത്രമെഴുത്ത്, ശിൽപകല, നൃത്തം, നാടകം എന്നീ പല കലകളുടെയും സ്വാധീനം സിനിമയിലുണ്ട്. എന്നാൽ ഇത്തരം സ്വാധീനങ്ങൾക്കെല്ലാം ഉപരിയായി തനതായ ഒരു നിലനിൽപ്പ് സിനിമയ്ക്ക് അവകാശപ്പെടാൻ കഴിയുമോ? സിനിമയെപ്പറ്റി പഠിക്കുവാനും മനസ്സിലാക്കുവാനും ശ്രമിക്കുന്നവർക്ക് പലപ്പോഴും അഭിമുഖീകരിക്കേണ്ടി വരുന്ന ഒരു ചോദ്യമാണിത്. ചലിക്കുന്ന വസ്തുക്കളുടെ പ്രതിരൂപം രേഖപ്പെടുത്താനുള്ള ഒരു സാങ്കേതികവിദ്യ എന്ന നിലയ്ക്കാണ് സിനിമയുടെ തുടക്കം. വില്യം ഫ്രീസ്ഗ്രീൻ സെല്ലുലോയിഡ് കണ്ടുപിടിച്ചത് 1885-ൽ ആണ്. സെല്ലുലോയിഡ് ഉപയോഗിച്ച് ചിത്രീകരണം നടത്താനുള്ള കമ്പം ഗ്രീനിനെ ഒരു പാപ്പരാക്കി മാറ്റുകയും കടം വീട്ടാനാവാതെ ജയിൽവാസം അനുഭവിക്കേണ്ടിവരികയും ചെയ്തു. പിന്നീട് ഒരു നീണ്ട കാലഘട്ടം സിനിമ ഒരു ശാസ്ത്ര പരീക്ഷണ വിഷയമായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ റഷ്യയിൽ 'കുളെഷോവ്' തന്റെ ചലച്ചിത്രശാലയിൽ ചിത്രങ്ങൾ നിർമിക്കാൻ ആരംഭിച്ചതു മുതലാണ് ഒരു കലാരൂപം എന്ന നിലയിൽ സിനിമ അറിയപ്പെടാൻ തുടങ്ങിയത്. ആ കാലത്തും നാടകകലയുടെ ഒരു രേഖപ്പെടുത്തൽ എന്നതിലുപരി തനതായ സാദ്ധ്യതകളുള്ള ഒരു കലാവിദ്യയായി സിനിമ രൂപം പ്രാപിച്ചിരുന്നില്ല. ജൈവമായ പ്രകടനത്തിന്റെ യാന്ത്രികമായ രേഖപ്പെടുത്തൽ എന്നതിലുപരി സ്വന്തവും സ്വതന്ത്രവുമായ ഒരു കലാരൂപം എന്ന സ്ഥാനം സിനിമക്ക് അന്ന് ലഭിച്ചിരുന്നില്ല.

കാലക്രമേണ സിനിമയുടെ രൂപത്തിനും ഭാവത്തിനും മാറ്റമുണ്ടായി. കാലദേശങ്ങളെ കവച്ചുവച്ചുകൊണ്ട് അനുഭൂതിയുടെ അനിർവചനീയമായ ഒരു മണ്ഡലം തുറന്നുകൊടുക്കാൻ സിനിമയ്ക്കുള്ള കഴിവ് മനസ്സിലായിത്തുടങ്ങിയിരുന്നു. സ്ഥലകാലങ്ങളുടെ ഇടുങ്ങിയ പരിധികൾക്കുള്ളിൽ ഒതുങ്ങിനിന്ന് നിശ്ചിത വ്യാപ്തിയുള്ള അഭിനയവേദിയിലൂടെ മാത്രം കാണാൻ കഴിഞ്ഞിരുന്ന നാടക



ത്തിന്റെ സ്ഥാനത്ത് സ്ഥലകാലങ്ങളെ നിമിഷാർദ്ധം കൊണ്ട് അതിജീവിക്കാൻ കഴിവുള്ള സിനിമ അസാധാരണവും അത്ഭുതകരവുമായ അനുഭൂതിവിശേഷം സംഭാവന ചെയ്തു. ഈ അനുഭൂതിവിശേഷത്തിന്റെ പ്രത്യേകതകൾ കണ്ടെത്തുവാനും അതിലൂടെ സിനിമയുടെ തനിമ എന്തെന്നു മനസ്സിലാക്കുവാനുമുള്ള ശ്രമം ഇന്നും തുടരുന്നു.





സിനിമയിൽ മറ്റുകലകളുടെ സ്വാധീനം അത്രമേൽ ശക്തമായതിനാൽ തനതായ സിനിമയെ ഒരു സ്വതന്ത്രകല എന്ന നിലയിൽ വ്യാഖ്യാനിക്കുവാനും അതിന്റെ യഥാർത്ഥമായ അർത്ഥതലങ്ങൾ കണ്ടെത്തുവാനും ചലച്ചിത്രനിരൂപകന്മാരിൽ ഭൂരിപക്ഷം പേർക്കും ഇന്നും കഴിയുന്നില്ല എന്നതാണ് സത്യം. സാഹിത്യകൃതികളുടെ ദൃശ്യാവിഷ്കാരമായി സിനിമയെ കാണുന്നവർ അത്തരം സാഹിത്യകൃതികളുടെ ഗുണദോഷവശങ്ങളെ മാത്രം മുന്നിൽ കണ്ടുകൊണ്ട് സിനിമാ വിമർശനം നടത്തുന്നു. ചിത്രകലാവിദഗ്ധരാകട്ടെ സിനിമയിലൂടെ തെളിഞ്ഞുവരുന്ന വർണങ്ങളെയും വരകളെയും അവയുടെ സങ്കരത്തെയും മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ. സംഗീതജ്ഞനെ സംബന്ധിച്ചിടത്തോളം സിനിമ കാണാനുള്ള ഒരു വസ്തു എന്നതിനപ്പുറം കേൾക്കാനുള്ള വസ്തുവായി മാറുന്നു. ഇത്തരത്തിൽ ആനയെ കാണാൻ പുറപ്പെട്ട അന്ധന്മാരെപ്പോലെ സിനിമയുടെ ഓരോ അംശവും കണ്ട് അതാണ് സിനിമ എന്ന് വ്യാമോഹിച്ച് വശായിപ്പോകുന്നവരാണ് അധികവും.

മാധ്യമത്തിന്റെ സാദ്ധ്യതകളെയും ശക്തിവിശേഷങ്ങളെയും കുറിച്ച് പരിപൂർണ ബോധ്യമുള്ള ഒരാൾക്ക് മാത്രമെ മറ്റു സ്വാധീനങ്ങളുടെ പുകമറയിൽ നിന്നും സിനിമയെ മാറ്റിനിർത്തിക്കാണുവാനും വ്യാഖ്യാനിക്കുവാനും വിലയിരുത്തുവാനും കഴിയുകയുള്ളൂ. സാഹിത്യം വാക്കുകളിലൂടെയും ചിത്രകല വരകളിലൂടെയും വർണങ്ങളിലൂടെയും സംവേദനം നിർവഹിക്കുന്നതുപോലെ സിനിമക്ക് അതിന്റേതായ സംവേദന മാധ്യമങ്ങളും സംവേദനശൈലിയും ഉണ്ട്. മറ്റെല്ലാ പ്രകടനകലകളും നാം കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ സിനിമ എന്ന കല കാണിക്കപ്പെടുകയും കേൾപ്പിക്കപ്പെടുകയുമാണ് ചെയ്യുന്നത്. അതായത് ഒരു ചിത്രം ഏതു രീതിയിലാണ് ഏതു വലിപ്പത്തിലാണ് ഏതു വീക്ഷണകോണിലൂടെയാണ് നമ്മുടെ ദൃഷ്ടിയിൽ പതിക്കേണ്ടത് എന്ന് തീരുമാനിക്കുന്നത് പ്രേക്ഷകനല്ല; ചലച്ചിത്ര സ്രഷ്ടാവാണ്. അതുപോലെ ശബ്ദം ഏതു സ്ഥായിയിലാണ്, ഏതു ശ്രുതിയിലാണ്, ഏതു താളത്തിലാണ് ശ്രോതാവിലെത്തേണ്ടത് എന്നു തീരുമാനിക്കുന്നതും ചലച്ചിത്ര സ്രഷ്ടാവാണ്. ഇത്തരത്തിൽ കരതലാമലകം പോലെ കൈയിലിട്ടു കളിക്കാവുന്ന ദൃശ്യശ്രാവ്യ സങ്കേതങ്ങളെ ബോധപൂർവം പ്രയോജനപ്പെടുത്തി അനുവാചകന് മറ്റൊരു കലയിൽ നിന്നും ലഭ്യമാകാത്ത അനിർവചനീയമായ അനുഭൂതി പകർന്നുകൊടുക്കാൻ ചലച്ചിത്രകാരന് കഴിയുന്നു.

മറ്റു തരത്തിലുള്ള ആശയ വിനിമയോപാധികൾക്ക് എത്തിപ്പിടിക്കാനാവാത്ത അനന്തസാദ്ധ്യതകൾ സിനിമക്കുണ്ട്. സിനിമ നമ്മിലേക്ക് പകരുന്നത് വെറും യാഥാർത്ഥ്യങ്ങളല്ല. യാഥാർത്ഥ്യങ്ങളുടെ ഉദാത്തവത്കരിക്കപ്പെട്ടതോ വിപുലീകരിക്കപ്പെട്ടതോ ആയ സംവേദന തലങ്ങളാണ്. അതായത് 'HEIGHTENED PERCEPTUAL GROUP OF REALITY' എന്നു വ്യാഖ്യാനിക്കപ്പെടുന്ന ഒരു പ്രത്യേകാനുഭൂതി. നമ്മുടെ ബോധമണ്ഡലത്തിൽ സിനിമ സൃഷ്ടിക്കുന്ന പ്രതികരണങ്ങളെപ്പറ്റി SLAVKO VORKAPICH എന്ന റഷ്യൻ ചലച്ചിത്രകാരൻ പറഞ്ഞിട്ടുള്ളതിങ്ങനെയാണ്: "It gives an inevitable optical and kinesthetic impact, an explosive magnification, a sudden leap forward". ചുരുക്കിപ്പറഞ്ഞാൽ അനുവാചക ഹൃദയത്തിൽ സിനിമക്ക് സൃഷ്ടിക്കുവാൻ കഴിയുന്ന പ്രതിചലനം മറ്റേതൊരു അനുഭവത്തെക്കാളും വേഗത കൂടിയതും ശക്തവുമാണെന്നർത്ഥം.

ചലനമാണ് ചലച്ചിത്രത്തിന്റെ ജീവൻ. ചലനത്തിന്റെ അർത്ഥവും ഭാവവും താളവും ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുള്ള ഒരാൾക്ക് മാത്രമേ ചലനത്തിന്റെ അപാരസാദ്ധ്യതകൾ അഭിവ്യഞ്ജിപ്പിക്കുവാൻ കഴിയൂ. സിനിമയിൽ ചലനം രണ്ടു തരത്തിലുണ്ട്. വസ്തുക്കളുടെ (OBJECTS) ചലനം. ക്യാമറയുടെ ചലനം. ഈ രണ്ടുതരം ചലനങ്ങളെയും അർത്ഥവത്തായി ഉപയോഗിച്ച് ഭാവതലങ്ങൾ സൃഷ്ടിക്കുവാൻ സർഗധനനായ ഒരു ചലച്ചിത്രകാരന് കഴിയും. ദൃശ്യസന്നിവേശത്തിൽ സംഭവിപ്പിക്കുന്ന ചലനവേഗതയും പ്രധാനമാണ്. മൊണ്ടാഷുകൾക്കുള്ളിൽ നിറഞ്ഞുവരുന്ന ഷോട്ടുകളുടെ ഘടനയിലൂടെയും അത്ഭുതങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. ദൃശ്യമേഖലയിൽ തെളിഞ്ഞുവരുന്ന ചിത്രങ്ങളെ അനുയോജ്യമായ ശബ്ദപശ്ചാത്തലം ഒതുക്കി ഉദാത്തവത്കരിക്കുവാനും പ്രത്യേക സിദ്ധിയും പരിശീലനവും ആവശ്യമാണ്. ഈ പറഞ്ഞ കാര്യങ്ങളിൽ നിന്നും സിനിമ മറ്റു പ്രകടന കലകളിൽ നിന്നും എപ്രകാരം വ്യത്യസ്തവും വ്യതിരിക്തവുമായിരിക്കുന്നുവെന്നും സ്വന്തവും സ്വതന്ത്രവുമായ ഒരു കലയായി നിലനിൽക്കുവാൻ നിരാക്ഷേപമായും നിസ്സംശയമായും സിനിമക്ക് അർഹതയുണ്ടെന്നും വ്യക്തമാകുന്നുണ്ടല്ലോ.

ഇത്തരം കാഴ്ചപ്പാടിലൂടെ സിനിമയെ കണ്ടെത്തുകയും വിലയിരുത്തുകയും ചെയ്യുമ്പോൾ മാത്രമേ സിനിമയുടെ യഥാർത്ഥ രൂപം നമുക്ക് മനസ്സിലാകുകയുള്ളൂ. മാദ്ധ്യമത്തിന്റെ ശക്തിവിശേഷങ്ങളെക്കുറിച്ച് സമഗ്രമായി പഠിക്കുകയും അവയുടെ നിസ്തന്ദ്രമായ പ്രയോഗം പരിശീലനത്തിലൂടെ സ്വാധീനമാക്കുകയും ചെയ്താൽ മാത്രമേ സിനിമയുടെ സ്വരൂപം വ്യക്തവും ഭദ്രവുമായ രീതിയിൽ പ്രേക്ഷകനു കാട്ടിക്കൊടുക്കുവാൻ ചലച്ചിത്രകാരന് കഴിയൂ. അപ്പോൾ മാത്രമേ സിനിമയുടെ തനിമ ഉൾക്കൊള്ളുവാനും ഈ അത്ഭുത സാങ്കേതിക കലയെ അതിന്റെ എല്ലാ ശക്തിവിശേഷങ്ങളോടും സൗന്ദര്യകല്പനകളോടും കൂടി സ്വാംശീകരിക്കുവാനും പ്രേക്ഷകൻ അർഹനും സജ്ജനും ആയിത്തീരുകയുള്ളൂ. ■



## ദ്വാരക എവിടെയായിരുന്നു?

ശ്രീകൃഷ്ണന്റെ രാജധാനി ദ്വാരക ഗുജറാത്തിലാണെന്ന് ഏവർക്കുമറിയാം. ഗുജറാത്തിലെവിടെ? ജാം നഗറിൽ എന്നാണിതുവരെ വിശ്വസിച്ചിരുന്നത്. എന്നാൽ ഉപഗ്രഹചിത്രങ്ങളിലൂടെ നടത്തിയ പഠനത്തിൽ കണ്ടെത്തിയിരിക്കുന്നത് ജുനഗഢിലായിരുന്നു ദ്വാരക എന്നാണ്. ഐ.എസ്.ആർ.ഒ.യിലെ ഡോ.പി.എസ്. താക്കർ ആണ് ഈ വെളിപ്പെടുത്തലിന് പിന്നിൽ.



## ഉയരത്തിലുള്ള റെയിൽപാത

ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള റെയിൽപാത ഏത്? പെറുവിലെ ആൻഡീസ് പർവതനിരയിലൂടെയുള്ള റെയിൽവേ ലൈൻ എന്നാണുത്തരമെങ്കിൽ തെറ്റി. അതിനെക്കാളുയരമുള്ള കിങ് ഹായ്-ടിബറ്റ് റെയിൽവേ ലൈനിന്റെ നിർമാണം ചൈന പൂർത്തിയാക്കി. 1965 കി. മീ. നീളമുള്ള ഈ പാത സമുദ്രനിരപ്പിൽ നിന്ന് 5072 മീറ്റർ ഉയരത്തിലാണ്.

## വാഹനങ്ങളിൽ ഇനി ഹൈഡ്രജനും

ഇനി ഹൈഡ്രജൻ ഉപയോഗിച്ചും വാഹനങ്ങളോടിക്കാം. ഹൈഡ്രജൻ ഉപയോഗിച്ച് വാഹനങ്ങൾ ഓടിക്കുന്ന രാജ്യത്തെ ആദ്യ പരീക്ഷണത്തിന് ഡൽഹിയിലെ ഫരീദാബാദിൽ ആരംഭമായി. ഇതിന്റെ ഭാഗമായ ഹൈഡ്രജൻ സാന്ദ്രീകൃത പ്രകൃതി വാതക വിതരണ കേന്ദ്രം കേന്ദ്രമന്ത്രി മണിശങ്കർ അയ്യർ ഉദ്ഘാടനം ചെയ്തു. നാലു വാഹനങ്ങളിൽ ഉപയോഗിക്കുന്ന പ്രകൃതിവാതകത്തിൽ അഞ്ചു ശതമാനം ഹൈഡ്രജൻ കൂട്ടിക്കലർത്തുകയാണ് ഇപ്പോൾ ചെയ്യുന്നത്. ഹൈഡ്രജന്റെ അളവ് ക്രമേണ വർധിപ്പിക്കാം. ഹൈഡ്രജനും ഈതനോളും ബയോഡീസലും മറ്റും വാഹനങ്ങളിൽ ഉപയോഗിക്കുന്നത് എണ്ണ ഇറക്കുമതി കുറയ്ക്കുന്നതിന് സഹായിക്കും.

## ആക്രമിക്കുന്ന മീൻ

പാമ്പിന്റെ തലയുള്ള നൂറുകണക്കിന് മത്സ്യങ്ങൾ വെർജീനിയയിലെ പോട്ടോമാക് നദിയുടെ പ്രാന്തപ്രദേശങ്ങൾ കീഴടക്കുന്നു. കരയിൽ ഇഴഞ്ഞു നടക്കാനും ശ്വസിക്കാനും കഴിയുന്ന ഇവ, പ്രകൃതി മത്സ്യങ്ങൾക്ക് വലിയ ഭീഷണിയായിത്തീർന്നിരിക്കുന്നുവത്രെ. ഈ ആക്രമണകാരിയെ നേരിടാൻ നാലേക്കർ വരുന്ന തടാകത്തിൽ വിഷം കലക്കിയിരിക്കുകയാണ് അധികൃതർ.




## സമൃദ്ധി ചുരത്തും റബ്ബർ

സമൃദ്ധി ചുരത്തും റബ്ബർ എന്ന ശീർഷകത്തിൽ പന്ത്രണ്ട് ഭാഗങ്ങളുള്ള പുതിയ പരമ്പര ആകാശവാണിയിൽ നവംബർ 5 മുതൽ ആരംഭിക്കുന്നു. ശനിയാഴ്ചകളിൽ വൈകുന്നേരം 6.50ന് കേരള നിലയങ്ങളെല്ലാം ഇത് പ്രക്ഷേപണം ചെയ്യും.

ഇൻ ഹൗസ് സോഫ്ട്വെയർ സ്കീം പ്രകാരം ആകാശവാണി തിരുവനന്തപുരം നിലയം റബ്ബർ ബോർഡിന്റെ സഹകരണത്തോടെ തയ്യാറാക്കി പ്രക്ഷേപണം ചെയ്യുന്ന പരമ്പര റബ്ബർ കൃഷിയുടെ ചരിത്രവും ഓരോ കാലഘട്ടങ്ങളിലൂടെ കൈവന്ന വികസനവും സമഗ്രതയോടെ ചർച്ച ചെയ്യുന്നു. റബ്ബർ ബോർഡ് ചെയർമാൻ സാജൻ പീറ്ററിന്റെ ആമുഖ സന്ദേശത്തോടെ പ്രക്ഷേപണമാരംഭിക്കുന്ന ഈ കാർഷിക പരമ്പരയിൽ റബ്ബർ ബോർഡിലെ വിജ്ഞാന വ്യാപന വികസന ഉദ്യോഗസ്ഥർ, ഗവേഷകർ, പരിണിതപ്രജ്ഞരായ ആദ്യകാല കൃഷിക്കാർ, പ്രാരംഭകാല ബോർഡ് ഉദ്യോഗസ്ഥർ എന്നിവരെല്ലാം പങ്കെടുക്കുന്നുണ്ട്. കേരളത്തിലെ റബ്ബർ കൃഷിയുടെ വികാസ-പരിണാമങ്ങളെ സൂക്ഷ്മമായി വിലയിരുത്തുന്ന പ്രക്ഷേപണമാണ് സമൃദ്ധി ചുരത്തും റബ്ബർ.



## ചൂടുകൂടിയ വർഷം



എല്ലാവർഷങ്ങളിലും വരൾച്ചയുടെ കെടുതികൾ ഉണ്ടാകാറുണ്ട്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഏറ്റവും ചൂട് കൂടിയ വർഷം ഏതെന്നു ചോദിച്ചാൽ 2005 എന്നാണ് നാസയിലെ ശാസ്ത്രജ്ഞർ ഉത്തരം തരിക. 2005 ആഗസ്റ്റിലാണത്രെ ചൂട് ഏറ്റവും കൂടിയത്. ഈ ചൂടേറൽ മത്സരത്തിൽ രണ്ടാം സ്ഥാനക്കാരി 2002-ാമാണ്ടാണ്. ആഗോളതാപനത്തിന്റെ വർധനവ് ആർട്ടിക് സമുദ്രത്തിലെ മഞ്ഞുപാളികളെ ഉരുക്കിത്തുടങ്ങിയിട്ടുമുണ്ടത്രെ.

## മലമ്പുഴ ഡാമിന് 50 വയസ്സ്

മലമ്പുഴ അണക്കെട്ട് നിർമാണം പൂർത്തീകരിച്ചതിന്റെ അമ്പതാം വാർഷികം ഒക്ടോബർ 19ന് ആഘോഷിച്ചു. കേരളത്തിലെ ഏറ്റവും വലിയ ജലസേചന പദ്ധതിയായ മലമ്പുഴ ഡാം 1955 ഒക്ടോബർ ഒമ്പതിനാണ് തമിഴ്നാട് മുഖ്യമന്ത്രി കെ. കാമരാജ് ഉദ്ഘാടനം ചെയ്തത്. അന്ന് പാലക്കാട്, മദിരാശിസർക്കാരിന്റെ കീഴിലായിരുന്നു. മധുര ജലസേചന ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ബ്രിട്ടീഷുകാരൻ ബാസിന്റെ നേതൃത്വത്തിൽ നടന്ന മലമ്പുഴയുടെ നിർമാണപ്രവർത്തനങ്ങൾക്ക് 1948-ൽ അന്നത്തെ പൊതുമരാമത്ത് മന്ത്രി കെ. ഭക്തവത്സയാണ് തറക്കല്ലിട്ടത്.

തെക്കേയിന്ത്യയിലെ പ്രധാന വിനോദകേന്ദ്രമായിരുന്ന മലമ്പുഴയുടെ പ്രതാപത്തിന് ഇപ്പോൾ മങ്ങലേറ്റിട്ടുണ്ട്. ടൂറിസം വികസനത്തിന് ലക്ഷങ്ങൾ ചെലവിട്ടു നിർമിച്ച പല പദ്ധതികളും പാളിപ്പോയി. വർഷത്തിൽ 18 ലക്ഷത്തോളം വിനോദസഞ്ചാരികൾ എത്തിയിരുന്നിടത്ത് ഇപ്പോൾ ഇതിന്റെ പകുതിപോലും എത്തുന്നില്ല. 50-ാം വാർഷികത്തോടനുബന്ധിച്ച് ഉദ്യാനവികസനത്തിന് മൂന്നരക്കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് ശരിയാംവണ്ണം ഉപയോഗപ്പെടുത്തിയാൽ പഴയ പ്രതാപം വീണ്ടെടുക്കാനാകും എന്ന് കരുതുന്നു.





## ടെൻഷനുകൾക്ക് ഇനി ഗുഡ്ബൈ

ജീവിതത്തിലെ മാനസിക പിരിമുറുക്കം മധ്യവയസ്സിലേ ഓർമശക്തി നഷ്ടപ്പെടുത്തുമെന്ന് യു.സി. ഇർവിൻ സ്കൂൾ ഓഫ് മെഡിസിൻ നടത്തിയ പഠനത്തിൽ കണ്ടെത്തി. പ്രത്യേകിച്ച് മാതാപിതാക്കളുടെ നഷ്ടമോ അവഗണനയോ ഒക്കെ ഉണ്ടാക്കുന്ന വൈകാരിക പിരിമുറുക്കം മധ്യവയസ്സാവുമ്പോൾ തന്നെ ഒരുതരം ഓർമക്കുറവ് സൃഷ്ടിക്കുമത്രെ. ഓർമശക്തിയെ മാത്രമല്ല കാര്യശേഷിയെയും ഗ്രഹിക്കാനുമുള്ള കഴിവിനെയുമൊക്കെ മാനസിക പിരിമുറുക്കം ബാധിക്കും. മാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് ടെൻഷനുണ്ടാക്കാതെ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലായിക്കാണുമല്ലോ.

# നോബൽ സമ്മാനം 2005



പ്രൊ. റോബർട്ട് ഗ്രബ്സ്


യെവ്സ്ഷൗവിൻ


പ്രൊ. റിച്ചാർഡ്ഷ്റോക്ക്


2005-ലെ രസതന്ത്രത്തിനുള്ള നോബൽ സമ്മാനത്തിനർഹരായവർ രണ്ട് ഫ്രഞ്ച് ശാസ്ത്രജ്ഞരും രണ്ട് അമേരിക്കൻ ശാസ്ത്രജ്ഞരുമാണ്. പാരീസിനടുത്ത് മൽമയ്സണിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫ്രാൻഷിയാസ് ഡ്യൂ പെട്രോളിലെ റിസർച്ച് വിഭാഗം ഓണററി ഡയറക്ടർ യെവ്സ്ഷൗവിൻ, കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ പ്രൊ. റോബർട്ട് ഗ്രബ്സ്, മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ പ്രൊ. റിച്ചാർഡ് ഷ്റോക്ക് എന്നിവരാണവർ. ചെലവു കുറഞ്ഞതും ഗുണമേന്മയേറിയതുമായ ഔഷധങ്ങളും രാസവസ്തുക്കളും പ്ലാസ്റ്റിക്കും പരമാവധി രാസമാലിന്യങ്ങൾ കുറച്ച് നിർമിക്കാൻ സഹായകമായ കണ്ടുപിടിത്തത്തിനാണ് അവാർഡ്. 'വലംവച്ചു നൃത്തം ചെയ്തുകൊണ്ട് പങ്കാളികളെ തമ്മിൽമാറ്റി' പുതിയ തന്മാത്രകൾ സൃഷ്ടിക്കപ്പെടുന്ന രാസമാറ്റം സംബന്ധിച്ച സിദ്ധാന്തമാണ് ഈ അവാർഡിലേക്ക് നയിച്ചത്.

വൈദ്യശാസ്ത്രത്തിനുള്ള 2005-ലെ നോബൽ പുരസ്കാരത്തിന് ആസ്ത്രേലിയക്കാരായ ബാരി മാർഷിലും റോബിൻ വാറനും അർഹരായി. ഉദരത്തിലെ അൾസറിനും അജീർണത്തിനും കാരണമായ 'ഹെലികോ ബാക്ടർ പൈലോറി' എന്ന ബാക്ടീരിയയെ കണ്ടെത്തിയതിനാണ് സമ്മാനം.


റോബിൻ വാറൻ


ബാരി മാർഷൽ


ജോൺ എൽ.ഹാൾ


റോയി ജെ. ഗ്ലോബർ


ഡബ്ല്യൂ.ഹെൻഷ്

ഊർജതന്ത്രത്തിനുള്ള നോബൽ സമ്മാനം പങ്കിട്ടത് അമേരിക്കക്കാരായ ജോൺ എൽ. ഹാൾ, റോയി ജെ. ഗ്ലോബർ, ജർമൻകാരനായ തിയോഡർ ഡബ്ല്യൂ. ഹെൻഷ് എന്നിവരാണ്. ലേസർ അടിസ്ഥാനത്തിലുള്ള സ്പെക്ട്രോസ്കോപ്പി വികസിപ്പിക്കുന്നതിനും വിദ്യുത്കാന്തിക വികിരണങ്ങളുടെ ആവൃത്തി വ്യതിയാനത്തെ അടിസ്ഥാനമാക്കിയുള്ള സ്ഥാനനിർണയത്തിനും നല്കിയ സംഭാവനകൾ മാനിച്ചാണ് ഹാളിനും ഹെൻഷിനും പുരസ്കാരം. പ്രകാശ സംശ്ലേഷണത്തെ സംബന്ധിച്ച ക്വാണ്ടം സിദ്ധാന്തത്തെ അധികരിച്ചുള്ള സംഭാവനകൾക്കാണ് ഗ്ലോബറിന് അവാർഡ്.

2005-ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം അന്താരാഷ്ട്ര ആണവോർജ ഏജൻസി (ഐ.എ.ഇ.എ)യും സംഘടനയുടെ ഡയറക്ടർ ജനറൽ മുഹമ്മദ് അൽ ബറാദിയും പങ്കുവച്ചു. ആണവ നിർവ്യാപനത്തിന് നല്കിയ സംഭാവനകൾ മാനിച്ചാണ് ബഹുമതി. ആണവോർജം സൈനിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയുന്നതിലും അതിന്റെ സമാധാനപരമായ ലക്ഷ്യങ്ങൾ ഉറപ്പാക്കുന്നതിലും അൽബറാദിയും ഐ.എ.ഇ.എയും നല്കുന്ന സേവനങ്ങളാണ് പരിഗണിച്ചത്.

ഐഎഇഎ



മുഹമ്മദ് അൽ ബറാദി

ലോകത്ത് ആണവ ഭീഷണി വർധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിനെതിരായി ആഗോള സഹകരണമുണ്ടാക്കുന്നതിൽ യു.എൻ ഏജൻസിയും അതിന്റെ അധ്യക്ഷനും വിജയിച്ചിട്ടുണ്ടെന്ന് നോബൽ കമ്മിറ്റി വിലയിരുത്തി.

സാഹിത്യത്തിനുള്ള നോബൽ പുരസ്കാരം ലഭിച്ചത് ലണ്ടൻ നാടകകൃത്ത് ഹരോൾഡ് പിന്റിനനാണ്. 'ദ ബർത്ത് ഡേ പാർട്ടി', 'ദ കെയർ ടേക്കർ' തുടങ്ങിയ വിഖ്യാതകൃതികളിലൂടെ മൗനത്തിന്റെ അനന്തസാദ്ധ്യതകൾ കണ്ടെത്തി 'പിന്ററസ്ക്യൂ' എന്ന് ഇപ്പോൾ അറിയപ്പെടുന്ന ശൈലിക്കു തന്നെ തുടക്കം കുറിച്ച സാഹിത്യകാരനാണ് ഇദ്ദേഹം.


ഹരോൾഡ്പിന്റർ

ധനതത്ത്വശാസ്ത്രത്തിനുള്ള 2005-ലെ നോബൽ സമ്മാനം ഇസ്രയേൽകാരനായ റോബർട്ട് ഒമൻ, അമേരിക്കക്കാരനായ തോമസ് ഷെല്ലിംഗ് എന്നിവർ പങ്കുവച്ചു. യുദ്ധങ്ങൾക്കു പോലും കാരണമായേക്കാവുന്ന അന്താരാഷ്ട്ര വ്യാപാര വാണിജ്യ തർക്കങ്ങൾ പരിഹരിക്കാനുതകുന്ന 'ഗെയിം തിയറി അനാലിസിസ്' ആവിഷ്കരിച്ചതിനാണ് സമ്മാനം. നിരായുധീകരണ സുരക്ഷിതത്വ നയങ്ങൾ, വിപണിവില നിജപ്പെടുത്തൽ തുടങ്ങി സാമ്പത്തിക രാഷ്ട്രീയ നീക്കുപോക്കുകൾക്ക് ഒമാന്റെയും ഷെല്ലിംഗിന്റെയും പഠനങ്ങൾ സഹായകമായി.


റോബർട്ട്ഒമൻ


തോമസ്ഷെല്ലിംഗ്

## ജർമനിയിലെ ആദ്യ വനിതാ ചാൻസലർ

ജർമനിയിലെ ആദ്യ വനിതാ ചാൻസലറായി ആഞ്ചല മെർക്കൽ തെരഞ്ഞെടുക്കപ്പെട്ടു. മുൻ ചാൻസലറായ ഷ്റോഡറുടെ പാർട്ടിയായ സോഷ്യൽ ഡെമോക്രാറ്റുകളും മെർക്കലിന്റെ പാർട്ടി ക്രിസ്ത്യൻ ഡമോക്രാറ്റുകളും ചേർന്ന് വിശാലമുന്നണി ജർമനിയിൽ രൂപീകൃതമായി. ഭരണപക്ഷവും പ്രതിപക്ഷവും ചേർന്ന ഭരണം; 70% പാർലമെന്റംഗങ്ങളുടെ പിന്തുണയോടെയുള്ള ഭരണം. തെരഞ്ഞെടുപ്പിൽ ഭരണമുന്നണിയ്ക്കോ പ്രതിപക്ഷത്തിനോ വ്യക്തമായ ഭൂരിപക്ഷം ലഭിക്കാത്തതിനെ തുടർന്നാണ് വിശാലമുന്നണി രൂപീകൃതമായത്.



## എത്യോപ്യൻ പ്രധാനമന്ത്രി

എത്യോപ്യയിലെ പ്രധാനമന്ത്രിയായി മെലസ് സെനാവിയെ പാർലമെന്റ് തെരഞ്ഞെടുത്തു. മൂന്നാം വട്ടമാണ് സെനാവി പ്രധാനമന്ത്രിയാവുന്നത്. അടുത്ത അഞ്ചുവർഷം സെനാവി പ്രധാന മന്ത്രിയായി തുടരും.



## മഹാശ്വേതാ ദേവി

ദേശീയോദ്ഗ്രഥനത്തിനുള്ള കഴിഞ്ഞ വർഷത്തെ ഇന്ദിരാഗാന്ധി അവാർഡ് പ്രശസ്ത ബംഗാളി എഴുത്തുകാരി മഹാശ്വേതാ ദേവിക്ക്. സാമുദായിക സൗഹാർദവും ദേശീയോദ്ഗ്രഥനവും ശക്തിപ്പെടുത്താൻ നടത്തിയ പ്രവർത്തനങ്ങൾ കണക്കിലെടുത്താണ് അവാർഡ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് അതിന്റെ ശതാബ്ദി വർഷത്തിൽ ഏർപ്പെടുത്തിയ അവാർഡ് 1.51 ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ്.



# ശബരിമല

ഇതുപോലെ മറ്റൊന്നുണ്ടാവില്ല. മതസൗഹാർദത്തിന്റെ മകുടോദാഹരണമായി, ശബരിമല തീർത്ഥാടനം വീണ്ടും തുടങ്ങുകയായി. വൃശ്ചികപ്പൂമ്പുലരിയിൽ എരുമേലി ശ്രീധർമശാസ്താ ക്ഷേത്രവും മോസ്കും വലംവച്ചു തുടങ്ങുന്ന പ്രയാണം, കാളകെട്ടിയും അഴുതപ്പുഴയും കല്ലിടാംകുന്നും കഴിഞ്ഞ്, കരിമല കയറ്റിറക്കങ്ങളുടെ കഠിനതയുമറിഞ്ഞ്, പമ്പയിൽ കുളിച്ച്, സന്നിധാനത്തെത്തുമ്പോൾ, ശരണംവിളികൾക്ക് പാഠഭേദങ്ങളില്ല; ജാതി-മത ഭേദങ്ങളുമില്ല. ലോകത്തിലെ തന്നെ ഏറ്റവും അധികം ആളുകൾ ഒന്നിക്കുന്ന ഉത്സവമായ മകരവിളക്കിന് അലൗകിക ദർശനമായി തെളിയുന്ന മകരജ്യോതി.

*ചിത്രങ്ങൾ : ദുർഗ്ഗാശങ്കർ*



*ശബരിമല സന്നിധാനം*



*വാവരുപള്ളി*



*പൊന്നമ്പലമേട്ടിലെ വാച്ച്ടവർ*



*കാളകെട്ടി ശിവക്ഷേത്രം*





ഉപ്പുപാറയിൽ നിന്നുള്ള ദൃശ്യം




ശബരീപീഠം





പൊന്നമ്പലമേട്ടിലെ കുളം

ബി. മനോജ്

# വെബ് സൈറ്റുകളിലെ

സാധാരണ ഡേറ്റാ എൻട്രി ജോലികൾക്ക് ഉപയോഗിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി ഡൈനാമിക് ഫോണ്ടുകളാണ് വെബ് സൈറ്റുകളിൽ ഉള്ളടക്ക വിന്യാസത്തിന് ഉപയോഗിക്കുന്നത്. ഇംഗ്ലീഷിന്റെ കാര്യത്തിൽ എല്ലാ ഡൈനാമിക് ഫോണ്ടുകളും മറ്റ് ഇംഗ്ലീഷ് ഫോണ്ടുകൾക്ക് അനുരൂപമായവയാണ് (Font Compatibility). എന്നാൽ മലയാളത്തിന്റെ കാര്യത്തിൽ സ്ഥിതി ഇങ്ങനെയല്ല. മലയാളത്തിലുള്ള വെബ് സൈറ്റുകളുടെ പ്രധാന പരിമിതികളിൽ ഒന്നാണിത്.

**എന്താണ് ഡൈനാമിക് ഫോണ്ടുകൾ**

വെബ് സൈറ്റുകളിലെയും ഒപ്പം ഡാറ്റാ എൻട്രി ജോലികൾ ഉൾപ്പെടെയുള്ള എല്ലാ ഉള്ളടക്കങ്ങളിലെയും ലിപിവിന്യാസത്തിന് ഒരുപോലെ ഉപയോഗിക്കാൻ കഴിയുന്ന ഫോണ്ടുകളെയാണ് ഡൈനാമിക് ഫോണ്ടുകൾ എന്നു പറയുന്നത്. വെബ് സൈറ്റുകളിൽ അവലംബിക്കുന്ന ഇത്തരം ഫോണ്ടുകളെ വെബ് ഫോണ്ടുകൾ എന്നും പറയാറുണ്ട്. ഈ ഫോണ്ടുകൾ മുകളിൽ പരാമർശിച്ച രണ്ടുകാര്യങ്ങൾക്കും അനുഗുണമായതും പൊരുത്തമുള്ളതുമാണ്. ഫോണ്ടുകളുടെ ഇത്തരം ഇണക്കം ഇംഗ്ലീഷ് ഫോണ്ടുകളിൽ എല്ലായ്പോഴും ഉണ്ട്. അതായത് ഡൈനാമിക് ഫോണ്ടിലെ ഇംഗ്ലീഷ് ഉള്ളടക്കം കമ്പ്യൂട്ടറിൽ പകർത്തി (Copy) ഡൈനാമിക് അല്ലാത്ത ഒരു ഇംഗ്ലീഷ് ഫോണ്ടിലേക്ക് വിന്യസിച്ചാൽ (Paste) അക്ഷരങ്ങൾക്കോ ഉള്ളടക്കത്തിനോ യാതൊരുവ്യത്യാസവും വരില്ല. ഫോണ്ടുകൾക്ക് തമ്മിൽ അനുരൂപത (Compatibility) അഥവാ പൊരുത്തമുള്ളതു കൊണ്ടാണിങ്ങനെ സംഭവിക്കുന്നത്.

**ഡൈനാമിക് ഫോണ്ടുകളുടെ പ്രയോഗവും പ്രശ്നങ്ങളും**


മലയാളത്തിലുള്ള ഒരു വെബ് സൈറ്റിലുപയോഗിച്ചിരിക്കുന്ന ഡൈനാമിക് ഫോണ്ടിലെ ഉള്ളടക്കം കോപ്പി ചെയ്ത് ഡൈനാമിക് അല്ലാത്ത മറ്റൊരു മലയാളം ഫോണ്ടിലേക്ക് വിന്യസിച്ചാൽ ഉള്ളടക്കം വായിച്ചെടുക്കാൻ കഴിയാത്തവിധം ദൃശ്യമാക്കും. എന്നാൽ ഇവിടെ ചെയ്ത Copy & Paste പ്രക്രിയ ഒരേ ഫോണ്ടുകളിലാണെങ്കിൽ ബുദ്ധിമുട്ടുണ്ടാവില്ല. അതായത് വെബ് സൈറ്റിൽ ഉപയോഗിച്ചിരിക്കുന്ന ഡൈനാമിക് ഫോണ്ട് നിങ്ങളുടെ കംപ്യൂട്ടറിലുമുണ്ടെങ്കിൽ ഇത്തരം കോപ്പി & പേസ്റ്റ് പ്രക്രിയകൾ ഉള്ളടക്ക ലഭ്യതയ്ക്ക് യാതൊരു തടസ്സവുമുണ്ടാക്കില്ല.

ഇവിടെ പ്രത്യേകമായി പറയേണ്ട ഒരുകാര്യം: വെബ് സൈറ്റിലെ മലയാളം ഉള്ളടക്കം കാണുവാൻ ആ സൈറ്റിൽ ഉപയോഗിച്ചിരിക്കുന്ന വെബ് ഫോണ്ട് അഥവാ ഡൈനാമിക് ഫോണ്ട് കമ്പ്യൂട്ടറിൽ ഉണ്ടാകണമെന്ന് നിർബന്ധമില്ല. മറിച്ച് ആ ഉള്ളടക്കം വെബ് സൈറ്റിൽ നിന്ന് പകർത്തി എടുക്കുകയും ആവശ്യാനുസരണം എഡിറ്റു ചെയ്യുകയും ചെയ്യണമെങ്കിൽ പ്രസ്തുത ഫോണ്ട് കമ്പ്യൂട്ടറിൽ വേണമെന്ന് മാത്രം. എന്നാൽ വെബ് സൈറ്റിൽ ഉപയോഗിച്ചിരിക്കുന്ന അതേ ഫോണ്ട് തന്നെ നമ്മുടെ കമ്പ്യൂട്ടറിൽ ഇല്ലെങ്കിലും അനുരൂപതയുള്ള ഫോണ്ട് ഉണ്ടെങ്കിൽ ഇത്തരം കോപ്പി, പേസ്റ്റ്, എഡിറ്റ് ജോലികൾ ചെയ്യാനാവും.

ഉദാഹരണത്തിന് MLBWTT Karthika എന്ന ഫോണ്ടാണ് ഒരു വെബ് സൈറ്റിലെ മലയാളം ഫോണ്ട് എന്നിരിക്കട്ടെ. ഈ ഫോണ്ടിൽ വിന്യസിച്ചിരിക്കുന്ന ഉള്ളടക്കം കോപ്പിചെയ്ത് MLWTT Karthika എന്ന ഫോണ്ടിലേക്ക് തടസ്സമില്ലാതെ വിന്യസിക്കാനും അതിൽ എഡിറ്റു ചെയ്യാനും കഴിയും. കാരണം MLBWTT Karthika എന്ന ഡൈനാമിക് ഫോണ്ട് അഥവാ വെബ് ഫോണ്ട് MLWTT Karthika എന്ന ഫോണ്ടിന് അനുരൂപമായതാണ്. (വെബ് ഫോണ്ടാണ് എന്ന് തിരിച്ചറിയാൻ ഫോണ്ടുകളുടെ പേരുകളിലുള്ള W എന്ന സൂചന ശ്രദ്ധേയം) എന്നാൽ MLBWTT Karthika ഫോണ്ടിൽ വിന്യസിച്ചിരിക്കുന്ന ഉള്ളടക്കം അതിന് അനുരൂപമല്ലാത്ത മറ്റേതെങ്കിലും ഫോണ്ടിൽ (ഉദാ: ശ്രുതി, ഇന്ദുലേഖ, സാരഥി, ഉർവ്വശി) വിന്യസിച്ചാൽ ഉള്ളടക്കം വായിച്ചെടുക്കാൻ കഴിയില്ല. (സംസ്ഥാന ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് വെബ്



# മലയാളം ഫോണ്ടുകൾ




സൈറ്റിൽ “www.prd.kerala.gov.in’. മലയാളത്തിലുള്ള പത്രക്കുറിപ്പ് നൽകിയിരിക്കുന്നത് MLBWTT Karthika എന്ന ISM ഫോണ്ടിലാണ്).

ഡൈനാമിക് ഫോണ്ട് ഉപയോഗിച്ചുള്ള ഒരു മലയാളം വെബ് സൈറ്റിലെ ഉള്ളടക്കം വായനയക്ക് തടസ്സമില്ലാതെ എല്ലാ കമ്പ്യൂട്ടറുകളിലും ബ്രൗസറിന്റെ സഹായത്തോടെ ലഭ്യമാകും. അങ്ങിനെ ലഭ്യമായില്ലങ്കിൽ അതിനുകാരണം വെബ് സൈറ്റിലെയോ വെബ് സൈറ്റ് പരിപാലനത്തിലെയോ വെബ് സൈറ്റുകളിലേക്ക് ഉള്ളടക്കം അപ്‌ലോഡു ചെയ്യുന്നതിലെയോ തകരാറോ പിശകോ ആയിരിക്കും. ഇങ്ങനെ വരുമ്പോൾ വെബ് സൈറ്റിൽ ഉപയോഗിച്ചിരിക്കുന്ന ഡൈനാമിക് ഫോണ്ട് കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തും യൂസർ ഡിഫൈൻ നൽകിയും പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാം.

ഡൈനാമിക് അല്ലാതെയുള്ള വെബ് ഫോണ്ടുകളും ഇപ്പോൾ ഉപയോഗിച്ചു വരുന്നുണ്ട്. ചില സൈറ്റുകളിൽ ഹോം പേജിൽ തന്നെ അതിൽ ഉപയോഗിച്ചിരിക്കുന്ന ഫോണ്ടുകൾ ഡൗൺ ലോഡുചെയ്യാനുള്ള സംവിധാനം ഒരുക്കിയിരിക്കുന്നത് ഇത്തരം സാഹചര്യത്തിലാണ്. അപ്രകാരം ഫോണ്ട് ഡൗൺലോഡ് ചെയ്താൽ ആ ഫോണ്ട് ആ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്യപ്പെടുകയും പ്രസ്തുത സൈറ്റിലെ ഉള്ളടക്കം തടസ്സമില്ലാതെ ലഭ്യമാവുകയും ചെയ്യും. ഫോണ്ട് കംപ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തതിനാൽ കോപ്പി, എഡിറ്റ് എന്നീ പ്രക്രിയകൾക്കും തടസ്സമുണ്ടാകില്ല. പല പ്രശസ്ത മലയാളപത്രങ്ങളുടെയും വെബ് സൈറ്റുകൾ ഡൈനാമിക് ഫോണ്ടുകൾ ഉപയോഗിച്ചുള്ളതാണ്. അവയിൽ പലരും സ്വന്തമായി മലയാളം ഡൈനാമിക് ഫോണ്ട് രൂപകല്പന ചെയ്ത് സെർവറിൽ വിന്യസിക്കുകയും വെബ് സൈറ്റ് പരിപാലിച്ചു വരികയും ചെയ്യുന്നവരാണ്.

**ഫോണ്ടുകളും ഡൈനാമിക് ഫോണ്ടുകളും മലയാളത്തിൽ**

ഏതാണ്ട് 30 ലധികം മലയാളം ഫോണ്ടുകൾ സർവസാധാരണമായി ഉപയോഗിച്ചു വരാറുണ്ട്. അതിലുമധികം പ്രചാരത്തിലുമുണ്ട്. ആകെ എത്ര മലയാളം ഫോണ്ടുകൾ രൂപകല്പനചെയ്യപ്പെട്ടിട്ടുണ്ട് എന്നു ചോദിച്ചാൽ കൃത്യമായ കണക്കെടുപ്പ് നടന്നിട്ടില്ല എന്നേ പറയാനാവൂ. ഇതിൽ തന്നെ എത്ര ഡൈനാമിക് ഫോണ്ടുകൾ പ്രചാരത്തിൽ ഉണ്ട് എന്നു ചോദിച്ചാൽ വിരലിലെണ്ണാവുന്നതേയുള്ളൂ എന്ന് ഉത്തരം. ISM പാക്കേജിലുള്ളതും അടുത്തിടെ CDACന്റെയും CDITന്റെയും സംഭാവനയായിട്ടുള്ളതും പിന്നെ സ്വകാര്യ പത്രസ്ഥാപനങ്ങൾ സ്വന്തം ആവശ്യത്തിന് രൂപകല്പന ചെയ്തെടുത്തവയുമാണ് അവയിൽ ഏറ്റവും കൂടുതലായി ഉപയോഗിച്ചു വരുന്നത്. ഇതിൽ തന്നെ പലതും സ്വതന്ത്ര സോഫ്റ്റ്‌വെയറുകളല്ലാത്തതിനാൽ അനധികൃതമായി കോപ്പി ചെയ്ത് ഉപയോഗിക്കുന്നത് നിലവിലുള്ള കോപ്പി റൈറ്റ് നിയമത്തിന്റെ ലംഘനവുമാണ്.

സാധാരണ ഫോണ്ടുകൾക്കുള്ളത്ര ലേ ഔട്ട് & എഡിറ്റിംഗ് സൗകര്യം ഡൈനാമിക് ഫോണ്ടുകൾ ഉപയോഗിക്കുമ്പോൾ കിട്ടില്ല. അതുകൊണ്ടു തന്നെ ഭംഗിയുള്ള ലേ ഔട്ട് നൽകി കടലാസിൽ അച്ചടിക്കും പോലെ വെബ് സൈറ്റുകളിൽ ഉള്ളടക്കം വിന്യസിക്കുക ശ്രമകരമാണ്. വാർത്തകളുടെ കാര്യത്തിൽ എത്രയും പെട്ടന്ന് അത് സൈറ്റിൽ ലഭ്യമാക്കുക എന്ന ലക്ഷ്യംകൂടിയുള്ളതുകൊണ്ട് ആരും അതിന് മിനക്കെടാറുമില്ല. മാത്രമല്ല പുതിയ വാർത്തകൾക്ക് പഴയ വാർത്തകൾ സൈബർ സ്പേയ്സിൽ നിന്നും വഴിമാറിക്കൊടുക്കുകയാണ് സാധാരണ വാർത്താധിഷ്ഠിത സൈറ്റുകളിൽ പതിവ്. (വാർത്തകൾ ആർക്കൈവ് ചെയ്യുന്ന സൈറ്റുകൾ മലയാളത്തിലുണ്ട്. സംസ്ഥാന ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് സൈറ്റിൽ വാർത്തകളും വാർത്താചിത്രങ്ങളും ആർക്കൈവ് ചെയ്തിട്ടുണ്ട്. സെർച്ച് വഴി ആവശ്യാനുസരണം ലഭ്യമാക്കുന്ന സംവിധാനവും ഒരുക്കിയിട്ടുണ്ട്).

വെബ് സൈറ്റിൽ മലയാള ലിപികളുടെ വിന്യാസം പോലെ നിരവധി പരിമിതികൾ ആധുനിക സാങ്കേതിക - പ്രത്യേകിച്ച് വിവരസാങ്കേതിക - വിദ്യകൾക്ക് മുന്നിൽ മലയാളം നേരിട്ടുകൊണ്ടിരിക്കുകയാണ്. ആധുനിക സാങ്കേതിക വിദ്യകൾക്ക് മലയാളി വഴങ്ങുകയും അവയോട് ഇണങ്ങുകയും ചെയ്തതുപോലെ മലയാളത്തിന് കഴിഞ്ഞിട്ടില്ല എന്നതുതന്നെ കാരണം. ■